സമൂഹവും പരിസ്ഥിതിപ്രശ്നങ്ങളും മാർ ഗ്രീഗോറിയോസിന്റെ വീക്ഷണത്തിൽ

വെരി. റവ. എം. എസ്. സഖറിയ റമ്പാൻ

അദ്ധ്യായം 1

പ്രവേശകം

പരിസ്ഥിതിവിജ്ഞാനം ഈ കാലഘട്ടത്തിലെ ഏറ്റവും പ്രാധാന്യമുള്ളതും സവിശേഷചിന്തയും പരിഗ ണനയുമർഹിക്കുന്നതുമായ വിഷയമായി മാറിയിരിക്കുകയാണ്. ഉത്ക്കണ്ഠ നിറഞ്ഞതും അതീവ നിർണ്ണാ യകവുമായ പരിസ്ഥിതി ഇന്ന് അപകടമേഖലകളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ പ്രതിഭാസം, നമുക്കായി സൃഷ്ടിക്കപ്പെട്ട പ്രപഞ്ചത്തോടുള്ള ബന്ധത്തെ സംബന്ധിച്ച് ഗൗരവമായ ഒരു ചോദ്യം ഉയർത്തു ന്നുണ്ട്. കൂടാതെ അത് നമ്മിൽ നിന്നും സത്യസന്ധവും ആത്മാർത്ഥവുമായ ഒരു പ്രതികരണം ആവശ്യപ്പെ ടുന്നുമുണ്ട്.

മനുഷ്യന്റെ പല ചെയ്തികളും അന്തരീക്ഷത്തിൽ അതിന്റെ ഉയർന്ന തട്ടുകളിലും ആഘാതവും ശക്തി യായ വിപരീത സ്വാധീനവും സൃഷ്ടിക്കുന്നുണ്ട്. ഉദാഹരണത്തിന് കൽക്കരി, പെട്രോൾ, ഡീസൽ, മണ്ണെണ്ണ തുടങ്ങിയ ഇന്ധനങ്ങൾ കത്തിക്കുമ്പോൾ അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡ്, കാർബൺ മോണോക്സൈഡ് തുടങ്ങിയ മാരകവാതകങ്ങളുടെ അളവ് ആനുപാതികമല്ലാത്ത അളവുകളിൽ വർദ്ധി ക്കുകയും അന്തരീക്ഷോഷ്മാവ് ഉയരുകയും കാലക്രമേണ ഗുരുതരമായ കാലാവസ്ഥാ വ്യതിയാനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. മനോഹരങ്ങളായ അനേകം ഭൂപ്രദേശങ്ങൾ നശിച്ചു പോകുന്നതിനും അതിമനോഹരവും അത്യാകർഷകവും കാഴ്ചമാത്രയിൽ നമ്മിൽ അതീവ താല്പര്യമുണർത്തുന്നതുമായ ഒട്ടനവധി പക്ഷികൾക്കും ജന്തുജാലങ്ങൾക്കും വംശനാശം സംഭവിക്കുന്നതിനും നാം ദൃക്സാക്ഷിക ളായിക്കൊണ്ടിരിക്കും. നമുക്കു ചുറ്റുമുള്ള ഈ അന്തരീക്ഷത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഇത്തരം പരി സ്ഥിതി അപകടങ്ങളെ നമുക്ക് പാടെ തള്ളിക്കളയാനാവില്ല. ആധുനിക മനുഷ്യൻ ഈ ഭൂമിയുടെയും മനഷ്യ വർഗ്ഗത്തിന്റെ നിലനിൽപ്പിനെപ്പറ്റിയും ഭയചകിതനാണ്. സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഈ ഭൂമുഖത്തുള്ള മനുഷ്യരുൾപ്പെടെയുള്ള സകല ജീവജാലങ്ങളും അവയുടെ നിലനിൽപ്പിനുവേണ്ടി പരസ്പരം ആശ്രയി ച്ചാണ് കഴിയുന്നത്.

ആധുനിക ശാസ്ത്രവും സാങ്കേതിക വിദ്യകളും മനുഷ്യന്റെ ചുറ്റുപാടുകളെ മാറ്റിയെടുക്കാൻ വളരെ പ്രചോദനവും പ്രേരണയും നൽകിയെന്ന സത്യം നിഷേധിക്കാനാവില്ല. അങ്ങനെ മാറ്റപ്പെട്ടവയിൽ ചിലത് ഒരിക്കലും മുൻസ്ഥിതിയിലേക്ക് കൊണ്ടുവരാൻ പറ്റാത്ത രീതിയിൽ മാറ്റപ്പെട്ടു കഴിഞ്ഞു. ഭാവിയിൽ മനു ഷ്യന് ഭൂമിയിൽ നിലനിൽക്കുന്നതിൽ മാത്രമല്ല, ഭാവിതലമുറകൾക്ക് ഇവിടെ ജീവിക്കാൻ ജന്മാവകാശമു ണ്ടെന്നും ജീവജാലങ്ങളുടെ ആവാസം കൊണ്ട് ധന്യമായ ഈ ഭൂമിയിൽ ശുദ്ധവായുവും ശുദ്ധജലവും അനുഭവിച്ചും ആസ്വദിച്ചും തലമുറകളായി മുന്നേറുവാനുള്ള സാഹചര്യങ്ങളുണ്ടാക്കുവാനുള്ള ഉത്തരവാ ദിത്തം നമുക്കുണ്ട് എന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഈ പഠനത്തിന്റെ ആവശ്യകത

ദൈവവും മാനവരാശിയും പ്രകൃതിയും തമ്മിലുള്ള പരസ്പര ബന്ധത്തെപ്പറ്റിയുള്ള വേദശാസ്ത്ര ധാരണ രൂപീകരിക്കുന്നതിനും അത് പഠിച്ച് മനസ്സിലാക്കുന്നതിനും ക്രിസ്തീയ ചിന്തകന്മാർ ആവശ്യാപേക്ഷി തമായി പരിശ്രമം നടത്തേണ്ടിയിരിക്കുന്നു.

ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ഈ മനോഹര ലോകത്തെപ്പറ്റിയുള്ള ഒരു പുതിയ ധാരണയ്ക്കും അറി വിനും വേണ്ടിയുള്ള ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയുടെ ശ്രമങ്ങളും, അന്വേഷ ണങ്ങളും, പ്രത്യേകം ശ്രദ്ധയർഹിക്കുന്നു.

മാർ ഗ്രീഗോറിയോസ് പറയുന്നു, മാനവരാശിയുടെ നിലനിൽപ്പിന്റേയും ജീവിതത്തിന്റെയും നിലവാര മേന്മ മാത്രം ഈ ഭൂമിയിൽ ഉയർത്താൻ ശ്രമിക്കുമ്പോൾ അതിന്റെ അർത്ഥത്തെപ്പറ്റി നാം നമ്മോട് തന്നെ പുതിയതായി ചോദിക്കാൻ തുടങ്ങണം എന്ന കാര്യം അംഗീകരിച്ചേ പറ്റു. ഇതിനു മതിയായ കാരണങ്ങ ളുടെ പിൻബലവുമുണ്ട്.

പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളോടുള്ള നമ്മുടെ സാമൂഹികവും സാമ്പത്തികവുമായ നയവും ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും സ്വാധീനവും വേദശാസ്ത്രപരമായ സമീപനവും ഭാവി യുടെ എല്ലാ തലങ്ങളേയും ആഴത്തിൽ സ്പർശിക്കുകയും, ഭാവി തലമുറകൾക്ക് അവരവരുടെ ചുറ്റുപാടു കളുമായി ഒത്തുചേർന്നു പോകുന്നതിനുള്ള കഴിവിനേയും സാധ്യതയേയും ബാധിക്കുകയും ചെയ്യും. അതുകൊണ്ട് പരിസ്ഥിതി നിലനിർത്തേണ്ടതിന്റെ ആവശ്യം ഈ വിഷയത്തിലെ വേദശാസ്ത്രപ്രതിഫല നത്തെ ചൂണ്ടികാണിക്കുന്നു. ഈ പ്രതിഫലനം ദൈവവും മാനവരാശിയും പ്രസ്തുത ഈ ലോകവുമായുള്ള

പരസ്പര ബന്ധത്തിന്മേലാണ് കേന്ദ്രീകരിക്കുന്നത്. ഇന്നു നമ്മുടെ മുന്നിലുള്ള പരിസ്ഥിതിപ്രശ്നവും ഈ വിഷയത്തിൽ മാർ ഗ്രിഗോറിയോസിന്റെ കാഴ്ചപ്പാടും ഇവിടെ വിലയിരുത്താൻ ശ്രമിക്കുകയാണ്.

പരിധികളും പരിമിതികളും

ഇന്ന് ഈ വിഷയത്തെ ആസ്പദമാക്കിയുള്ള അനേകം പ്രസിദ്ധീകരണങ്ങളും ഒട്ടനവധി രേഖകളും സുലഭമാണ്. പ്രാധാന്യമുള്ള മറ്റു വിഷയങ്ങളിൽ എന്നതു പോലെ തന്നെ, ഈ വിഷയത്തിലും മതചിന്തകരും, ധനതത്വശാസ്ത്രജ്ഞന്മാരും, ശാസ്ത്രജ്ഞന്മാരും കൂട്ടായി ചിന്തിക്കുകയാണ്. ക്രിസ്തീയ ചിന്തകരും സഭാനേതാക്കന്മാരും ഒന്നിച്ച് സ്വയം ഈ വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ്. അനുദിനം ഈ രീതികളിലുള്ള ശ്രമം അതിന്റെ പരപ്പിലും ആഴത്തിലും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തീയ വേദശാസ്ത്ര പാഠ്യവിഷയത്തിന്റെ ഭാഗമായ ഈ പഠനപ്രബന്ധത്തിന് പരിസ്ഥിതിപ്രശ്നങ്ങളെപ്പറ്റി ഒരു അവഗാഹവും അവബോധവുമുണ്ടാക്കാനും ഈ വിഷയത്തിൽ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ സമീപനത്തെയും വീക്ഷണത്തെയും വിശകലനം ചെയ്യുന്നതിനും സാദ്ധ്യമാകണമെന്ന ചിന്തയിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്.

ആശയങ്ങളുടെ ഉറവിടങ്ങൾ

കോട്ടയത്തെ ഓർത്തഡോക്സ് വൈദികസെമിനാരി, മാർത്തോമ്മാ വൈദികസെമിനാരി, വടവാതൂരിലെ സെന്റ് തോമസ് അപ്പോസ്തോലിക് സെമിനാരി, മദ്രാസിലെ ഗുരുകുൽ വേദശാസ്ത്ര കോളേജ് ഗവേഷണ കേന്ദ്രം, ബാംഗ്ലൂരിലെ യുണൈറ്റഡ് വൈദിക കോളേജ് എന്നിവിടങ്ങളിലെ ഗ്രന്ഥശേഖരണങ്ങളിൽ ലഭ്യമായ ഇംഗ്ലീഷിലുള്ള വിവിധ പ്രസിദ്ധീകരണങ്ങളിൽ നിന്നുമാണ് ഈ പഠനത്തിനുള്ള ആശയങ്ങളുടെ ഉറവിടങ്ങൾ കണ്ടെത്തിയത്. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തന്നെ എഴുതിയവയും പ്രസിദ്ധീകരിച്ചവയുമായ അനേകം രേഖകളും ഇതിനായി എടുത്തിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട വിഷയത്തെപ്പറ്റി പ്രതിപാദിക്കുന്ന പല ഗ്രന്ഥങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും ലേഖനങ്ങളും പ്രയോജനപ്പെടുത്തിയിട്ടുമുണ്ട്.

പഠനം നടത്തിയ രീതി

ഈ വിഷയത്തെപ്പറ്റിയുള്ള വേദശാസ്ത്ര പ്രാധാന്യത്തെ വിശകലന ചിന്തയോടെ സമീപിക്കുകയാണുണ്ടായത്. രണ്ടാമത്തെ അദ്ധ്യായം പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ജീവിതത്തേയും അദ്ദേഹത്തിന്റെ വിവിധ പ്രസിദ്ധീകരണങ്ങളുടെയും ഒരു രേഖാചിത്രമാണ്. മൂന്നാമത്തെ അദ്ധ്യായം ഉൽപ്പത്തിപുസ്തകത്തിലെ ആധിപത്യം (Dominion), പുനരാഖ്യാനവുമായി ബന്ധപ്പെട്ട ആനുകാലിക പരിസ്ഥിതി വിശേഷങ്ങളും, ലോകവളർച്ചയുടെ പരിധികളെ സംബന്ധിച്ച കാര്യങ്ങളെപ്പറ്റിയും, എത്ര പെട്ടെന്നാണ് ആഗോള പരിസ്ഥിതിയെപ്പറ്റിയുള്ള അവബോധം ഉണ്ടായതെന്നും വിശദീകരിക്കുന്നു. പരിസ്ഥിതിയിലുണ്ടാകുന്ന അപകടകരമായ വ്യതിയാനങ്ങളുടെ ചരിത്രപരമായ അടിസ്ഥാനം വിശകലനം ചെയ്യുന്ന നാലാം അദ്ധ്യായം അദ്ദേഹത്തിന്റെ വേദശാസ്ത്രത്തിലേയും തത്വചിന്തകളുടേയും അടിസ്ഥാനത്തിലുണ്ടായ ജീവിതദൗത്യ വിജയത്തിലേക്കുള്ള ഒരെത്തിനോട്ടമാണ്. പരിശുദ്ധ പിതാക്കന്മാരെപ്പറ്റിയും, ഭാരതീയ തത്വശാസ്ത്ര പാരമ്പര്യങ്ങളെക്കുറിച്ചും അദ്ദേഹം കണ്ടെത്തിയ പ്രാമാണിക സിദ്ധാന്തങ്ങളെപ്പറ്റിയും ശാസ്ത്രസാങ്കേതിക വിദ്യകളുടെ പ്രയോഗത്തെപ്പറ്റിയുമുള്ള അദ്ദേഹത്തിന്റെ വിലയിരുത്തലുകളെ സംബന്ധിച്ചുമാണ് ഈ അദ്ധ്യായം തുടരുന്നത്. പരിസ്ഥിതി വിഷയങ്ങളിൽ മാർ ഗ്രിഗോറിയോസിന്റെ സമീപനമെങ്ങനെയായിരുന്നുവെന്ന് ഇവിടെ വ്യക്തമാക്കുന്നുണ്ട്.

ഈ ഭാഗം, ഇന്ന് സംജാതമായിരിക്കുന്ന അപകടകരവും ഉത്കണ്ഠാപരവുമായ പരിസ്ഥിതി അവസ്ഥയുടെ പ്രശ്നപരിഹാരത്തിന് ഇന്നത്തെ മനുഷ്യകുലം നിറവേറ്റേണ്ട ദൗത്യത്തെ കുറിച്ചാണ് പരാമർശിക്കുന്നത്. പ്രകൃതിയും ജീവജാലങ്ങളും തമ്മിലുള്ള വ്യത്യാസം, മാനവരാശിക്ക് പ്രപഞ്ചത്തിലെ സ്ഥാനം, ജീവിതമേന്മയ്ക്ക് നിദാനമായ സമൂഹവുമായുള്ള ബന്ധം, ഭൂമിയിൽ ജീവൻ നിലനിർത്തുന്നതിന്റെ ന്യായീകരണം എന്നിവയെ മുന്നിൽ കണ്ടുകൊണ്ടാണീഭാഗത്തെ വിവരണങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്.

അദ്ധ്യായം 2

ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ ജീവിതരേഖയും രചനകളും

ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ 1996 നവംബർ 24-ന് ഇഹലോകവാസം വെടിയുമ്പോൾ 74 വയസ്സു പൂർത്തിയാക്കിയിരുന്നു. ഒരു ആത്മീയ ശ്രേഷ്ഠ പിതാവിന്റേയും പക്വതയേറിയ തത്വശാസ്ത്രാന്വേഷകന്റെയും ധന്യനായ വേദജ്ഞാനിയുടേയും ഉത്തമനായ ഗ്രന്ഥകാരന്റെയും ദേശീയ അന്തർദേശീയ പ്രശ്നങ്ങൾ വിലയിരുത്തി യഥോചിതം യഥാവസരം പ്രശ്നപരിഹാര നിർദ്ദേശം പ്രദാനം ചെയ്യുന്ന പണ്ഡിതശ്രേഷ്ഠന്റെയും ഒട്ടനവധി ഭാഷകൾ അനായാസമായി കൈകാര്യം ചെയ്യുന്ന അതിനിപുണന്റേയും ശക്തനായ പ്രഭാഷകന്റെയും ആദരണീയനായ സാമൂഹ്യപ്രവർത്തകന്റെയും ഒരു പുതിയ മാനവികതയെ വിഭാവനം ചെയ്യുന്ന വ്യക്തിത്വത്തിന്റെയും സമന്വയമാണ് നാം അഭിവന്ദ്യ ഗ്രിഗോറിയോസ് തിരുമേനിയിൽ കാണുന്നത്.

മനുഷ്യൻ ദൈവത്തിന്റെ ഒരു സഹപ്രവർത്തകൻ അല്ലെങ്കിൽ കൂട്ടാളി എന്ന നിലയിലും പ്രപഞ്ചത്തിന്റെ തന്നെ ഒരു വളരെ ചെറിയ പ്രതിരൂപമെന്ന നിലയിലും ഈ പ്രപഞ്ചത്തെ പുതുക്കിയ ഒരു സാമൂഹിക സാമ്പത്തിക ഘടനയുള്ളതും അസാധാരണമായ രീതിയിൽ അച്ചടക്കവും, ചിട്ടയും, ശക്തിയും, സ്നേഹവും, ജ്ഞാനവും നിറഞ്ഞ് സദാസമയവും സ്വർഗ്ഗീയ സ്തുതികൾ ഉയരുന്നതായ ദൈവരാജ്യമാക്കി തീർക്കുമെന്നതിന് മനുഷ്യനുള്ള സാധ്യതകൾക്ക് അനേക മാനങ്ങളാണ് അദ്ദേഹം നൽകിയിട്ടുള്ളത്.

മാർ ഗ്രിഗോറിയോസ് ചില സുഹൃത്തുക്കളുടെയും സഹപ്രവർത്തകരുടെയും വാക്കുകളിൽ

ബോസ്റ്റൺ യൂണിവേഴ്സിറ്റിയിലെ വേദശാസ്ത്രത്തിന്റെ (Systematic Theology) പ്രൊഫസറായ ഡോ. റോബർട്ട് നെൽസൺ ഇപ്രകാരമാണ് വിലയിരുത്തുന്നത്.

“സഭയിലെ അദ്ദേഹത്തിന്റെ സുപ്രധാനവും ശ്രദ്ധേയവുമായ സ്ഥാനം അലങ്കരിക്കുക വഴി മലങ്കരസഭയ്ക്കു മാത്രമല്ല അദ്ദേഹം പ്രയോജനപ്പെട്ടത്. പ്രത്യുത ഇന്നത്തെ ശാസ്ത്ര സാങ്കേതിക തലങ്ങൾ മൂലം അനസ്യൂതം തലതിരിഞ്ഞ രീതിയിൽ (തെറ്റായ രീതിയിൽ) വികാസം പ്രാപിക്കുന്ന സമൂഹത്തിന്റെ പശ്ചാത്തലത്തിൽ നിലയുറപ്പിച്ച് അതുമായി സുദൃഢ ബന്ധം പുലർത്തിക്കൊണ്ട് അദ്ദേഹം വേദശാസ്ത്രത്തിലെയും തത്വശാസ്ത്രത്തിലെയും ആഴമുള്ള വിഷയങ്ങളെ കുറിച്ച് നിരന്തരം ചർച്ചകളിലേർപ്പെടുകയും അനേകരെ പഠിപ്പിക്കുകയും ചെയ്തിരുന്നു.”

ക്രിസ്ത്യൻ പീസ് കോൺഫ്രൻസിന്റെ പ്രസിഡൻറും, ഹംഗറിയിലെ പരിവർത്തക സഭയുടെ മെത്രാപ്പോലീത്തയുമായ ഡോ. കരോലിടോത്ത് പറയുന്നത് ഉദ്ധരിക്കട്ടെ.

“എക്യുമിനിക്കൽ സംവാദങ്ങളിൽ അദ്ദേഹത്തിന്റെ സംഭാവനകൾ വളരെ വിലപ്പെട്ടതായിട്ട് ഞങ്ങൾ കരുതുന്നു. ക്രിസ്ത്യൻ പീസ് കോൺഫ്രൻസിലെ അദ്ദേഹത്തിന്റെ പങ്കാളിത്തവും, ഇന്നത്തെ ലോകത്തിൽ പരിഗണന അർഹിക്കുന്ന ആശയങ്ങൾ അഥവാ വിഷയങ്ങളായ നീതി, സ്വാതന്ത്ര്യം, വികസനം തുടങ്ങിയവയെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അമൂല്യങ്ങളാണ്.”

ലെനിൻ ഗ്രാഡ് തിയോളജിക്കൽ അക്കാഡമിയിലെ ഡയറക്ടറായ ആർച്ച് ബിഷപ്പ് കീറിൽ വ്യൂ ബോർഗിന്റെ വാക്കുകൾ ശ്രദ്ധിക്കുക. “അദ്ദേഹത്തിന്റെ ദൈവശാസ്ത്ര ചിന്തകളിലെ ഏറ്റവും സുന്ദരമായ സത്യത്തെ സ്നേഹത്തിന്റെ തത്വമായിട്ട് കാണുന്ന ആശയമാണ് ഞാനിഷ്ടപ്പെടുന്നത്”.

സഭകളുടെ ലോക കൗൺസിലിന്റെ കേന്ദ്രകമ്മിറ്റിയുടെ മോഡറേറ്ററും നാഗാലാൻഡ് ഗവർണ്ണറുമായിരുന്ന ഏ. എം. തോമസ് പരാമർശിച്ചിരിക്കുന്നത് ഇപ്രകാരമാണ്. “ലോകസമൂഹത്തിൽ ഒരു ആഗോള സഭയുടെ സ്ഥാനവും ആവശ്യവും എന്നത് നിർവചിക്കുന്നതിനും അത് ലോകത്തെ മനസിലാക്കി കൊടുക്കുന്നതിനുമായിരുന്നു മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത തന്റെ ജീവിതകാലം മുഴുവൻ മുഴുകിയിരുന്നത്. ഇക്കാര്യത്തിൽ ക്രിസ്തീയ എക്യുമിനിസത്തിൽ അദ്ദേഹം എന്നും മാർഗ്ഗദർശകനും അഗ്രഗണ്യനുമായിരുന്നു.”

മാർ ഗ്രിഗോറിയോസിനെപ്പറ്റിയുള്ള എസ്. ജെ. സമർത്ഥയുടെ വീക്ഷണം

“മാർ ഗ്രിഗോറിയോസിനെപ്പോലെ വളരെ കുറച്ചുപേർ മാത്രമേ പരിപൂർണ്ണമായി അവരുടെ ക്രിസ്തീയ ഓർത്തഡോക്സ് ദൗത്യത്തിൽ ഉറച്ചു നിന്നുകൊണ്ടും, ഒട്ടും മടികൂടാതെയും പാശ്ചാത്യതയേയും പാശ്ചാത്യ ക്രിസ്തീയ സഭയേയും വിലയിരുത്തി വ്യാഖ്യാനിക്കുകയും, അതേ സമയം തന്നെ അവരുടെ ഭാരതീയ

പാരമ്പര്യത്തിൽ ഇത്രമാത്രം അഭിമാനം കൊള്ളുകയും ചെയ്യുന്നവരായുള്ളു. അദ്ദേഹത്തിന്റെ അഭിപ്രായ ങ്ങളോട് വിയോജിക്കാൻ എളുപ്പമാണ്. എന്നാൽ അവയെ തള്ളിക്കളയാൻ പ്രയാസമാണ്.”

ഡോ. പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ഒരു ജീവിത രേഖാചിത്രം.

മാർ ഗ്രിഗോറിയോസിന്റെ ജീവിതത്തെപ്പറ്റി ഇവിടെ ചിത്രീകരിച്ചിരിക്കുന്നത് പ്രശംസയ്ക്ക് വേണ്ടിയല്ല. അദ്ദേഹത്തിന്റെ വേദശാസ്ത്രപരവും തത്വശാസ്ത്രപരവുമായ ചിന്തകളെയും അവയുടെ പ്രതിഫലനങ്ങ ളെയും രൂപപ്പെടുത്തുന്നതിന് പരോക്ഷമായിട്ട് സഹായിച്ച അദ്ദേഹത്തിന്റെ കഠിനശ്രമങ്ങളെപറ്റിയെന്നപോലെ നേട്ടങ്ങളെപ്പറ്റിയും വായനക്കാർ അറിയുന്നതിനു വേണ്ടിയാണ്.

1922 ആഗസ്റ്റ് 9 ന് കേരളത്തിൽ കൊച്ചിക്കടുത്തുള്ള ഒരു പുരാതന ഓർത്തഡോക്സ് കുടുംബത്തി ലാണ് അദ്ദേഹം ജനിച്ചത്.

വളരെ ചെറിയ പ്രായത്തിൽ ഒരു പത്രപ്രവർത്തകനായിട്ടാണ് തന്റെ പ്രവർത്തനങ്ങൾ തുടങ്ങിയത്. 1942 –ൽ കമ്പിത്തപാൽ വകുപ്പിൽ ജോലിക്ക് ചേരുകയും 1947–ൽ തിരുകൊച്ചി കമ്പിത്തപാൽ യൂണിയന്റെ അസോസിയേറ്റ് സെക്രട്ടറിയാവുകയും ചെയ്തു. എത്യോപ്യയിലെ സർക്കാർ സ്കൂൾ അദ്ധ്യാപകനായി 1947 –ൽ എത്തിച്ചേർന്നത് അദ്ദേഹത്തിന്റെ ജീവിതത്തിലെ വലിയ ഒരു വഴിത്തിരിവായിരുന്നു. അംഹാരിസ് എന്ന പ്രാദേശിക ഭാഷയിൽ ധ്രുതഗതിയിൽ നേടിയ വ്യുൽപ്പത്തിയിൽ ചക്രവർത്തിപോലും ആകൃഷ്ട നായി. 3 വർഷക്കാലത്തെ അദ്ധ്യാപനത്തിനു ശേഷം അമേരിക്കയിൽ ഉപരിപഠനം നടത്തുകയുണ്ടായി. ഇൻഡ്യാനയിലെ കോളേജിൽ നിന്നും ഡിഗ്രിയും, ഒക്കൽഹോമ യുണിവേഴ്സിറ്റിയിൽ നിന്നും മാസ്റ്റേഴ്സ് ബിരുദവും നേടുകയുണ്ടായി. അമേരിക്കയിലെ യൂണിയൻ തിയോളജിക്കൽ സെമിനാരിയിൽ നിന്നും അതിനു ശേഷം പ്രിൻസ്റ്റനിൽ നിന്നും ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയത് കൂടാതെ യേൽ യുണിവേഴ്സിറ്റിയിൽ നിന്നും വേദശാസ്ത്രത്തിൽ മറ്റൊരു ബിരുദാനന്തര ബിരുദവും കൂടി സമ്പാദിക്കുക യുണ്ടായി. ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡിലും ജർമ്മനിയിലെ മ്യൂൺസ്റ്ററിലും പൂർത്തിയാക്കിയ ഗവേഷണ പഠനങ്ങൾക്കു ശേഷം സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നു ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് കര സ്ഥമാക്കുകയുണ്ടായി.

ആധുനിക തുർക്കിയുടെ ഒരു ഭാഗമായിരുന്ന കപ്പദോക്കിയ എന്ന പ്രദേശത്ത് 4–ാം നൂറ്റാണ്ടിൽ ജീവിച്ചി രുന്ന പണ്ഡിതനും, ചിന്തകനും പുണ്യവാനുമായ നിസ്സായിലെ മാർ ഗ്രിഗറിയുടെ ലിഖിതങ്ങളെ അടി സ്ഥാനമാക്കിയാണ് മാർ ഗ്രിഗോറിയോസ് തന്റെ ഗവേഷണ പഠനങ്ങൾ നിർവഹിച്ചത്. ക്രിസ്തീയ മത ത്തിന് കുസ്തന്തീനോസ് ചക്രവർത്തി ഓദ്യോഗിക അംഗീകാരം നൽകിയതിന് ശേഷം ക്രൈസ്തവ സഭ വിശ്വാസവും പാരമ്പര്യങ്ങളും പഠിപ്പിക്കുന്നതോടൊപ്പം, രാഷ്ട്രീയവും വിദ്യാഭ്യാസപരവും, സംസ്ക്കാരപ രവുമായ കാര്യങ്ങളിൽ മാർഗ്ഗദർശിയാകുവാൻ പ്രേരിതമായി. വിശ്വാസത്തിന്റെ മഹത്തായ ഗുരുവെന്ന അത്യ പൂർവ്വ സ്ഥാനം കിഴക്കും പടിഞ്ഞാറും ഒരു പോലെ ആർജ്ജിക്കുവാൻ നിസ്സായിലെ ഗ്രിഗറിക്ക് മഹാഭാഗ്യം ലഭ്യമായി. മനുഷ്യകുലത്തിന് വർത്തമാന കാലത്തും ഭാവിയിലും ദൈവത്തോടുള്ള അഭേദ്യബന്ധത്തിനുള്ള സാദ്ധ്യതകളെപറ്റി തികച്ചും ബോധവാനായിരുന്നു മാർ ഗ്രിഗറി. അദ്ദേഹത്തിന്റെ ചിന്തകളും പഠിപ്പിക്കലു കളും 20–ാം നൂറ്റാണ്ടിലും അതിന് ശേഷവുമുള്ള തലമുറയ്ക്ക് അത്യാകർഷവും, അമിത പ്രയോജനദായക വും ആയതാണ് പൗലോസ് ഗ്രീഗോറിയോസ് തിരുമേനി പ്രസ്തുത വിഷയത്തിൽ ആകൃഷ്ടനാകാൻ കാര ണം.

1954 മുതൽ 56 വരെ, ഒരു സമ്മേളനകേന്ദ്രവും, ധ്യാനകേന്ദ്രവുമായ ആലുവായിലെ ഫെലോഷിപ്പ് ഹൗസിൽ പ്രവർത്തിക്കുകയും ചെയ്തു. അദ്ദേഹം ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ജന റൽ സെക്രട്ടറിയും ക്രിസ്തീയ ഐക്യ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ഓണററി അസോസിയേറ്റ് സെക്ര ട്ടറിയുമായിരുന്നു.

ഈ കാലഘട്ടത്തിൽ അദ്ദേഹം ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജിലും കോട്ടയത്തെ ഓർത്ത ഡോക്സ് വൈദിക സെമിനാരിയിലും അദ്ധ്യാപകനായും സേവനമനുഷ്ഠിക്കുന്നുണ്ടായിരുന്നു.

1956 –ൽ ഹെയ്ലി സലാസി ചക്രവർത്തി ഇന്ത്യ സന്ദർശിച്ചപ്പോൾ, ചക്രവർത്തിയുടെ സ്വന്തം ഉപദേശ കനായി സേവനം ചെയ്യാൻ ക്ഷണിക്കപ്പെട്ടു. ചക്രവർത്തിയുടെ രാജകീയ ഭരണവൃന്ദത്തിൽ ജോലി ചെയ്തതു കൂടാതെ, വിദ്യാഭ്യാസ, സാമൂഹിക കാര്യങ്ങളിൽ ചക്രവർത്തിയുടെ മുഖ്യ ഉപദേശകനായും പ്രവർത്തിച്ചി രുന്നു. സർക്കാരിന്റെ ദുരിതാശ്വാസ കമ്മിറ്റിയുടെ എക്സിക്യൂട്ടിവ് സെക്രട്ടറിയായും ഹെയ്ലി സലാസി ഫൗണ്ടേഷന്റെ മുഖ്യ ഉപദേശകനും ഫൗണ്ടേഷന്റെ വിവിധ പദ്ധതികളുടെ ഡയറക്ടറുമായും വിശിഷ്ട സേവനമനുഷ്ഠിക്കുകയുണ്ടായി.

1959 –ൽ അദ്ദേഹം തന്റെ ജോലി രാജിവച്ച് യേൽ, ഓക്സ്ഫഡ് യൂണിവേഴ്സിറ്റികളിൽ കുടുതൽ പഠ നത്തിനായി സമയം ചെലവഴിച്ചു. ഓക്സ്ഫഡിൽ പഠിച്ചിരുന്ന കാലത്ത്, സഭകളുടെ ലോക കൗൺസി

ലിന്റെ അസോസിയേറ്റ് ജനറൽ സെക്രട്ടറി സ്ഥാനവും ആ കൗൺസിലിന്റെ എക്യുമിനിക്കൽ പ്രവർത്തനവിഭാഗത്തിന്റെ ഡയറക്ടർ സ്ഥാനവും വഹിക്കാൻ ക്ഷണിക്കപ്പെട്ടു. അതേ കാലഘട്ടത്തിൽ തന്നെ അദ്ദേഹം ബോസ്സെയിലെ എക്യുമിനിക്കൽ പഠനകേന്ദ്രത്തിൽ അദ്ധ്യാപകനായും സേവനമനുഷ്ഠിച്ചിരുന്നു. യൂറോപ്പിലെ സഹകരണ വിദ്യാഭ്യാസ സൊസൈറ്റിയുടെയും ലോക സഭകളുടെ കൗൺസിലിന്റെ സംയുക്ത വിദ്യാഭ്യാസ കൗൺസിലിന്റേയും അംഗമായിരുന്നു അദ്ദേഹം. നൈജീരിയായിലെ ബിയാഫ്ര പ്രശ്നം ചർച്ച ചെയ്തു പരിഹരിക്കുന്നതിന് 1968-ൽ സഭകളുടെ ലോക കൗൺസിലിന്റെ അസംബ്ലി അയച്ച ദൗത്യസംഘത്തിന്റെ തലവനുമായിരുന്നു.

1961 -ൽ അദ്ദേഹം ഓർത്തഡോക്സ് സഭയിലെ വൈദികനായി. അതേ തുടർന്ന് ഫാ. പോൾ വറുഗീസിന്റെ പ്രവർത്തനമേഖല ജനീവയിലേക്ക് മാറ്റപ്പെട്ടു. എക്യുമിനിക്കൽ പ്രസ്ഥാനത്തിന്റെ തലവനായി ശ്രേഷ്ഠമായ നേതൃത്വം പകർന്നതു കൂടാതെ WCC യുടെ അസോസിയേറ്റ് സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചു. പിന്നീട് സെൻട്രൽ കമ്മിറ്റി അംഗമായും എക്സിക്യൂട്ടിവ് കമ്മിറ്റി അംഗമായും, സഭയും സമൂഹവുമെന്ന കമ്മീഷന്റെ (1975-83) മോഡറേറ്ററായും, (83-91) പ്രസിഡന്റായും സേവനമനുഷ്ഠിച്ചു. യു.എൻ. ജനറൽ അസംബ്ലിയുടെ നിരായുധീകരണത്തിനായുള്ള പ്രത്യേക സമ്മേളനങ്ങളിൽ WCC പ്രതിനിധി സംഘത്തെ 83ലും 1988ലും നയിച്ചു. മനുഷ്യാവകാശ ധ്വംസനത്തിനെതിരായി ശക്തമായി പ്രതികരിക്കുകയും പ്രതിഷേധിക്കുകയും ചെയ്തു. 1979 -ൽ കേംബ്രിഡ്ജിൽ ചേർന്ന 'വിശ്വാസവും ശാസ്ത്രവും ഭാവിയും' എന്ന ലോക സമ്മേളനത്തിൽ അദ്ധ്യക്ഷനായി ശോഭിച്ചു. ക്രിസ്ത്യൻ സമാധാന സമ്മേളനങ്ങളുടെ 1970 - 1990 കാലഘട്ടത്തിലെ വൈസ് പ്രസിഡന്റായി ശക്തമായ നേതൃത്വം നൽകി. അതേ തുടർന്ന് 1967 -ൽ അദ്ദേഹം സഭകളുടെ ലോക കൗൺസിലിന്റെ ഔദ്യോഗിക സ്ഥാനങ്ങൾ വിട്ടിട്ട് സ്വന്തം സഭയിൽ സേവനം അനുഷ്ഠിക്കുന്നതിന് ഇന്ത്യയിൽ തിരിച്ചെത്തുകയും കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി പ്രിൻസിപ്പലായി ചുമതല ഏൽക്കുകയും ചെയ്തു. 1975 -ൽ അദ്ദേഹത്തെ പൗലോസ് മാർ ഗ്രിഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിക്കുകയും ഡൽഹി ഭദ്രാസന ചുമതല നൽകുകയും ചെയ്തു. ഭദ്രാസന ചുമതല മരണം വരെയും അതി ഭംഗിയായി നിറവേറ്റുകയുണ്ടായി.

ഡൽഹി ഭദ്രാസന മെത്രാപ്പോലീത്തയായി സ്ഥാനമേറ്റ ഉടനെ ഭാരതത്തിന്റെ തലസ്ഥാന നഗരിയുടെ പ്രൗഢിക്കും ആഢ്യത്വത്തിനും ഉചിതമാവുംവിധം ഒരു ആസ്ഥാനം ഡൽഹി ഓർത്തഡോക്സ് സെന്റർ എന്ന പേരിൽ നിർമ്മിക്കുവാൻ കഴിഞ്ഞത് ഒരു മഹാ സംഭവമത്രേ. അദ്ദേഹത്തിന്റെ സ്വപ്നസാക്ഷാത്ക്കാരം എന്ന വിധം സമാധാനവും നീതിയും ഊട്ടിയുറപ്പിക്കാൻ പര്യാപ്തമാവും വിധം 'നീതി - ശാന്തി' കേന്ദ്ര എന്ന പദ്ധതിയും മതസൗഹാർദ്ദതയും സഹവർത്തിത്വവും ശക്തമാക്കുവാൻ പര്യാപ്തമാവും വിധം മതങ്ങൾ തമ്മിലുള്ള സംവാദങ്ങൾക്കും സഹകരണത്തിനുമായി 'സർവ്വ ധർമ്മ നിലയം' എന്നീ പദ്ധതികൾ ആരംഭിക്കുവാനും കഴിഞ്ഞത് ഒരു വലിയ നേട്ടം തന്നെയാണ്.

കേരള, സെറാംപൂർ എന്നീ സർവ്വകലാശാലകളിലെ സെനറ്റ് മെമ്പർ എന്ന നിലയിൽ അനേക വർഷങ്ങൾ തുടർച്ചയായി പ്രവർത്തിച്ചതു കൂടാതെ ഡെൻവർ, ഹാർവാർഡ്, വ്യൂസ്റ്റർ, പ്രിൻസ്റ്റൻ എന്നീ സർവ്വകലാശാലകളിലെ സന്ദർശക പ്രൊഫസറായും ദീർഘകാലം സേവനമനുഷ്ഠിച്ചു. ഒട്ടനവധി തത്വശാസ്ത്ര സമിതികളുടെ ഔദ്യോഗിക സ്ഥാനങ്ങളും വഹിച്ചുപോന്നു. അദ്ദേഹത്തെ തേടിയെത്തിയ ബഹുമതികളും അവാർഡുകളും ഒട്ടനവധിയാണ്. ദൈവശാസ്ത്രത്തിലെ ഓണററി ഡോക്ടറേറ്റുകൾ ലെനിൻഗ്രാഡ്, ബുഡാപെസ്റ്റ്, പ്രാഗ് എന്നീ സർവ്വകലാശാലകളിൽ നിന്നും സമാധാനത്തിനും മനുഷ്യയോജിപ്പിനും ചെയ്ത ശ്രേഷ്ഠ സേവനങ്ങളെ ആദരിച്ച് അമേരിക്കയിലെ ഹാൾ ഓഫ് ഫെയിം അവാർഡ്, ലോക ക്രൈസ്തവ സഭകൾക്ക് നല്കിയ വിശിഷ്ട സേവനത്തിനും ഉത്കൃഷ്ട നേതൃത്വത്തിനും ആദരസുചകമായി ലഭിച്ച സർട്ടിഫിക്കറ്റ്, കേംബ്രിഡ്ജിലെ ഡിക്ഷണറി ഓഫ് ഇന്റർ നാഷണൽ ബയോഗ്രഫി, റഷ്യയിലെ ഓർഡർ ഓഫ് സെന്റ് വ്ളാഡിമർ, റഷ്യയിലെ തന്നെ ഓർഡർ ഓഫ് സെന്റ് സെർജിയസ്, ഹോളണ്ടിലെ ഓർഡർ ഓഫ് മേരി മഗ്ദലൻ, ഹോളണ്ടിലെ തന്നെ ഓർഡർ ഓഫ് ബിഷപ്പ് ഫ്രാൻസിസ്ക്കൻ ഹൊദുർ, ജർമ്മനിയിലെ സമാധാനത്തിനായുള്ള ഓട്ടോ നുസ്ചെക്കെ അവാർഡ്, ഇന്ത്യയിലെ സോവിയറ്റ് ലാൻഡ് നെഹ്റു അവാർഡ്, 1990-ലെ മാൻ ഓഫ് ദി ഇയർ അവാർഡ്, അമേരിക്കയിലെ അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ്, ഇൻഡ്യയിലെ ഭായി പരംവീർസിംഗ് അന്തർദേശീയ അവാർഡ്, അമേരിക്കയിലെ ഗോൾഡൻ അക്കാഡമി അവാർഡ് ഫോർ ലൈഫ് ടൈം അച്ചീവ്മെന്റ്, ഇൻഡ്യയുടെ എമിനെന്റ് എക്യുമിനിക്കൽ എഡ്യൂക്കേഷൻ അവാർഡ്, പ്രിൻസ്റ്റൻ സെമിനാരിയുടെ വിശിഷ്ട പൂർവ്വ വിദ്യാർത്ഥി അവാർഡ്, ഓസ്ക്കർ പിഫിസ്റ്റർ അവാർഡ്, അമേരിക്കയിലെ മാനസ്സികാരോഗ്യ അസോസിയേഷൻ അവാർഡ്, സാമൂഹ്യ സേവന അവാർഡ്, ഗോഷൻ കോളേജ് അവാർഡ് എന്നിവ അവയിൽ ചിലതുമാത്രം. മാർ ഗ്രിഗോറിയോസിനെ സഭാംഗങ്ങൾ അതിപുരാതന സത്യവിശ്വാസത്തിന്റെ അത്യാധുനിക ഗുരുവായും വായനക്കാരായ പൊതുജനങ്ങൾ അനേകമനേകം ഭാഷകളിൽ വിരചിതമായ ഈടുറ്റ ഗ്രന്ഥങ്ങളുടെയും അനേകശതം കരുത്താർന്ന ലേഖനങ്ങളുടെയും എഴുത്തുകാരൻ എന്ന നിലയിലും അനുസ്മരിക്കും. അദ്ദേഹത്തിന്റെ എല്ലാ എഴുത്തുകളുടെയും ആകെ തുക

സത്യത്തിനും, സ്നേഹത്തിനും, സ്വാതന്ത്ര്യത്തിനും സമാധാനത്തിനും നീതിയ്ക്കും വേണ്ടിയുള്ള അതി ദാഹം എന്നതായിരുന്നു.

അദ്ദേഹത്തിന്റെ പ്രധാന രചനകൾ താഴെപ്പറയുന്നവയാണ്

1. സ്വാതന്ത്ര്യ ദീപ്തി (Joy of Freedom)
2. ദൈവരാജ്യ സുവിശേഷം (Gospel of the kingdom)
3. മനുഷ്യന്റെ സ്വാതന്ത്ര്യം (Freedom of man)
4. സ്വചരമായിരുന്ന് അറിയുക
5. സ്വാതന്ത്ര്യവും അധികാരവും (Freedom and authority)
6. നിശ്ചയദാർഢ്യത്തിനായുള്ള ത്വര
7. മാനുഷിക സാന്നിദ്ധ്യം (Human Presence)
8. പാരമ്പര്യം കൂടാതുള്ള സത്യം (Truth without Tradition)
9. ശാസ്ത്രവും വിശുദ്ധ സമൂഹങ്ങളും (Science and Socities)
10. പ്രപഞ്ച മാനുജൻ (Cosmic Man)
11. ഇൻഡ്യൻ ഓർത്തഡോക്സ് സഭ ഒരു അവലോകനം (Indian Orthodox Church an overview)
12. ഡയക്കോനിയയുടെ അർത്ഥം (The meaning of Diakonia)
13. ജ്ഞാനോദയം കിഴക്കും പടിഞ്ഞാറും.
14. അതിപ്രസരമുള്ള വെളിച്ചം (Too Omight a light)
15. സമ്പൂർണ്ണ ആരോഗ്യവും ചികിത്സയും.
16. നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം (The faith of our fathers)
17. സ്നേഹം-സ്വാതന്ത്ര്യം-രഹസ്യം (Love, freedom, great mystery)
18. ദർശനത്തിന്റെ പൂക്കൾ.

ഇവ കൂടാതെ നൂറുകണക്കിന് വാരികകളിൽ ലേഖനങ്ങളും ആധികാരിക കൃതികളും ഒരു ഡസനില ധികം രാജ്യങ്ങളിലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അദ്ദേഹം താഴെപ്പറയുന്ന പ്രസിദ്ധീകരണങ്ങളുടെ എഡിറ്ററും എഴുത്തുകാരനുമായിരുന്നു

1. കോപ്റ്റിക്കസ് ക്രിസ്റ്റൻറിയം - സ്റ്റുഗർട്ട്
2. ഡൈ സിറിസ്ക്കൻ ക്രിസചൻ ഇൻ ഇൻഡ്യാ
3. പൊള്ളുന്ന പ്രശ്നങ്ങൾ
4. ശാസ്ത്രവും നമ്മുടെ ഭാവിയും
5. കൽക്കദോൻ യഥാർത്ഥത്തിൽ വിഭജനമോ യോജിപ്പോ?

പൂർവ്വ പിതാക്കന്മാരിലെ വേദശാസ്ത്രപരവും തത്വശാസ്ത്രപരവുമായ അടിസ്ഥാനങ്ങളും ഭാരതീയ തത്വശാസ്ത്ര പാരമ്പര്യങ്ങളും

പാശ്ചാത്യതയെ വളരെ ആഴത്തിൽ ഗ്രഹിക്കുകയും പൗരസ്ത്യ പാരമ്പര്യങ്ങളെ പാശ്ചാത്യ ഭാഗത്തിന് ഏറ്റവും ഭംഗിയായി മനസ്സിലാക്കികൊടുക്കുകയും ചെയ്തിട്ടുള്ള വളരെക്കുറച്ചു പേരിൽ ഒരാളാണ് ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത. അദ്ദേഹം തന്റെ വേദശാസ്ത്രപരവും തത്വശാസ്ത്രപ രവുമായ ചിന്തയുടെയും വീക്ഷണത്തിന്റേയും അടിസ്ഥാനത്തെപ്പറ്റിയുള്ള മുഖവുര ഇങ്ങനെ വിശദീകരി ക്കുന്നു.

“പാശ്ചാത്യരീതിയിൽ പരിശീലനം നേടിയവനെങ്കിലും ഞാനിവിടെ പൗരസ്ത്യ ഓർത്തഡോക്സ് സഭ യുടെ അംഗമായ ഒരു ഭാരതീയനാണ്. ഞാൻ അങ്ങനെ മൂന്ന് പാരമ്പര്യങ്ങളെ ഉൾക്കൊള്ളുകയാണ്. ഭാര തത്തിന്റെ സാംസ്ക്കാരികവും ആധ്യാത്മികവുമായ പൈതൃകവും പൗരസ്ത്യ ക്രിസ്തീയ സഭയുടെ മതപ രവും ആത്മീയവുമായ പാരമ്പര്യവും, പാശ്ചാത്യ സംസ്ക്കാരത്തിന്റെ തത്വപരമായ പാരമ്പര്യങ്ങളുമാണവ. ഹൈന്ദവ ബുദ്ധമതങ്ങൾ എന്റെ സംസ്ക്കാര പാരമ്പര്യത്തിൽ പെടുന്നവയുമാണ്. അഗസ്റ്റിന്റെ ചില മൂല ആശയങ്ങളെപ്പറ്റി രണ്ടാമതൊന്നുകൂടി ശ്രദ്ധിച്ച് പഠിച്ച് മനസ്സിലാക്കിയില്ലെങ്കിൽ പാശ്ചാത്യ വേദശാസ്ത്ര ത്തിന് സ്വയം പുനർരൂപീകരണം സാധ്യമല്ല എന്ന് അദ്ദേഹം വിശ്വസിക്കുന്നു. പൗരസ്ത്യ പിതാക്കന്മാരുടെ

വേദശാസ്ത്രത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ അതിസൂക്ഷ്മവും ആന്തരികവുമായ അടിസ്ഥാനങ്ങൾ അഗസ്റ്റിന്റെ ചില മൂല അടിസ്ഥാനങ്ങൾ എന്ന് അദ്ദേഹം വിശ്വസിക്കുന്നു. അദ്ദേഹം ആ പൗരസ്ത്യ ചുറ്റുപാടുകളിൽ വളർന്നുവന്നതുകൊണ്ട് മാത്രമല്ല, അദ്ദേഹത്തിന് സത്യത്തിന്റെ സജാതീയ അവസ്ഥ ഇഷ്ടപ്പെടുന്ന ഒരു മാതൃക അവിടെ കണ്ടെത്താൻ കഴിഞ്ഞു എന്നതുമാണ്. "ഞാൻ ഉത്തമമായത് തന്നെയാണ് തെരഞ്ഞടുത്തതെന്ന് എന്റെ തന്നെ അനുഭവങ്ങൾ തെളിയിക്കുന്നു" എന്ന് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു.

നിസായിലെ വിശുദ്ധ ഗ്രിഗറിയുടെ ചിന്തയോടും പ്രബോധനങ്ങളോടും വളരെ അടുത്തു വരുന്നതും അവയോട് താദാത്മ്യം പ്രാപിക്കുന്നതുമാണ് മാർ ഗ്രിഗോറിയോസിന്റെ വേദശാസ്ത്ര തത്വശാസ്ത്ര മേഖലകളിലെ രചനകൾ. പ്രൊഫ. കെ.എം. തരകൻ ഇതുമായി ബന്ധപ്പെട്ട് പറയുന്നത് ഇപ്രകാരമാണ്.

"നാലാം നൂറ്റാണ്ടിലെ പ്രസിദ്ധരായ മൂന്ന് കപ്പദോക്യൻ പിതാക്കന്മാരിൽ ഒരാളായ നിസായിലെ ഗ്രിഗറിയുടെ തത്വശാസ്ത്ര വേദശാസ്ത്ര ആശയങ്ങളും പ്രബോധനങ്ങളും ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ ബുദ്ധിപരമായ ചിന്താഗതികളിലൂടെയേ പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിയൂ. സഭയുടെ ജ്ഞാനിയായ ആ പിതാവിന്റെ പ്രബോധനങ്ങളിലെ സൃഷ്ടിയെപ്പറ്റിയും, നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന വേദശാസ്ത്രപരവും ശാസ്ത്രീയവുമായ ദൗത്യങ്ങളെപ്പറ്റിയും ഉള്ള അവബോധം നമ്മിലുണ്ടാകുന്നതും മാർ ഗ്രിഗോറിയോസിലൂടെയാണ്.

അഗസ്റ്റിനെപ്പോലുള്ള ചിന്തകർക്കേ പ്രശ്നങ്ങളെ ആഴത്തിൽ ചിന്തിച്ച് പരിഹരിക്കാനാവൂ എന്ന് ഓക്സ്ഫഡിലെ തന്റെ അദ്ധ്യാപകൻ നിർബന്ധിച്ചു മനസ്സിലാക്കാൻ ശ്രമിച്ചിട്ടും മാർ ഗ്രിഗോറിയോസ് അഗസ്റ്റിൻ ചിന്താഗതികൾക്കെതിരായി ശക്തമായിട്ട് പ്രതികരിച്ചു.

ഇക്കാര്യത്തിൽ മാർ ഗ്രിഗോറിയോസിന്റെ സമീപനം ഇത്തരത്തിലാണ്. "സ്വന്തം വ്യക്തിത്വം മനസിലാക്കുന്നതിന് സ്വന്തം പിതാവിന്റെ രൂപമാണ് കുട്ടികൾ മാതൃകയായി എടുക്കുന്നത്. പ്രത്യേകിച്ച് ആ പിതാവിന്റെ വ്യക്തിത്വം വളരെ മേധാശക്തിയുള്ളതും നേതൃത്വ പാടവം ഉള്ളതും നിഷേധിക്കേണ്ടവയെ യഥാർത്ഥ ധീരരെപ്പോലെ നിഷേധിക്കാൻ പ്രേരിപ്പിക്കുന്നതുമാണെങ്കിൽ എനിക്ക് അഗസ്റ്റിനെ പറ്റി അങ്ങനെയാണ് തോന്നിയിട്ടുള്ളത്."

അഗസ്റ്റിന്റെ ചില മൂല ആശയങ്ങളെ വിലയിരുത്തി ഉൾക്കൊണ്ടില്ലെങ്കിൽ പാശ്ചാത്യ വേദശാസ്ത്രതലത്തിന് ഒരു നവീകരണം അസാധ്യമാണെന്ന് അദ്ദേഹം കരുതുന്നു. അഗസ്റ്റിന്റെ ചിന്തകളിലെ അടിസ്ഥാനപരമായ അപാകതകളേയും തെറ്റുകളേയും പുനരവലോകനത്തിലൂടെ അനാവരണം ചെയ്യുന്ന അഞ്ചു സന്ദർഭങ്ങൾ അദ്ദേഹം വിശദീകരിക്കുന്നുണ്ട്.

ആദ്യമായിട്ട്, പദാർത്ഥങ്ങളെ അഥവാ ഭൗതിക വസ്തുക്കളെപറ്റിയുള്ള അഗസ്റ്റിന്റെ താഴ്ന്ന കാഴ്ചപ്പാട് ദൈവാവതാരത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ താഴ്ന്ന കാഴ്ചപ്പാടിനെയാണു കാണിക്കുന്നത്. സ്വർഗ്ഗീയ സത്യങ്ങളുടെ, സുന്ദരഭാവങ്ങളുടെ ഒരു ആവിഷ്ക്കാരം തന്നെയാണ് സൃഷ്ടിക്കപ്പെട്ടവയെല്ലാം എന്നാണ് മാർ ഗ്രീഗോറിയോസിന്റെ ഭാഷ്യം. നമ്മുടെ കർത്താവിന്റെ തിരുശരീരം ഇതാണ് വെളിപ്പെടുത്തുന്നത്.

രണ്ടാമത്തേത്, ഭൗതിക വസ്തുക്കളെ വിലകുറഞ്ഞവ എന്ന രീതിയിൽ കണ്ട അതേ മനോഭാവം കൊണ്ടു തന്നെ അഗസ്റ്റിന് ഈ ലോകത്തെപ്പറ്റിത്തന്നെ താണ മനോഭാവവും ചിന്തയുമാണുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ ചിന്താതലങ്ങൾ ആശാസ്യമായവയല്ല എന്നു തന്നെ പറയാം. നല്ലതല്ലാത്ത അനേകം പരിണിത ഫലങ്ങളുമായിട്ടുള്ള ഈ അടിസ്ഥാനപരമായ പാളിച്ചയെ മാറ്റി ശരിയായ തലത്തിലെത്തുന്നതിന് പാശ്ചാത്യ വേദശാസ്ത്ര മണ്ഡലം ഇപ്പോഴും ശ്രമിക്കുന്നതേയുള്ളൂ. അവിടെ മാറ്റം വേണമെന്നതാണ് ഗ്രിഗോറിയസ് തിരുമേനിയുടെ അഭിപ്രായം.

മനുഷ്യാവതാരത്തിൽ മാനുഷികമൂല്യത്തെ അഗസ്റ്റിൻ വളരെ താഴ്ന്ന നിലയിൽ മാത്രം കാണുന്നതുകൊണ്ട്, മനുഷ്യനെപ്പറ്റി തന്നെ അദ്ദേഹത്തിനുള്ള ചിന്താമൂല്യം വളരെ കുറവാണ്. പാപം എന്നത് സ്വാഭാവികവും മനുഷ്യസഹജവും മാത്രമാണെന്ന ആശയം വച്ചുകൊണ്ട്, മനുഷ്യനുള്ള സ്വാതന്ത്ര്യവും മാന്യതയും നിഷേധിക്കുന്നതിന് പാശ്ചാത്യ സഭകളെ അഗസ്റ്റിൻ പ്രേരിപ്പിച്ചു. ആ മനുഷ്യർ ക്രൈസ്തവരോ അക്രൈസ്തവരോ ആയാലും ഇതുതന്നെയായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ, മനുഷ്യൻ അടിമയെപ്പോലെ ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കപ്പെട്ടവൻ ആണെന്ന് അദ്ദേഹം വിശേഷിപ്പിക്കുന്നു. ദൈവത്തെ ഏകപക്ഷീയമായ ഒരു സ്വേഛാധിപതിയായും വിവരിക്കുന്നു. മനുഷ്യന്റെ മഹത്വത്തിന്റേയും കഴിവിന്റേയും ചിലവിൽ മഹത്വം നേടുന്ന കൈസറുമാരോടാണ് ഇക്കാര്യം ഉപമിച്ചിരിക്കുന്നതും, മനുഷ്യന്റെ മഹിമയിലും ഐശ്വര്യത്തിലും നിന്നു കൊണ്ട്, മഹത്വീകരിക്കപ്പെടാവുന്ന ഒരു ദൈവത്തിനു മാത്രമേ മഹത്വീകരണത്തിനർഹതയുള്ളെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

നാലാമത് വ്യക്തികളുടെ പാപം എന്ന കാര്യത്തിൽ ജന്മപാപവും കർമ്മ പാപവും എന്നതിൽ അഗസ്റ്റിനുണ്ടായിരുന്ന മുൻവിധികൾ മൂലം അദ്ദേഹത്തിന്റെ ധാരണകളും പ്രബോധനങ്ങളും തെറ്റിപ്പോയി. അത് മനുഷ്യനെ ദൈവത്തെപ്പോലെ തന്നെ കാണുന്നതിനും പരിഗണിക്കുന്നതിനും, മാനവരാശിയുടെ പരിപൂർണ്ണതയിലേക്ക് അവനെ കൊണ്ടുവരുന്നതിനുള്ള ചിന്തയിലാണെത്തിച്ചത്. ഇന്ന് നാം രക്ഷയെപ്പറ്റി തെറ്റായ ഒരു കാഴ്ചപ്പാടിലെത്തി നിൽക്കുകയാണ്.

അഞ്ചാമത്, മാനവനിലനിൽപ്പിന്റേയും മനുഷ്യാവതാരത്തിന്റെയും സുപ്രധാന ഘടകമായ കൗദാശിക തത്വങ്ങളെ അഗസ്റ്റിൻ ശരിയായ രീതിയിൽ മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടതിനാൽ മനുഷ്യന്റെ പരിപൂർണ്ണതയ്ക്കുവേണ്ടി അനുഷ്ഠിക്കപ്പെടുന്നവയെ വികലമായ രീതിയിലാണദ്ദേഹം വ്യാഖ്യാനിച്ചതും പഠിപ്പിച്ചതും. തെറ്റായ ധാരണകൾ മൂലം പട്ടത്വത്തെപ്പറ്റിയും ദൈവരാജ്യത്തെപ്പറ്റിയും ഉള്ള അദ്ദേഹത്തിന്റെ ആശയങ്ങളും തെറ്റായിരുന്നു.

ചരിത്രപരവും ഇപ്പോൾ നിലനിൽക്കുന്നതുമായ പാശ്ചാത്യ വേദശാസ്ത്രത്തിന് ആവശ്യമുള്ള തിരുത്തലുകൾ വരുത്തേണ്ടിയിരിക്കുന്നുവെന്ന് നൈസയിലെ ഗ്രിഗറിയുടെ വീക്ഷണങ്ങളെ ചൂണ്ടികാണിച്ചുകൊണ്ട് മാർ ഗ്രിഗോറിയോസ് സമർത്ഥിക്കുന്നു. നിസായിലെ ഗ്രിഗറിയെപ്പോലെ അദ്ദേഹം ശാസ്ത്രത്തേയും തത്വചിന്തകളേയും, ക്രിസ്തീയ വേദശാസ്ത്രവുമായി ഒന്നിച്ചു ചേർത്തു. മാർ ഗ്രിഗോറിയോസ് ഇതുമായി ബന്ധപ്പെട്ട് പ്രസ്താവിച്ചിട്ടുള്ളത് താഴെ ഉദ്ധരിക്കട്ടെ.

ശാസ്ത്രത്തിനെതിരല്ലാത്തതും അതിനെ ഉപയോഗപ്പെടുത്താൻ എളുപ്പമുള്ളതും പരാജയപ്പെടാത്തതുമായ ഒരു തത്വശാസ്ത്ര സംഹിത രൂപീകരിക്കുന്നതിന് ഗ്രിഗറിക്ക് അസാധാരണമായ ഒരു കഴിവാണുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ തത്വശാസ്ത്രത്തിന്റേയും ശാസ്ത്രത്തിന്റേയും പാരമ്പര്യങ്ങളുടെ സമന്വയം മാത്രമല്ലായിരുന്നു അദ്ദേഹത്തിന്റെ ജ്ഞാനമണ്ഡലം. ക്രിസ്തീയ പാരമ്പര്യങ്ങൾക്കും, തത്വശാസ്ത്രപരവും ശാസ്ത്രീയവുമായ കണ്ടെത്തലുകൾക്കും വേണ്ടി ക്രിസ്തീയ പാരമ്പര്യങ്ങളിൽ മതിയായ വ്യതിയാനങ്ങൾ വരുത്താമെന്ന ഉറച്ച വിശ്വാസം അദ്ദേഹത്തിനുണ്ടായിരുന്നു. ശാസ്ത്രത്തേയും തത്വശാസ്ത്രത്തേയും അദ്ദേഹം ക്രിസ്തീയ പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ സമന്വയിപ്പിച്ചു. ത്രിത്വത്തിന്റെ (ദൈവത്തിന്റെ) മനുഷ്യാവതാരം കേന്ദ്രബിന്ദുവായി സ്വീകരിച്ചുകൊണ്ടുള്ള ക്രിസ്തുമതത്തിലെ, നൈസിയൻ പാരമ്പര്യത്തിലെ തത്വശാസ്ത്രമാണിവിടെ മാർ ഗ്രിഗോറിയോസിന്റെ ആനുകാലിക ശാസ്ത്ര - തത്വശാസ്ത്രങ്ങളുടെ വിശദീകരണത്തിൽ പ്രയോഗിച്ചിരിക്കുന്ന രണ്ടു പ്രധാന പദപ്രയോഗങ്ങൾ. ഇതിലാണ് പ്രപഞ്ചത്തിന്റെ സർവ്വതോന്മുഖമായ ഐക്യസങ്കലനം എന്നതും, മനുഷ്യൻ അതിസൂക്ഷ്മമായ അഥവാ ഒരു പ്രപഞ്ച സംഗ്രഹം എന്നതും.

റഷ്യൻ ഓർത്തഡോക്സ് വേദശാസ്ത്രജ്ഞരായ സോളോയുവേ, ബർഗക്കോവ്, ലോസാക്കി തുടങ്ങിയവരുടെ കൃതികൾ മെത്രാപ്പോലീത്ത വിശകലനം ചെയ്തു പഠിക്കുകയുണ്ടായി. വേദശാസ്ത്രം വളരെ ഭംഗിയായി ചിട്ടപ്പെടുത്തിയ നിസായിലെ അഗാധ ചിന്തകനായ ഗ്രിഗറിയുടെ ആശയങ്ങളെയും കാഴ്ചപ്പാടുകളെയും ഇരുവരും സമ്മതിച്ച് അംഗീകരിച്ചിട്ടുണ്ട്. ഗ്രിഗറിയുടെ ഉൾക്കാഴ്ചയെ വിശദമായി മനസിലാക്കുന്നതിനും അവയുടെ ആഴങ്ങളിലെത്തുന്നതിനും ഈ കൃതികൾ അവർ ആലംബമായി സ്വീകരിക്കയുണ്ടായി. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നയാളും എഴുത്തുകാരനുമായിരുന്ന നിസായിലെ ഗ്രിഗറിയുടെ ചിന്താധാരകളുമായി 20-ാം നൂറ്റാണ്ടിലെ വേദശാസ്ത്രജ്ഞൻ ഇത്രമാത്രം ഒത്തുചേരുന്നത് താഴെപ്പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

(1) ക്രൈസ്തവ വിശ്വാസം മനസിലാക്കുന്നതിന് എക്കാലവും ബഹുമാനപുരസരം സ്വീകരിക്കപ്പെടുന്ന രണ്ടാമത്തെ ഒരു മാർഗ്ഗം നിസായിലെ ഗ്രിഗറി കാണിച്ചുതരുന്നുണ്ട്. അത് പൗരസ്ത്യ ഓർത്തഡോക്സ് സഭ പരക്കെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന വഴിതന്നെയാണ്.

(2) വേദശാസ്ത്ര പണ്ഡിതനായ പ്രസ്തുത ക്രൈസ്തവ പിതാവിന് ഈ ലോക ജീവിതത്തെപ്പറ്റി ഒരു പ്രത്യേക സമീപനമാണുള്ളത്. പരിസ്ഥിതിപ്രശ്നങ്ങളെപറ്റി വളരെ ഗൗരവബുദ്ധിയോടെ കാണുന്ന ഒന്നായിരുന്നു അത്. മനുഷ്യനും സൃഷ്ടിയിലെ ജീവജാലങ്ങളും സൃഷ്ടി ഒന്നായുള്ള ബന്ധവും വ്യക്തമാക്കുന്ന ആ ദർശനം ഇന്നത്തെ നമ്മുടെ ആധുനിക വ്യവസായ സംസ്ക്കാരമെന്ന പ്രശ്നത്തെ നേരിടുന്നതിനുള്ള ഒരു പുതിയ സമീപനമാണ് പ്രദാനം ചെയ്യുന്നത്.

(3) 'വിമോചന' വേദശാസ്ത്രവക്താക്കൾക്കും നമ്മുടെ കാലഘട്ടത്തിലെ സ്വാതന്ത്ര്യത്തിന്റെയും അധികാരത്തിന്റേയും പ്രശ്നങ്ങളെപറ്റി വ്യാകുലപ്പെടുന്നവർക്കും വേണ്ടി ആനുകാലിക ചിന്താവിഷയമായ മനുഷ്യസ്വാതന്ത്ര്യത്തെപ്പറ്റി ഗ്രിഗറിക്ക് വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് പറയാനുള്ളത്.

(4) അക്രൈസ്തവ വിഭാഗത്തോടുള്ള സമീപനവും അവരെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തുകൊണ്ടു വരുന്നതിലുമൊക്കെ ഉപരിയായി വളരെ തുറന്ന മനോഭാവം ക്രിസ്തുമതത്തിന് ഉണ്ടായി

രിക്കണം എന്നത് ക്രിസ്തുമതത്തിന്റെ മൗലിക ധർമ്മമായിരിക്കണമെന്ന ഗ്രിഗറിയുടെ ആശയം സാധ്യമാക്കിതീർക്കുന്നു.

(5) യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തെക്കുറിച്ച് റോമൻ കത്തോലിക്കാ സഭാംഗങ്ങൾക്കും, പ്രൊട്ടസ്റ്റന്റുകാർക്കും, ഓർത്തഡോക്സുകാർക്കും ഒരുപോലെ സ്വീകാര്യമായ രീതിയിൽ ഒരു പുതിയ വ്യാഖ്യാനവും വിശദീകരണവും ഗ്രിഗറിയുടെ ചിന്താഗതിയും ആശയങ്ങളും സാധ്യമാക്കി.

അദ്ദേഹത്തിന്റെ ചിന്തകൾ ഇടുങ്ങിയവയോ, പ്രാദേശികമോ അല്ല. അവ ആഗോള പ്രാതിനിധ്യത്തിന്റെയും മാനവികതയുടെയും നല്ല അർത്ഥത്തിലുള്ളവയാണ്.

(6) ആധുനിക, ശാസ്ത്ര, പ്രാദേശിക, വേദശാസ്ത്രത്തെപ്പറ്റി ഗ്രിഗറിക്ക് വളരെ പ്രധാനപ്പെട്ട ഒന്നാണ് പറയുവാനുള്ളത്. ശാസ്ത്രവും സാങ്കേതിക വിദ്യകളും എന്ന രണ്ട് കാര്യങ്ങൾക്ക് വലിയ വില കല്പിക്കുകയും അതേസമയം അവയുടെ സ്വാധീന വലയത്തിൽ നമ്മെ ഒഴിച്ചുമാറ്റി നിർത്തുന്നതുമാണ് ഗ്രിഗറിയുടെ ആശയങ്ങൾ. നാസിയിലെ ഗ്രിഗറിയുടെ വാക്കുകളിലേതു തന്നെയാണ് മാർ ഗ്രിഗോറിയോസിന്റെ വ്യക്തമായ ആശയങ്ങളും. തത്വജ്ഞാനിയും വേദശാസ്ത്രചിന്തകനുമായ അദ്ദേഹത്തിന്റെ ബുദ്ധിവിശേഷത്തെയും ഒരു എഴുത്തുകാരനെന്ന നിലയിൽ അദ്ദേഹത്തിന്റെ വ്യക്തിത്വത്തേയും ഉയർത്തി കാണിക്കുന്നവയാണ് അവ.

നാസിയിലെ ഗ്രിഗറി ആവിഷ്ക്കരിച്ച സുപ്രധാന വേദശാസ്ത്ര ആശയങ്ങൾ രണ്ട് ആശയമണ്ഡലങ്ങളുടേതാണ്. അവ തുടർച്ചയില്ലായ്മയും തുടർച്ചയുമാണ്. സ്രഷ്ടാവിനും സൃഷ്ടിക്കുമിടയിൽ അഥവാ അവ തമ്മിലുള്ള ബന്ധത്തിൽ, തുടർച്ചയുണ്ടെന്നും തുടർച്ചയില്ലെന്നും കപ്പദോക്യൻ പിതാക്കന്മാർ പറഞ്ഞു ഫലിപ്പിച്ചു. തുടർച്ചയില്ലായ്മ രണ്ടു വിധത്തിലാണ്. (എ) സൃഷ്ടി മുഴുവൻ നിലനിൽക്കുന്നതും ചലിക്കുന്നതും ദൈവത്തിന്റെ ഇഷ്ടപ്രകാരവും ദൈവത്തിന്റെ ജ്ഞാനത്തിലും ദൈവവചനം കൊണ്ടുമാണ്. അതില്ലാതെ സൃഷ്ടി ഒന്നുമില്ലതാനും. (ബി) സൃഷ്ടി ദൈവത്തിന്റെ ക്രിയാത്മകമായ ഊർജ്ജ സ്പന്ദനത്തിൽ പങ്കെടുക്കുന്നു. അതിനാൽ സൃഷ്ടിയ്ക്ക് തനതായി ക്രിയാത്മകവും സൃഷ്ടിയുടെ പൂർത്തീകരണത്തിന് ഉതകുംവിധവും പ്രവർത്തിക്കാൻ കഴിയുന്നു. തുടർച്ചയില്ലായ്മ ഉണ്ടാകുന്നത് സ്രഷ്ടാവിന്റെ ഭാഗത്തുനിന്നു മാത്രമാണ്.

തുടർച്ചയില്ലായ്മ അഥവാ വിട്ടുനിൽക്കൽ അല്ലെങ്കിൽ വേർപെട്ടു നിൽക്കൽ എന്നതാണ് ഗ്രിഗറിയുടെ ചിന്തകളുടെ കേന്ദ്രബിന്ദു. അത് മൂന്ന് രീതിയിലാണ്.

(എ) ദൈവത്തോട്, ക്രിയാത്മകമല്ലാത്ത രീതിയിൽ

(ബി) സൃഷ്ടിയോട് ക്രിയാത്മകമായിട്ട്.

(സി) ദൈവവും മനുഷ്യനും തമ്മിലുള്ള പരസ്പര ബന്ധത്തിൽ വിശേഷിപ്പിക്കപ്പെട്ടിട്ടുള്ളൊരു പ്രത്യേക അർത്ഥത്തിൽ.

ഡയസ്റ്റെമ എന്ന പദം 'ദൈവ' സ്വഭാവം വിശദീകരിക്കാനാണ് ഉപയോഗിച്ചിരിക്കുന്നത്. സൃഷ്ടിയുടെ ബന്ധം കാണിക്കുന്നത് താഴെപ്പറയുന്ന വിഷയങ്ങളിലാണ്. (എ) ഒരു തരത്തിൽ ദൈവം ഒരു സൃഷ്ടിയല്ലായെന്ന നിലയിൽ ദൈവത്തിൽ ആന്തരികമായ ഒരു ഇടർച്ചയില്ലായ്മയോ – വിപുലീകരണമോ –വിടവോ ഒന്നും തന്നെയില്ല. സമയ സ്ഥല പരിധികൾ ദൈവത്തിനു ബാധകമല്ല. അതിനാൽ ത്രിത്വത്തിലെ ആളത്വങ്ങളിലോ, അവർ തമ്മിലോ സമയസ്ഥലവിടവില്ല. (ബി) മറ്റൊരു തരത്തിൽ സൃഷ്ടിക്കപ്പെട്ടതെല്ലാം സൃഷ്ടി സ്വഭാവം കൊണ്ടു തന്നെ സ്ഥല കാല വിപുലീകരണത്തിന് വിധേയപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സൃഷ്ടിക്കപ്പെട്ട ലോകത്തിന്റെ പ്രത്യേകതയാണ് തുടർച്ചയില്ലായ്മ.

(സി) ദൈവവും (സ്രഷ്ടാവ്) സൃഷ്ടിയും തമ്മിലുള്ള പരസ്പര ബന്ധങ്ങളിൽ മനുഷ്യന്റെ മനസ്സിനോ അല്ലെങ്കിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഏതൊരു മനസ്സിനോ ചിന്തിച്ച് എത്താനാവാത്തത്ര നിഗൂഢത നിലനിൽക്കുന്നുണ്ട്.

സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള തുടർച്ചയില്ലായ്മ എന്നതിന് താഴെപ്പറയുന്ന പ്രത്യേകതകളാണ് ഉള്ളത്.

(എ) സകല സൃഷ്ടികളും തുടർച്ചയില്ലായ്മയെ തുല്യമായിത്തന്നെ പങ്കിട്ടനുഭവിക്കുന്നു. തുടർച്ചയില്ലായ്മ അനുഭവിക്കാത്ത ഒരൊറ്റ സൃഷ്ടിപോലുമില്ല.

(ബി) സ്രഷ്ടാവിൽ തുടർച്ചയില്ലായ്മ തീരെ ഇല്ല. ദൈവത്തെപ്പറ്റിയുള്ള ബൃഹത്തായതും, നമ്മുടെ ചിന്തകൾക്കതീതമായതുമായ ആശയങ്ങളെ പറ്റി ഇവിടെയാണ് നമുക്ക് ബോധ്യമാകുന്നത്.

(സി) ദൈവത്തിനും സൃഷ്ടികൾക്കുമിടയിൽ ഒരു ദിശയിൽ മാത്രമുള്ള തുടർച്ചയില്ലായ്മ ഉണ്ട്. ദൈവം മനുഷ്യന്റെ പരിധികൾക്കും ബുദ്ധിക്കും അപ്പുറമാണ്. തുടർച്ചയില്ലായ്മ എന്നത് – സകല സൃഷ്ടികളെയും ഉൾക്കൊള്ളുന്ന ഒരു വലയമാണ്. അതിൽ നിന്നും സൃഷ്ടികൾക്കോ മാലാഖമാർക്കോ വെളിയിലെത്താനാവില്ല.

ദൈവത്തിന്റെ പരിപൂർണ്ണതയുടെ വ്യാപ്തിയോ കഴിവുകളോ ജ്ഞാനമോ പ്രത്യേകതകളുടെ ബാഹുല്യത്തിന്റെ വിശദാംശങ്ങളോ നമ്മുടെ ചിന്തയുടെ വിഷയമല്ല. ആ മഹാ പ്രതിഭാസങ്ങളെ ആരാധിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുക എന്നതുമാത്രമാണ് സകല സൃഷ്ടികളുടെയും ദൗത്യം. സൃഷ്ടിക്കപ്പെട്ടവയ്ക്കെല്ലാം അളവുകളും അതിർത്തികളും ഉള്ളതാണ്. ഗ്രിഗറി വിശദീകരിക്കുന്ന സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധത്തിന് അസാധാരണമായ മറ്റൊരു പ്രത്യേകതയുണ്ട്. അത് ഒരു ദിശയിൽ മാത്രമുള്ള ഒരു വിടവാണ്. ദൈവത്തിന്റെ ഭാഗത്തുനിന്നും അങ്ങനെ ഒരു വിടവ് ഇല്ലതാനും.

(ഡി) സ്രഷ്ടാവിനും സൃഷ്ടിക്കുമിടയിലുള്ള തുടർച്ചയില്ലായ്മ, സകല സൃഷ്ടികളിലും നിരന്തരമായ വ്യതിയാനങ്ങൾ സൃഷ്ടിക്കുന്നു. സൃഷ്ടിക്കപ്പെട്ട സകലതിന്റെയും ഒരു പ്രത്യേകതയാണ് അവ നിരന്തരം വ്യതിയാനപ്പെട്ടുകൊണ്ടിരിക്കുന്നു എന്നത്.

സകല സൃഷ്ടിക്കും "ആരംഭം" മുതൽ അവസാനം വരെയുള്ള ചലനങ്ങൾ സൃഷ്ടിനിയമമനുസരിച്ച് നിർബന്ധമാണ്. ദൈവത്തിന്റെ വീക്ഷണത്തിൽനിന്നും സ്രഷ്ടാവിനും സൃഷ്ടിക്കുമിടയിൽ തുടർച്ചയില്ലായ്മയെന്ന ഒന്നില്ല. തുടർച്ചയില്ലായ്മ എന്നത് അനുഭവപ്പെടുന്നത് അത് സ്ഥലകാല വ്യാപ്തിയുടെ വിപുലീകരണത്തിലും സ്രഷ്ടാവിനും സൃഷ്ടിക്കുമിടയിലുള്ള വിടവിലുമാണ്.

സൃഷ്ടിയുടെ തുടർച്ചയും പങ്കാളിത്തവും

സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധത്തിൽ പങ്കുചേരലുള്ളതുകൊണ്ടുതന്നെ തുടർച്ചയും അനുഭവവേദ്യമാകുന്നു. ദൈവത്തിന്റെ പങ്കാളിത്തവും തീരുമാനവും ഊർജ്ജവും ജ്ഞാനവുമില്ലെങ്കിൽ, ഒരു സൃഷ്ടിക്കും നിലനിൽക്കാനാവില്ല. സമസ്ത സൃഷ്ടിയും ക്രിസ്തുവിലും മനുഷ്യനിലും, മനുഷ്യനിലൂടെയും ഇടനിലക്കാരൊന്നുമില്ലാതെ ദൈവത്തിന്റേതു തന്നെയായ ക്രിയാത്മകമായ ഊർജ്ജസ്രോതസ്സിൽ പങ്കാളികളാകുന്നു എന്ന ക്രിയാത്മകമായ ഉൾക്കാഴ്ചയെ ഗ്രിഗറിയുടെ ആശയപരമായ സംഭാവനകൾ വ്യക്തമാക്കുന്നു.

ഗ്രിഗറിയുടെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ, ഭൗതിക പദാർത്ഥങ്ങൾ ദൈവത്തിന് അപരിചിതമോ വിദേശീയമോ അല്ല എന്നതു പോലെ മറ്റൊരു സൃഷ്ടിയിൽ നിന്നും കുറഞ്ഞതോ അല്ലാ എന്ന് മാർ ഗ്രീഗോറിയോസ് വ്യക്തമാക്കുന്നു. എന്നു മാത്രവുമല്ല മറ്റെല്ലാ വസ്തുക്കളെയും പോലെ അവയും ദൈവത്തിന്റെ നിശ്ചയത്തിൽ നിന്നും ജ്ഞാനത്തിൽ നിന്നും സൃഷ്ടിക്കപ്പെട്ടവയായതുകൊണ്ട് അത് മറ്റുള്ള ഒന്നിനേക്കാളും ഒരുതരത്തിലും ഒരു കാര്യത്തിലും ഒട്ടും താണതുമല്ല. എന്നാൽ നാം ഒരിക്കലും ഭൗതിക പദാർത്ഥങ്ങളെ വെറും പദാർത്ഥങ്ങളായിട്ടല്ല കാണുന്നത്. എന്നാൽ ചില പ്രത്യേകതകളും സവിശേഷതകളും ഉള്ളവയായിട്ടാണ് കാണുന്നതും അനുഭവിക്കുന്നതും. ഭൗതിക പദാർത്ഥങ്ങളും അവയുടെ ഗുണവിശേഷങ്ങളും മേന്മകളും ഒത്തുചേരുമ്പോൾ ദൈവേഷ്ടവും ദൈവശക്തിയും നമുക്ക് കാണാൻ കഴിയും.

ഊസിയയും (ousia-സാരാംശം) എനേർജിയയും (ശക്തി) തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രിഗറി പങ്കാളിത്തത്തെ വിവരിക്കുന്നത്. അദ്ദേഹം ആ സംജ്ഞകളെ ഹ്രസ്വമായി നിർവ്വചിക്കുകയും അവ തമ്മിലുള്ള പരസ്പരബന്ധത്തെ വിശദീകരിക്കുകയും ചെയ്യുന്നു.

ഊസിയ എന്നതുകൊണ്ട് ഗ്രിഗറി അർത്ഥമാക്കുന്നത് ഇപ്രകാരമാണ്. ആരുടെ കാര്യം അല്ലെങ്കിൽ വിഷയമാണോ പ്രവചിക്കുന്നത് അവയുടെ ഗുണങ്ങളെയുമല്ലാ പ്രവർത്തികളെയുമല്ല, എന്നാൽ ഇവ രണ്ടും ഒന്നിച്ചു ചേരുന്നതിനെ പ്രവർത്തിയുടെ സൽഗുണങ്ങളെയും ശക്തിയേയും കൂടാതെയുള്ള അവസ്ഥയാണ് ഊസിയ. ഇതുവരെ ഉണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായിരിക്കും പിന്നീട്. എന്നാൽ അത് സത്ഗുണങ്ങളും പ്രവർത്തികളും എന്നതിന്റെ യുക്തിയെക്കാളും അനുരൂപതയെക്കാളും കവിഞ്ഞതാണ്.

പങ്കാളിത്തം സജീവമാകുന്നത് ദൈവഹിതം ഭൂമിയുമായി ബന്ധപ്പെടുമ്പോഴാണ്. ശൂന്യതയിൽ നിന്നും നിലനിൽപ്പിന്റെ അവസ്ഥയിലേക്ക് കൊണ്ടുവരുന്ന പ്രക്രിയയിലെ നന്മ അത് പങ്കുവയ്ക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. ആയിരിക്കുന്ന അവസ്ഥയിൽ നല്ലതെന്നും, ആയിരിക്കുന്ന അവസ്ഥയിൽ തന്നെ നിലനിൽക്കുന്നതെന്നുമുള്ള രീതിയിലും, പങ്കാളിത്തത്തിൽ നല്ലതെന്നും പങ്കാളിത്തത്തിൽ നിലനിൽക്കുന്നതെന്നുമുള്ള രീതിയിലും അടിസ്ഥാനപരമായ വ്യത്യാസമുണ്ട്.

പങ്കാളിത്തത്തോടെ നിലനിൽക്കുന്നതും ജീവിതത്തിൽ നന്മയിൽ നിലനിൽക്കുക എന്നതും അവിഭാജ്യമായ അവസ്ഥയാണ്.

നിലനിൽപ്പിലും ജീവിതത്തിലും ദൈവത്തിന്റെ നന്മയിലും അനുഭവങ്ങളെ നമുക്ക് ദൈവകൃപയിലൂടെ യാണ് ലഭിച്ചിരിക്കുന്നത്. അതാണ് നമ്മുടെ ജീവൻ നിലനിർത്താനും നന്മയിൽ തുടരാനും നിദാനമായിരിക്കു ന്നത്. ഇത് മനുഷ്യന്റെ പ്രത്യേകതയുടെ ഒരു ഭാഗമാണ്. ആയിരിക്കുന്ന അവസ്ഥയിൽ പങ്കാളിത്തത്തോടെ കഴിയുക എന്നതും ജീവിതത്തിൽ നന്മ ഭവിക്കുക എന്നതും മനുഷ്യന്റെ പാപവീഴ്ചയ്ക്ക് മുമ്പുള്ള അവസ്ഥ യായിരുന്നു. അതിലേക്കുള്ള പുനരാഗമനമാണ് മനുഷ്യാവതാരത്തിൽകൂടി സാദ്ധ്യമാകുന്നതെന്നാണ് വി. ഗ്രിഗറി പഠിപ്പിക്കുന്നത്.

സ്വാതന്ത്ര്യം

പ്രപഞ്ചസംബന്ധിയായ സ്വാതന്ത്ര്യവും അധീശത്വവും അധികാരവും മനുഷ്യനിൽ നിന്നും അന്യമല്ലാ യെന്ന മാർ ഗ്രിഗോറിയോസിന്റെ ആശയങ്ങൾ ആകർഷകവും ചിന്തോദ്ദീപകവുമാണ്. അത് ഇപ്രകാര മാണ്.

“അങ്ങനെ ഒരു സ്വാതന്ത്ര്യ അവസ്ഥയുണ്ടെങ്കിൽ അത് ഒരിക്കലും മനുഷ്യനിൽ നിന്നും അകറ്റി നിർത്താ നാവില്ല” എന്നതാണ്. അദ്ദേഹം നാസിയിലെ ഗ്രിഗറിയുടെ സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള അഭിപ്രായങ്ങളെ ഉയർത്തി കാണിക്കുകയാണ്. ഗ്രിഗറി പാപമുക്തിയെ അഥവാ സായൂജ്യത്തെ മനുഷ്യന്റെ സ്വാതന്ത്ര്യവുമായി ബന്ധപ്പെടുത്തുന്നു. അത് ദൈവത്തിന്റെ കൃപയും മനുഷ്യസ്വാതന്ത്ര്യവും തമ്മിലുള്ള ഒരു പരസ്പര ബന്ധത്തിന്റെ ഫലമായാണ് രൂപപ്പെടുന്നത്. ക്രിസ്തുമതത്തിലെ രണ്ട് അടിസ്ഥാന ഘടകങ്ങളായ ദൈവിക അനുഗ്രഹവും കൃപയും മനുഷ്യ ശ്രമങ്ങളും സന്തുലിതാവസ്ഥയിൽ മുന്നോട്ടു കൊണ്ടുവരുന്നതിനുള്ള പൗരസ്ത്യ സഭകളുടെ വേദശാസ്ത്രരംഗത്തെ ശ്രമങ്ങളുടെ ആകെ തുകയായിട്ട് ഗ്രിഗറിയുടെ കൃതിക ളിലെ ആശയങ്ങളെ വിശേഷിപ്പിക്കാം.

മാർ ഗ്രിഗോറിയോസ് വി. ഗ്രിഗറിയുടെ ആശയ വിശദീകരണം അംഗീകരിച്ച് ഇപ്രകാരം പറഞ്ഞിരിക്കു ന്നു: “മനുഷ്യൻ അവന്റെ സ്വഭാവത്തിൽ സ്വതന്ത്രനാണ്. അത് അവൻ ഒരു ക്രിസ്ത്യാനി ആയതുകൊണ്ടോ, അവന് ക്രിസ്തു പാപമോചനം നൽകിയിട്ടുള്ളതുകൊണ്ടോ അല്ല. സൃഷ്ടികൊണ്ടുതന്നെ മനുഷ്യൻ ഭൂമി യുടെ പ്രഭുവോ രാജാവോ ആണ്. അവൻ സമ്പന്നനായവനോ, ഈ ലോകത്തിലെ പാവപ്പെട്ട അടിമയാണെ ങ്കിൽ പോലുമോ ഇത് വാസ്തവമാണ്. പാപം മനുഷ്യന്റെ യഥാർത്ഥ സ്വഭാവം അല്ല. എന്നാൽ സകല മനു ഷ്യർക്കും അവസാനത്തെ മനുഷ്യൻ വരെയുള്ളവർ സ്വതന്ത്രരാണ്”.

സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള ഗ്രിഗറിയുടെ ധാരണയെ മാർ ഗ്രിഗോറിയോസ് ‘സാക്രമെന്റൽ ഹ്യുമാനിസം’ എന്ന തന്റെ ലേഖനത്തിൽ ഇപ്രകാരം പുനരാഖ്യാനം ചെയ്യുന്നുണ്ട്. “സ്വാതന്ത്ര്യം എന്നത് അതിന്റെ ശരി യായ അർത്ഥത്തിൽ, സ്വാഭാവികമായുള്ളതും ലളിതമായുള്ളതുമായ ക്രിയാത്മകതയാണ്. അത് ബാഹ്യ സമ്മർദ്ദം കൊണ്ടുണ്ടാകുന്നതല്ല. നല്ലതിനെ പുതിയ രൂപത്തിൽ ഉൾക്കൊള്ളാനും ആ നന്മകളെ വീണ്ടും സൃഷ്ടിക്കാനുമുള്ള കഴിവാണത്. സ്വതന്ത്രമായിരിക്കുക എന്ന് പറയുന്നത് ഒരുവന്റെ മോഹങ്ങൾകൊണ്ടും ആഗ്രഹങ്ങൾകൊണ്ടും നയിക്കപ്പെടാതിരിക്കുന്നതും തെറ്റായ ധാരണകളാലും അന്തർമുഖ സ്വഭാവങ്ങൾ കൊണ്ടും നയിക്കപ്പെടാത്തതുമായ ഒരു അവസ്ഥയാണ്. സൃഷ്ടിയുടെ ആകൃതിയും രൂപവും ചലനദിശ കളും അർത്ഥംപോലും വ്യതിയാനപ്പെടുത്തിയെടുത്ത് സൃഷ്ടിയുടെ ഒരു ഭാഗമായിരിക്കെത്തന്നെ ഒരു പരി ധിവരെ സൃഷ്ടിതാവാകാനുള്ള അവസരം മനുഷ്യനു നല്കിയിരുന്ന ഒരു വരദാനമാണ് സ്വാതന്ത്ര്യം എന്നത്”.

സ്വാതന്ത്ര്യം എന്ന മാർ ഗ്രിഗോറിയോസിന്റെ ആശയം മനുഷ്യനിൽ മാത്രം ഒതുക്കാതെ അത് നന്മ മാത്രം സൃഷ്ടിക്കുന്ന ദൈവത്തിന്റെ അനന്ത സ്വാതന്ത്ര്യ സീമകളും ഉൾക്കൊള്ളുന്നതാണ്.

അങ്ങനെ ദൈവത്തിന്റെ സ്വാതന്ത്ര്യം എന്നത് തുടർച്ചയില്ലായ്മയിൽ നിന്നും മാറി നിൽക്കുന്നതും ദൈവത്തിന്റെ പരിപൂർണ്ണതയിലുള്ളതും ഊർജ്ജത്തിലും പ്രവർത്തികളിലും സ്ഥിതിചെയ്യുന്നതും ആകു ന്നു. സൃഷ്ടിയുടെ ഉറവിടമായ ആ ഊർജ്ജത്തിൽ നിന്നും സ്ഥലകാലങ്ങളിലൂടെ സൃഷ്ടി നന്മയിലേക്ക് മുന്നോട്ട് നയിക്കപ്പെടുകയും ചെയ്യുന്നു. ദൈവത്തിന്റെ അനന്ത സ്വാതന്ത്ര്യത്തിന്റെ സാക്ഷാത്കാരമാണ് സ്രഷ്ടാവിന്റെ സ്വതന്ത്ര പരിപൂർണ്ണതയിൽ നിന്നും വർഷിക്കപ്പെടുന്ന സ്വതന്ത്രമായ ഊർജ്ജം.

ദൈവത്തിന്റെ അളവില്ലാത്ത ഉടമസ്ഥത സ്വാതന്ത്ര്യത്തിന് കടകവിരുദ്ധമല്ല. സൃഷ്ടി ദൈവത്തിൽനിന്നും നീട്ടിയെടുത്തതല്ല. എന്നാലത് സ്രഷ്ടാവിന്റെ തിരുവിഷ്ടപ്രകാരമുള്ളതാണ്. സൃഷ്ടി എന്ന അവസ്ഥ തന്നെ ദൈവേഷ്ടം മൂലമുള്ളതാണ്. സ്വാതന്ത്ര്യമെന്നതും ദൈവത്തിന്റെ ചലനാത്മകതയാണ്. അതുകൊണ്ടു തന്നെ, സൃഷ്ടി ചലനാത്മകവും സ്വാതന്ത്ര്യവുമാണ്.

ഗ്രിഗറി സ്വാതന്ത്ര്യം എന്നതിന്റെ പശ്ചാത്തല ആശയം രൂപീകരിച്ചത് ‘എൽയുത്തേറിയ’ എന്ന പദം വ്യാഖ്യാനിച്ചുകൊണ്ടാണ്. ജഡവികാരങ്ങളോ കാപട്യമോ ഇല്ലാത്തതും ജനനത്തിൽ നിന്നും മരണത്തിൽ നിന്നും വിടുതൽ നേടിയതും അഥവാ മരണമില്ലാത്തതും എന്ന അർത്ഥം. എന്നാൽ സ്വമനസ്സോടുള്ള ആത്മീയത അല്ലെങ്കിൽ ലൗകീകവും ആത്മീയവുമായ രണ്ടു തലങ്ങളിലും ‘തത്ത്വസന്തുലിതാവസ്ഥ’ നഷ്ട

പ്പെടാതെ ജീവിതം ആസ്വദിക്കാനുള്ള കഴിവ് എന്നത്രേ. 'പാർഹെസ്യ' എന്നാൽ പരമാധികാരത്തിലേക്കുള്ള സ്വാതന്ത്ര്യം എന്നത്രേ അർത്ഥം. സൃഷ്ടിയായ മനുഷ്യന്റെ സ്വാതന്ത്ര്യം കാണിക്കുന്നതിന് അഥവാ വിശദീകരിക്കുന്നതിന് പരസ്പരം വെച്ചുമാറാവുന്ന അഞ്ചു വാക്കുകൾ ഗ്രിഗറി ഉപയോഗിച്ചിട്ടുണ്ട്.

ആ വാക്കുകൾ ഇവയാണ്. അഡൗലോട്ടോസ്, അഡസ്പോട്ടോസ്, ഓട്ടോകാരിസ്, ഓട്ടെക്സിയസിസ്, എലെവ്ത്തിയോറസ്. ഫാ. ഡോ. ജേക്കബ്ബ് കുര്യൻ, എലെവ്ത്തിയോറസ് എന്ന പദം വിശദീകരിക്കുമ്പോൾ മാർ ഗ്രിഗോറിയോസിന്റെ ദൈവമനുഷ്യ ബന്ധത്തെപ്പറ്റി പറയുന്നത്, നിസായിലെ ഗ്രിഗറിയുടെ ആശയങ്ങളുടെ വെളിച്ചത്തിലാണ്.

ക്രൈസ്തവ വേദശാസ്ത്രത്തിന്റെ അടിസ്ഥാനപരമായ ഒരു വിശ്വാസം ഇതാണ്. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള വ്യത്യാസം ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിലെ എല്ലാ തലങ്ങളിലും ഉണ്ടായിരിക്കണം. അങ്ങനെയുള്ള ഒരു വ്യത്യസ്തതയുണ്ടെങ്കിലെ ക്രിസ്തുവിന്റെ മനുഷ്യാവതാരം അർത്ഥപൂർണ്ണമാകൂ. വളർച്ചയും വ്യത്യാസവും സൃഷ്ടിക്കപ്പെട്ട സകലതിന്റെയും സ്വാഭാവ പ്രത്യേകതകളാണ്. അതുകൊണ്ട് എലെവ്ത്തയോറയുടെ ശരിയായ തലങ്ങളിൽ വളർച്ചയ്ക്കും, വ്യത്യാസത്തിനും സ്ഥാനം ഉണ്ടായിരിക്കണം. സ്വതന്ത്ര വേദശാസ്ത്രത്തോട് ചായ്‌വ് വരാതെ അഗസ്റ്റിന്റെ ചിന്താഗതികൾക്കെതിരായി പ്രതികരിക്കാനും പിതാക്കന്മാരുടെ പാരമ്പര്യം ഉയർത്തിപ്പിടിക്കാനും ഗ്രിഗറിയുടെ പഠനങ്ങളാണ് മാർ ഗ്രിഗോറിയോസിനെ സഹായിച്ചത്. മാർ ഗ്രിഗോറിയോസ് ഇപ്രകാരം പ്രസ്താവിക്കുന്നു, "അഗസ്റ്റിന്റെ ആശയങ്ങൾക്കെതിരായുള്ള എന്റെ പ്രതികരണം എന്നെ ഉപരിപ്ലവമായ സ്വതന്ത്ര വേദശാസ്ത്രത്തിലേയ്ക്ക് കൊണ്ടെത്തിച്ചില്ല." (ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശാബ്ദങ്ങളിൽ പാശ്ചാത്യ പ്രദേശങ്ങളിൽ പലരും ചെയ്തതുപോലെ)

ഭാരതീയ പാരമ്പര്യങ്ങളിലേയ്ക്കുള്ള അഭിഗമ്യത

ദൈവവും, സൃഷ്ടിക്കപ്പെട്ട ലോകവുമായുള്ള ബന്ധത്തിൽ ശ്രീശങ്കരന്റെയും നിസായിലെ വി. ഗ്രിഗറിയുടെയും ചിന്തകൾ ചേർച്ചയുള്ളതാണെന്ന് മാർ ഗ്രിഗോറിയോസ് വിലയിരുത്തുന്നു.

ഗ്രിഗറിയുടെ അഭിപ്രായത്തിലും സൃഷ്ടിക്ക് യോഗ്യമായ സത്യാവസ്ഥയേയുള്ളു. ദൈവേഷ്ടംകൊണ്ട് മാത്രമാണ് സൃഷ്ടികൾ നിർമ്മിക്കപ്പെട്ടതും നിലനിൽക്കുന്നതും. ശ്രീശങ്കരന്റെയും ഗ്രിഗറിയുടെയും അഭിപ്രായത്തിൽ, ഈ ലോകം ആത്യന്തികമായി യാഥാർത്ഥ്യമല്ല.

ആത്യന്തികമായ സത്യം സൃഷ്ടിക്കതീതവും, പൂർണ്ണ സ്വാതന്ത്ര്യവുമാണെന്ന ഗ്രിഗറിയുടെ സിദ്ധാന്തത്തെ ശ്രീശങ്കരൻ ശരിയാണെന്നു സമ്മതിക്കുന്നു എന്ന് മാർ ഗ്രിഗോറിയോസ് വിശദമാക്കുന്നുണ്ട്.

മനുഷ്യൻ ശരീരവും ആത്മാവും ചേർന്നതാണെന്ന് രാമാനുജനും പറയുമ്പോൾ ആ ചിന്ത ഗ്രിഗറിയുടേതിനോട് ഏറ്റവും അടുത്ത ഒന്നാണ്. ശരീരവും ആത്മാവും ഒന്നുചേർന്നത് ബ്രഹ്മനാണെന്ന രാമാനുജ വാദത്തിന്റെ അടിസ്ഥാനത്തിൽ മാർ ഗ്രിഗോറിയോസ്, രാമാനുജത്തിന്റെയും ഗ്രിഗറിയുടെയും അഭിപ്രായ അന്തരത്തെയും വിവരിക്കുന്നുണ്ട്.

രാമാനുജനെ സംബന്ധിച്ചിടത്തോളം മൂന്ന് ഭാഗങ്ങളെ ഉള്ളൂ. അവ ബ്രാഹ്മണൻ, പുരുഷൻ, പ്രകൃതി എന്നിവയാണ്. എന്നാൽ ഗ്രിഗറി അതിനെ അഞ്ചായി തരംതിരിക്കുന്നു. അവ ദൈവം, മനുഷ്യൻ, മൃഗങ്ങൾ, വൃക്ഷലതാദികൾ, ജീവനില്ലാത്ത വസ്തുക്കൾ എന്നിവയാണ്. ഗ്രിഗറിയെ സംബന്ധിച്ചിടത്തോളം മനുഷ്യനും ബാക്കിയുള്ള സൃഷ്ടികളുമായി അടിസ്ഥാനപരമായ ഒരു വ്യത്യാസമുണ്ട്. അതായത്, ജീവനുള്ളവയും ജീവനില്ലാത്തവയും തമ്മിലുള്ള വ്യത്യാസമെന്നർത്ഥം. മാർ ഗ്രിഗോറിയോസ്, ഗ്രിഗറിയുടെയും ശ്രീശങ്കരന്റെയും ആശയങ്ങളിലെ ചില അടിസ്ഥാന വ്യത്യാസങ്ങളെ ചൂണ്ടിക്കാണിക്കുന്നു.

(എ) ശ്രീശങ്കരന്റെ വാദം മോക്ഷം എന്നത് ഒരു സുബോധമായ അവസ്ഥയാണ്. എന്നാൽ ഗ്രിഗറിയുടെ അഭിപ്രായം അത് തികച്ചും സുബോധത്തോടെയുള്ള ഒന്നാണെന്നത്രെ.

(ബി) ശ്രീശങ്കരൻ പറയുന്നത് ദൈവവും ജീവാത്മാവും തമ്മിൽ സമ്പൂർണ്ണമായ ഏകത്വം ഉണ്ടെന്നാണ്. എന്നാൽ, സ്രഷ്ടാവും സൃഷ്ടിയും തമ്മിൽ പരസ്പരബന്ധമുണ്ടെങ്കിലും അടിസ്ഥാനപരമായ വ്യത്യാസം നിലനിൽക്കുന്നു എന്നാണ് ഗ്രിഗറിയുടെ വിശദീകരണം.

(സി) ആത്മാവ് ശരീരത്തിൽനിന്നും വേർപ്പെട്ട അവസ്ഥയിൽ, ശരീരമെന്നതോ, പ്രവൃത്തി എന്നതോ വചനം(ആശയവിനിമയം) എന്നതോ ഒന്നും ഇല്ല എന്നതാണ് ശ്രീശങ്കരന്റെ വാദം. എന്നാൽ ഉയർത്തെഴുന്നേൽപ്പിലൂടെ, ശരീരമെന്നത് രൂപാന്തരം സംഭവിച്ച് മനുഷ്യനിലെത്തുന്നു എന്നതാണ് ഗ്രിഗറിയുടെ വിശദീകരണം.

(ഡി) ആത്യന്തികമായ സത്യത്തിന്, ചരിത്രപരമായ സത്യം കൂട്ടുനിൽക്കുകയോ യാതൊരു സംഭാവനയും നൽകുകയോ ചെയ്യുന്നില്ലെന്ന് ശ്രീശങ്കരൻ പറയുമ്പോൾ, ഗ്രിഗറി പറയുന്നത്. നിത്യത അല്ലെങ്കിൽ നിത്യജീവന്, നമ്മുടെ പ്രവർത്തികൾ ചരിത്രപരമായിത്തന്നെ നിദാനമാകും എന്നാണ്.

മാർ ഗ്രിഗോറിയോസ് പാരമ്പര്യങ്ങളെ വളരെ ബഹുമാനിക്കുന്നുണ്ട്. എന്നാൽ നിസായിലെ ഗ്രിഗറിയുമായി താരതമ്യപ്പെടുത്തുമ്പോൾ അവ അയോഗ്യമായി മാറുന്നു എന്നും കാണുന്നു.

ഒരു ഭാഗത്ത് നാഗാർജ്ജുനന്റെയും ശ്രീശങ്കരന്റെയും ആശയങ്ങളുടെ പൊരുത്തവും വിഭിന്നതകളും മറുവശത്ത് മാധവന്റെയും അല്ലെങ്കിൽ ഗ്രിഗറിയുടെയും ആശയങ്ങളും എടുത്ത് തുലനം ചെയ്യുമ്പോൾ ഇങ്ങനെ കാണാം. അവയെല്ലാം ഒരാൾക്ക് എന്തായിരിക്കുന്നു എന്നതിനെപ്പറ്റിതന്നെ മനസ്സിലാക്കുന്നതിനുള്ള മുൻവിധികളോ അല്ലെങ്കിൽ ഗ്രിഗറിയുടെ ആശയങ്ങളെക്കാൾ താഴ്ന്നൊരു വിലയിരുത്തലോ ആണ്. ശ്രീശങ്കരന്റെയും നാഗാർജ്ജുനന്റെയും കാര്യത്തിൽ വിശ്വാസതത്വങ്ങൾ മറികടക്കപ്പെട്ടവയാണ്. മറ്റു രണ്ടുപേരുടെ കാര്യത്തിൽ അവ വിശിഷ്ടമായവയാണ്. സത്യം പ്രസ്താവരൂപമാണെന്ന, പാശ്ചാത്യരുടെ ഇപ്പോഴത്തെ കാഴ്ചപ്പാടിനോട് ഈ നാലുപേരും യോജിക്കുന്നില്ല. സത്യം എന്നത് അതിനെപ്പറ്റി പ്രസ്താവിക്കപ്പെടുന്നതിലും വലുതാണ്.

വേദശാസ്ത്രത്തിലും ജീവശാസ്ത്രത്തിലും വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുള്ള നിസായിലെ വി. ഗ്രിഗറിയോട് താൻ കടപ്പെട്ടിരിക്കുന്നു എന്ന് മാർ ഗ്രിഗോറിയോസ് പ്രസ്താവിക്കുന്നുണ്ട്.

സാമാന്യസങ്കൽപ്പം അഥവാ ധാരണ മനുഷ്യനിർമ്മിതമാണെന്നും അതിനാൽ അവ നല്ലതോ, അല്ലാത്തതോ ആകാമെന്നും, ശരിയോ, തെറ്റോ ആകാമെന്നും, വാക്കുകളും ധാരണകളും സത്യത്തെ സൃഷ്ടിക്കുന്നില്ലെന്നും നിസായിലെ ഗ്രിഗറി വ്യക്തമായി പറയുന്നു. ശാസ്ത്രത്തിന് രൂപം നൽകുന്നതും ഇവിടെ പരാമർശിക്കുന്നതുമായ വാക്കുകളും ധാരണകളും, തത്വങ്ങളും, ഊഹങ്ങളും മനുഷ്യന്റെ പൂർണ്ണ വളർച്ചയ്ക്കും വികാസത്തിനും ആവശ്യമാണ്. എന്നാൽ ആ പൂർണ്ണ വളർച്ചയിലെത്തണമെങ്കിൽ അവൻ അവയ്ക്കെല്ലാം അതീതനായിരിക്കണം. അങ്ങനെ അത്തരം ഉയരങ്ങളിൽ മനുഷ്യൻ എത്തുന്നതിന് ന്യായമായും ആവശ്യമാണ് അവ എന്ന് ഗ്രിഗറി വിശ്വസിക്കുന്നു. മാർ ഗ്രിഗോറിയോസ് അദ്വൈതവാദിയായിരിക്കില്ല. എന്നാൽ അദ്ദേഹം ശ്രീശങ്കരന്റെ അദ്വൈതസിദ്ധാങ്ങളുടെ ചട്ടകൂട്ടിൽ നിന്നുകൊണ്ട്, ദൈവവും മാനവരാശിയും ലോകവും തമ്മിലുള്ള ബന്ധങ്ങളെ വിശദീകരിക്കുന്നുണ്ട്.

ദൈവം അതിർത്തികളില്ലാതെ, അനന്തമാണെങ്കിൽ, മാനവരാശിക്കും ലോകത്തിനും ദൈവത്തിന് വെളിയിലായിരിക്കുവാൻ കഴിയുകയില്ല. മാനവരാശിയും ലോകവും ദൈവത്തിലാണെങ്കിൽ, മൂന്ന് സത്യാവസ്ഥകൾ കാണുകയില്ല. അവയെല്ലാം ഒന്നിച്ചു ചേർന്ന ഒന്നു മാത്രമെ കാണുകയുള്ളൂ.

അല്പകാലശേഷം മാർ ഗ്രിഗോറിയോസ് തന്റെ സത്യാന്വേഷണത്തിൽ വേദാന്തചിന്തകളോടൊപ്പം ബുദ്ധമതത്തെ ശ്ലാഘിക്കുന്നു.

നാഗാർജ്ജുനന്റെ മാദ്ധ്യമിക ചിന്തകളും പ്രചരിപ്പിച്ച ശൂന്യ സിദ്ധാന്തങ്ങളിൽ പ്രത്യേകിച്ചും ഭാരതത്തിലെ ബുദ്ധമത പാരമ്പര്യം വളരെ കൂടുതൽ സങ്കീർണ്ണതയുള്ളതായിരുന്നു. സൃഷ്ടിയെപ്പറ്റിയുള്ള ഒരു പ്രസ്താവനയും സത്യമാകണമെന്നില്ല. അത് യഥാർത്ഥത്തിലുള്ളതോ അല്ലാത്തതോ ആകാം. അതിരുകൾ അല്ലാത്തതോ ആകാം. സത്യവസ്തുതകളെല്ലാം ചില പ്രത്യേക സാഹചര്യങ്ങളിൽ സഹജന്മം കൊണ്ടവയും, അവയെല്ലാം മറ്റൊന്നിൽ ആശ്രയിച്ചു കഴിയുന്നവയുമാണ്.

ശ്രീശങ്കരൻ ഏകപക്ഷ ആശയവാദിയാണെന്നും, ഭാരതചിന്തകളുടെ വിവിധങ്ങളായ ധന്യവശങ്ങളെ അദ്ദേഹത്തിന്റെ ചിന്തകൾ പ്രതിനിധീകരിക്കുന്നില്ലെന്നും അദ്ദേഹം തുടർന്നു പറയുന്നു.

"ഭാരതത്തിൽ ബുദ്ധിപരമായ ഉണർവ്വ് ഉണ്ടായിട്ടുള്ള ഈ കാലഘട്ടത്തിൽ തർക്കചിന്താവിഷയങ്ങളായിട്ടുള്ളവയെ കൂടുതൽ വ്യക്തതയോടെ കാണുകയും മനസ്സിലാക്കുകയും എന്നതാണ് നമ്മുടെ സാംസ്ക്കാരിക വ്യക്തിത്വത്തിന് കൂടുതൽ പ്രാധാന്യമുള്ളത്. അതായത് ആറാം നൂറ്റാണ്ടു മുതൽ പത്താം നൂറ്റാണ്ടു വരെയുള്ള കാലഘട്ടത്തിലെ. അതെ കാലഘട്ടത്തിലായിരുന്നു ശ്രീശങ്കരന്റേതും, എന്നാൽ ശ്രീശങ്കരന്റെ ഡിനഗ ധർമ്മ കീർത്തി, ഹിന്ദുമതം എന്നിവയ്ക്കിടയിലോ ഇവ സംബന്ധമായതോ ആയ വലിയ ആശയ പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിച്ചിട്ടില്ല. ശങ്കരൻ ഏകപക്ഷ ആശയവാദിയായിരുന്നു. ധന്യമായ ഭാരത ചിന്തകളെ അദ്ദേഹം പ്രതിനിധാനം ചെയ്യുകയോ അവയ്ക്ക് ഉത്തരം കണ്ടെത്തുകയോ ചെയ്തിരുന്നില്ല. അവ മനസ്സിലാക്കുന്നതിനുവേണ്ടി മൂന്ന് ലോകാചാര്യന്മാരായ ശങ്കരൻ, രാമാനുജൻ, മാധവൻ എന്നിവരുടെതായ വേദാന്തചിന്തകൾ മാറ്റി വെയ്ക്കുന്നു. തൽക്കാലത്തേക്ക്, നമ്മുടെ ഗ്രന്ഥങ്ങളുടെ വേദാന്തചിന്തകൾ മറന്നാൽ, നമ്മുടെ മുന്നിൽ ചർച്ചയ്ക്കു വച്ചിരിക്കുന്ന പ്രശ്നം കുറച്ചുകൂടെ വ്യക്തമായിട്ട് നമുക്ക് മനസ്സിലാവുന്നതേയുള്ളൂ എന്ന് ഞാൻ വിശ്വസിക്കുന്നു. വേദാന്തപാരമ്പര്യങ്ങൾ, പ്രത്യേകിച്ച് ശ്രീശങ്കരന്റെ അദ്വൈതം. രാമാനുജന്റെ വിശിഷ്ട അദ്വൈതം, മാധവന്റെ ദ്വൈതചിന്ത എന്നിവ ഭാരതചിന്തയുടെ നല്ല മുഖങ്ങളായിരിക്കണമെന്നില്ല. അദ്ദേഹം തുടർന്നു പറയുന്നു.

"ഭാരതീയ ആത്മികതയുടെ ഉറവകൾ തുറക്കപ്പെടണമെങ്കിൽ, സൃഷ്ടിയായി നിലനിൽക്കുന്ന എല്ലാത്തിന്റെയും സ്ഥിരതയില്ലായ്മ എന്നതിനെപ്പറ്റി ചോദ്യം ചോദിക്കേണ്ടിയിരിക്കുന്നു. അത് വേദാന്തത്തിലെ

മായയുടെയൊ സത്യത്തിന്റെയോ രീതിയിലല്ല, എന്നാൽ അത് നാലു മുതൽ പത്തുവരെയുള്ള നൂറ്റാണ്ടിലെ ബൗദ്ധ ഹൈന്ദവ പ്രബോധനങ്ങളിലെ ആവേശകരമായ അഭിപ്രായ ആശയ വിനിമയങ്ങളുടെ പശ്ചാത്തലത്തിലായിരിക്കണം. ഇതായിരിക്കും ഏറ്റവും നല്ല ഭാരതീയ തത്വശാസ്ത്രം."

നിലനിൽപ്പ്, സ്വഭാവ പ്രത്യേകതകൾ, പ്രവർത്തന തത്വങ്ങൾ, വിശകലന തത്വശാസ്ത്രം, ഘടനാതത്വങ്ങൾ, ഭാരതീയ തത്വശാസ്ത്ര പാരമ്പര്യം എന്നിവയിൽ മൂല്യങ്ങൾ കണ്ടെത്തുന്നതിന് മാർ ഗ്രിഗോറിയോസിനെ സഹായിച്ചതും ആ ഉൾക്കാഴ്ചകളെ ഒരേ തലത്തിൽ നിലനിർത്തി ചിന്തിക്കുവാൻ പ്രേരിപ്പിച്ചതും ഒരു പക്ഷേ ഗ്രിഗറിയുടെ ചിന്തകളും ആശയങ്ങളും മാത്രമായിരിക്കാം.

ആദർശയോഗ്യമായ ഒരു തീർച്ചയ്ക്കു വേണ്ടിയുള്ള അന്വേഷണം

ഒരു വേദശാസ്ത്രജ്ഞാനി ആയിരിക്കുന്നതുപോലെ തന്നെ, ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത ഒരു തത്വജ്ഞാനികൂടിയാണ്. നാസിയിലെ ഗ്രിഗറിയുടെ തത്വചിന്തകളുടെ അടിസ്ഥാനത്തിലുള്ള അദ്ദേഹത്തിന്റെ തത്വശാസ്ത്ര ഉൾകാഴ്ചകൾ പാശ്ചാത്യതത്വശാസ്ത്ര രീതികളെ പുനരാഖ്യാനം ചെയ്ത് അവയുടെ ശക്തികളും ദൗർബല്യങ്ങളും പ്രത്യേകമായി വിലയിരുത്തുവാൻ മാർ ഗ്രിഗോറിയോസിന് കഴിഞ്ഞിരിക്കുന്നു.

പാശ്ചാത്യ തത്വശാസ്ത്രത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ മുന്നറിയിപ്പ് ഇപ്രകാരമാണ്.

"എപ്പോഴെല്ലാം രണ്ട് പടിഞ്ഞാറൻ പൊതുധാരണകൾ തമ്മിൽ സ്വയനിലനിൽപ്പിനെ ചൊല്ലി മത്സരിക്കുകയും ഒന്ന് മറ്റൊന്നിനെ എതിർത്തു തോല്പിക്കുന്നതിനും ശ്രമിക്കുന്നുണ്ടോ അപ്പോഴെല്ലാം നാം വളരെ ശ്രദ്ധിക്കണമെന്ന് മുൻകാല അനുഭവങ്ങൾ പഠിപ്പിക്കുന്നുണ്ട്. ദ്വികരണമുള്ളവ രണ്ടായി തരംതിരിക്കുന്നു. പ്രകൃതി, പ്രകൃതിക്ക് അതീതമായവ, പ്രകൃതി സൗന്ദര്യം, ചെന്നെത്തേണ്ട സ്ഥാനങ്ങൾ, സ്വതന്ത്രമായ മനസ്സ്, ഈ ലോകം, പരലോകം, സത്യം തുടങ്ങിയ സാക്ഷാത്കരമല്ലാത്തവയുടെ പട്ടികയിൽപ്പെടുന്നതാണ് ഈ പ്രസിദ്ധമായ മതവിഭാഗ ആശയങ്ങൾ".

'ഒരു പാശ്ചാത്യ തത്വജ്ഞാനി ഒരുപക്ഷേ തത്വശാസ്ത്രത്തിന്റെ ദൗത്യത്തെ വേർതിരിക്കുന്നത് ഇപ്രകാരമാകാം.

(1) തത്വശാസ്ത്രമെന്നത് നിലവിലുള്ള സാമൂഹ്യ, ശാസ്ത്രീയ, മതപരങ്ങളായ പ്രസ്താവനകളുടെയും ആശയങ്ങളുടെയും നിരൂപണവും വ്യാഖ്യാനവും, പ്രവർത്തനമേഖലകളിലെ പ്രബലമായ നയങ്ങളുടെയും തത്വങ്ങളുടെയും പുനർനിർമ്മാണവുമാണ്.

(2) തത്വശാസ്തം സത്യാവസ്ഥകളുടെ ആകെ കൂടെയുള്ള ഉൾകാഴ്ചയും അവയുടെ യുക്തിസഹജമായ അഥവാ ഉചിതമായ വ്യാഖ്യാനവുമാണ്.

പുതിയ തത്വശാസ്ത്ര ആശയങ്ങളെ രൂപപ്പെടുത്തിയ പാശ്ചാത്യദേശത്തെ ക്രിയാത്മകതയെ ആദരവോടെ കണ്ടുകൊണ്ടു തന്നെ പിന്നീട് പറയുന്നത് പാശ്ചാത്യ വീക്ഷണം നിലനിൽക്കാൻ വളരെ ബുദ്ധിമുട്ടുള്ളതാണെന്നാണ്. അതിനദ്ദേഹം താഴെ പറയുന്ന കാരണങ്ങളാണ് നിരത്തുന്നത്.

(1) അങ്ങനെയുള്ളൊരു ദൗത്യം ഏറ്റെടുക്കണമെങ്കിൽ ഇപ്പോൾ ഭൂമിയിലുള്ള സർവ്വജ്ഞാനവും ഒന്നിച്ച് കൊണ്ടുവരേണ്ടി വരുന്നു. ഇന്ന് നിലവിലുള്ള സകല അറിവുകളും ഒന്നിച്ച് ഒരു മനുഷ്യന്റെ ബുദ്ധിയിൽ ഉൾകൊള്ളാൻ കഴിയുകയില്ല. അത്രയും അറിവ് ഏറ്റവും സാങ്കേതിക പ്രത്യേകതകളുള്ള ഒരു കമ്പ്യൂട്ടറിനുപോലും ഉൾകൊണ്ട് ഒന്നിച്ച് വിശകലനം ചെയ്തുകൊണ്ടുവരാൻ ആവില്ല.

(2) ഒരൊറ്റ മനസ്സിന് സർവ്വവിജ്ഞാനങ്ങളും ഒന്നിച്ച് സംഗ്രഹിച്ച് വയ്ക്കാൻ കഴിഞ്ഞാൽപോലും അറിവ് എന്ന ആ പ്രതിഭാസത്തിന് അവയാകമാനം അടങ്ങിയിരിക്കുന്ന കാര്യങ്ങളെ ഒന്നൊന്നായി തരംതിരിക്കാനോ ഒന്നിച്ച് ഒരിടത്ത് കൊണ്ടുവരുവാനോ ഉള്ള കഴിവില്ല.

1. തത്വശാസ്ത്രപരമായ വ്യവസ്ഥകളുടെയും രീതികളുടെയും അടിസ്ഥാനം

ശ്രീബുദ്ധനും, വേദങ്ങൾക്കും, ഉപനിഷത്തുകൾക്കും, ഒക്കെ ജന്മമേകിയ ആ സുവർണ്ണ കാലഘട്ടത്തിലാണ് പാശ്ചാത്യ പാരമ്പര്യങ്ങൾ വികസിച്ചു വന്നത്. ആ കാലഘട്ടത്തിന്റെ ആദ്യ പാദങ്ങളിലാണ്, സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ, പ്ലോട്ടിനിസ്, ലാവോട്സ്യൂ തുടങ്ങിയവരും പടിഞ്ഞാറൻ ഏഷ്യയിൽ ജാതം ചെയ്ത വിശുദ്ധൻമാരായ മോശ, ഏലിയ, ക്രിസ്തു, മുഹമ്മദ് എന്നിവരെ കൂടാതെ മറ്റനേകം അറിയപ്പെടുന്നവരും അല്ലാത്തവരുമായ ദൈവിക പുരുഷൻമാരും ഉദയം ചെയ്തത്.

പാശ്ചാത്യ തത്വശാസ്ത്രത്തേക്കാൾ ഉയർന്നവയാണ് ഭാരതത്തിലെ തത്വശാസ്ത്രങ്ങളെന്ന് വേദതത്വശാസ്ത്രവേരുകൾ തേടിയ മാർ ഗ്രിഗോറിയോസ് അഭിപ്രായപ്പെടുന്നു. ഭാരതത്തിലെയും യൂറോപ്പിലെയും

വ്യക്തികളുടെ പൂർവ്വികന്മാർ ആ പിതാക്കന്മാർക്കന്നുണ്ടായിരുന്ന ഉയർന്ന സ്ഥാനങ്ങളിൽ നിന്നും സ്വന്തം സ്ഥലങ്ങളിൽ നിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഇറങ്ങിവന്ന കൂട്ടത്തിൽ കുറെപ്പേർ സിന്ധുനദി കടന്ന് ആര്യവർത്തങ്ങളിലെ വനപ്രദേശങ്ങളിലും മറ്റും സ്വതന്ത്രമായി ജീവിക്കുകയും മറ്റു കുറെപ്പേർ ജന സാന്ദ്രത കൂടിയ ഗ്രീക്ക് ഉപദ്വീപിലെത്തുകയും ചെയ്തു. അവർ അവിടവിടെ പട്ടണ സംസ്ക്കാരങ്ങൾ പടുത്തുയർത്താൻ ശ്രമമാരംഭിക്കുകയും ചെയ്തു. അങ്ങനെ പാരമ്പര്യത്തെ മുറുകെ പിടിച്ച് മുന്നോട്ടു പോകുന്നതും വിശകലനം ചെയ്ത് മനസ്സിലാക്കി തീരുമാനം എടുത്ത് മുന്നോട്ടു പോകുന്നതുമായ രണ്ടു വ്യത്യസ്ത മനോഗതികൾ ഉണ്ടായി.

2. പാശ്ചാത്യ ദേശങ്ങളിലെ തത്വശാസ്ത്ര പ്രവണത

റെനെ ഡസ്കാർട്ടസും ഇമ്മാനുവെൽ കാന്റും ആധുനിക തത്വശാസ്ത്രത്തിന്റെ അറിയപ്പെടുന്ന രണ്ടു പിതാക്കൻമാരാണ്. ആധുനിക തത്വശാസ്ത്രത്തിന്റെ ഉത്ഭവതലങ്ങൾ, സാധാരണ ശാസ്ത്രത്തിന്റേതു തന്നെയായിരിക്കും. ആധുനിക തത്വശാസ്ത്രം സാധാരണ ശാസ്ത്രത്തിന്റെ ഭാഗമായിട്ടാണ് വികസിച്ചുവന്നത്. പാരമ്പര്യത്തിൽ അധിഷ്ഠിതമല്ലാത്തതും, തിട്ടവും തീർച്ചയും സ്വയം നിലനിൽപ്പുള്ളതുമായ അറിവ് പ്രദാനം ചെയ്ത പാശ്ചാത്യലോകത്തെ ഗ്രീക്കുകാരുടെ ചിന്തയുടെയും ആശയങ്ങളുടെയും പിടിയിൽ നിന്ന് രക്ഷപെടുത്താൻ ഡെസ്കാർട്ടസും, കാന്റും മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു. ഡസ്കാർട്ടസ് പാണ്ഡിത്യവിഷയമായ പാരമ്പര്യം തിരസ്ക്കരിക്കുവാൻ ശ്രമിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ശ്രമം സ്വയമായ അറിവുകളിൽ നിന്ന് അവയെ അടിസ്ഥാനമാക്കി സത്യത്തെ പണിതുയർത്തുക എന്നതായിരുന്നു. അത് നാല് വ്യക്തമായ തർക്ക സ്വഭാവമുള്ള കർക്കശ തത്വങ്ങളുടെ അടിസ്ഥാനത്തിലും അതിന്റേതായ ന്യായീകരണത്തോടെയും. ആ തത്വങ്ങൾ ഇവയാണ്. (എ) സത്യസന്ധവും വ്യക്തിപരവുമായ ഒരു തീരുമാനം (ബി) പ്രശ്നങ്ങളെ വിവിധ ഘടകങ്ങളാക്കി ശ്രദ്ധിക്കുക. (സി) വളരെ ലളിതമായവയിൽ നിന്ന് കൂടുതൽ സങ്കീർണ്ണമായവയിലേക്കുള്ള ന്യായീകരണം (ഡി) സമാന്തര സാധ്യതകളെ കണ്ടെത്തുന്നതിൽ അക്ഷീണം ശ്രമം നടത്തണമെന്ന വാദം.

അലക്സാണ്ട്രിയായിലെ പ. സിറിൽ, നിസായിലെ പ. ഗ്രിഗറി, അരോഗപയിലെ ഡയനേഷ്യസ് എന്നിവരാണ് ദൈവീകരണത്തിന്റെ ഓർത്തഡോക്സ് സഭയിലെ അറിയപ്പെടുന്ന വക്താക്കൾ. മാർ ഗ്രീഗോറിയോസ് അവരുടെ വീക്ഷണങ്ങളെ വിശദീകരിക്കുന്നുണ്ട്. സൃഷ്ടിക്കപ്പെട്ടവയുടെ അനുപേക്ഷണീയമായ പ്രത്യേകതകളാണ് വ്യതിയാനം അഥവാ മാറ്റം എന്നത് എന്ന്, പൗലോസ് മാർ ഗ്രിഗോറിയോസ് വ്യാഖ്യാനിക്കുന്നു. സൃഷ്ടിക്കപ്പെട്ടവർക്ക് വ്യതിയാനാതീതമായി നിലനിൽക്കുക എന്നത് അസാധ്യമാണ്. നിലനില്പില്ലായ്മയിലേക്ക് കൊണ്ടുപോകുന്ന വലയത്തിൽ നിന്ന് നമ്മെ രക്ഷിക്കുകയാണ് ക്രിസ്തു ചെയ്യുന്നത്. ദൈവസാന്നിദ്ധ്യത്തിൽ നമ്മെയാക്കുവാൻ ദൈവത്തിങ്കലേക്ക് നമ്മെ എത്തിക്കുവാൻ കഴിയുന്ന ഒരു വലയത്തിൽ കൊണ്ടുവരികയാണ് ക്രിസ്തു ചെയ്യുന്നത്. പ. സിറിലിന്റെ ഭാഷ്യം ഇങ്ങനെയാണ്, അതു ദൈവസാന്നിദ്ധ്യത്തിലുള്ള നിലനിൽക്കലാണ്, ദൈവസ്വരൂപത്തിലേയ്ക്കുള്ള പരിണാമമാണ്, ദൈവികത്വത്തിൽ പുത്രന്മാരും പുത്രിമാരും ആയിരിക്കുക എന്നതാണ്. സ്വഭാവംകൊണ്ടല്ല പിന്നെയോ പരിശുദ്ധാത്മാവിന്റെ ആവാസത്താൽ പങ്കാളിത്തം സാദ്ധ്യമാക്കുകയാണ് മനുഷ്യന് ദൈവവുമായുള്ള ബന്ധം. ഡയനേഷ്യസിന്റെ ആശയങ്ങൾ ഇപ്രകാരമാകുന്നു. സമൂഹങ്ങൾ തമ്മിലും ഒരു സമൂഹത്തിന്റെ ഉള്ളിൽ തന്നെയുമുള്ള ബന്ധങ്ങളുടെ ചലനാത്മകത എന്ന പ്രക്രിയയാണ് തീയോസിസ് അഥവാ ദൈവീകരണം. സൃഷ്ടിക്കപ്പെട്ടവയിൽ ദൈവത്തിന്റെ ക്രിയാത്മകമായ ഊർജ്ജം പകരുമ്പോഴാണ് തിയോസിസ് സംഭവിക്കുന്നത്. തിയോസിസ് എന്ന പ്രക്രിയയിൽ ഊർജ്ജം നൽകപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്യുന്നു.

ഡയനേഷ്യസ് എന്ന പുണ്യ വ്യക്തിയുടെ ആശയത്തെ പൗലോസ് മാർ ഗ്രിഗോറിയോസ് ഉൾക്കൊള്ളുകയും ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു. അദ്ദേഹം ഊന്നിപ്പറയുന്നത് തിയോസിസ് ഉൾക്കൊള്ളുന്നത് ഭൗതിക ലോകത്തിന്റെ വീണ്ടെടുക്കലിനെ പ്രതീകാത്മകമാക്കുന്ന ശരീരമാണെന്നാണ്. ഇന്നത്തെ പരിസ്ഥിതി പ്രശ്നങ്ങൾക്ക് മാനവരാശിയുടെ രൂപഭാവ ചിന്ത സ്വഭാവ മാറ്റങ്ങളും സൃഷ്ടിക്കപ്പെട്ട ലോകത്തിന്റെ വ്യതിയാനങ്ങളും ചലനാത്മക്മായ ബന്ധങ്ങളുള്ള സമൂഹവും ഒക്കെ പരിഹാരങ്ങളാണ്.

3. സൃഷ്ടിയുടെ കിരീടമായി മനുഷ്യൻ

മാർ ഗ്രിഗോറിയോസ് പറയുന്നു, പക്ഷിമൃഗാദികളുടെയും സസ്യങ്ങളുടെയും മൂലകങ്ങൾ മനുഷ്യശരീരമുൾക്കൊള്ളുന്നുണ്ട്. അവ മനുഷ്യനിൽ പ്രവർത്തിക്കുന്നുമുണ്ട്. മനുഷ്യൻ സൃഷ്ടിയുടെ കിരീടമാണെന്ന് ഇത് അർത്ഥമാക്കുന്നു. സൃഷ്ടിയുമായുള്ള ബന്ധത്തിൽ ദൈവവും മനുഷ്യനുമായുള്ള ആരംഭത്തെ എടുത്തുപറയുന്നുണ്ട്. സകല സൃഷ്ടിയുടെയും ലക്ഷ്യം അഥവാ ഉദ്ദേശ്യം മനുഷ്യരാശി ആണെന്നാണ്. ഇത് മനുഷ്യനെ മറ്റ് സൃഷ്ടിക്കപ്പെട്ട സകലതിൽ നിന്നും വ്യത്യസ്തനും ഒരു പ്രത്യേക ശ്രദ്ധാകേന്ദ്രവുമാക്കി മാറ്റുന്നു. മ്യൂണിക്ക് സർവ്വകലാശാലയിലെ ഓർത്തഡോക്സ് വേദശാസ്ത്രത്തിന്റേയും പെട്രിസ്റ്റിക്ക്സ്റ്റഡീസിന്റേയും പ്രൊഫസറായ തിയോഡോർ നിക്കോൽസോവ് പറയുന്നത് ഇപ്രകാരമാണ്. ക്രിസ്തുവിന്റെ പ്രതിരൂപത്തെയാണ് മനുഷ്യനിൽ (മനുഷ്യത്വത്തിൽ) ക്രിസ്തു ആഗ്രഹിക്കുന്നത്. അതായിരിക്കണം മനുഷ്യന്റെ ലക്ഷ്യം. ഇതുവരെ പൂർത്തീകരിക്കാതിരുന്നതും വികസിക്കേണ്ടതുമായ ക്രിസ്തുശാസ്ത്രവും, രക്ഷാശാസ്ത്രവും അതിനെ അടിസ്ഥാനപ്പെടുത്തി ആയിരിക്കണം. അത് ദൈവവും മനുഷ്യനും തമ്മിലുള്ള സ്വാഭാവിക ബന്ധത്തെക്കുറിച്ച് എപ്പോഴും ബോധവാന്മാരാക്കുകയും ക്രിസ്തുവിൽ ഒന്നായി സൃഷ്ടിയുടെ കിരീടമായി ശോഭിച്ച് ഉത്തരവാദിത്വ ബോധമുള്ള മനുഷ്യരായി ജീവിച്ച് സൃഷ്ടിയെ – പ്രകൃതിയെ സംരക്ഷിക്കുവാനും സഹായിക്കും. ദൈവം മനുഷ്യരാശിയോട് സ്നേഹത്തോടെ ഇടപെടുന്നതു പോലെ മനുഷ്യൻ സൃഷ്ടികളോട് സ്നേഹത്തോടെ തന്നെ വർത്തിക്കണം.

4. Humanity as methrorios - frontier being

ദൈവത്തിന്റെ രൂപത്തിലും സാദൃശ്യത്തിലും മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട്

ഭൗതികലോകത്തെ രൂപാന്തരം ചെയ്യുന്നു എന്നതാണ് മൈക്രോകോസ്മോസ് എന്ന ആശയത്തിന്റെ ഉറവിടം. മറ്റു സൃഷ്ടികളുമായി വ്യത്യസ്തമായി മനുഷ്യൻ ദൈവവുമായി ആത്മീയമായും ബോധപൂർവ്വവും താരതമ്യം ചെയ്യുന്നു. ഇത് മറ്റു സൃഷ്ടികളിൽ നിന്നും വ്യത്യസ്തമായാണ്. ഭൗതികലോകത്തേയും ആത്മീയലോകത്തേയും ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായിട്ട് മനുഷ്യവർഗ്ഗം നിലനിൽക്കുന്നു. പൗലോസ് മാർ ഗ്രിഗോറിയോസ് മാനവരാശിയെ അസ്തിത്വ ഘടകമായി പൈതൃക പാരമ്പര്യം വിശദീകരിക്കുന്നു.

അതിർത്തി അങ്ങേയറ്റത്തെ പരിധിയാണെന്ന് മെത്രാറിയോസ് അർത്ഥമാക്കുന്നില്ല. മനുഷ്യവർഗ്ഗത്തിന്റെ നിലപാട് ഭൗതികതയുടെയും ആത്മീയതയുടേയും മദ്ധ്യേയാണ്. ഒരതിർത്തി എന്നതിന്റെ അർത്ഥം അതിന്റെ ഇരുവശങ്ങളിലുള്ള സത്യാവസ്ഥകളിൽ അതിർത്തി ഭാഗമാക്കുന്നു. രണ്ട് സത്യാവസ്ഥകൾക്കിടയിൽ നിങ്ങൾ ഒരു രേഖ വരച്ചാൽ അതും ഒരതിർത്തിയാണ്. എന്നാൽ ആ രേഖ ഇരുവശങ്ങളിലേയും സത്യാവസ്ഥകളിൽ പങ്കുചേരും. അങ്ങനെ മാനവരാശിയൊരു അതിർത്തി ജീവിതമാണെന്ന് പറയുന്നതിന്റെ അർത്ഥം മനുഷ്യൻ ദൈവത്തിനും സൃഷ്ടിയ്ക്കുമിടയിൽ നിൽക്കുന്നു എന്നാണ് അങ്ങനെ മനുഷ്യൻ സ്രഷ്ടാവിലും മറ്റ് സൃഷ്ടികളിലും സംസർഗ്ഗം ചെയ്യുന്നു.

മാനവരാശി ഒരതിർത്തി ജീവി എന്ന നിലയിൽ എപ്പോഴെല്ലാം ദിവ്യസ്നേഹത്തിൽ പങ്കാളിയാകുന്നുവോ അപ്പോഴെല്ലാം പ്രപഞ്ചം ദൈവത്തിലേയ്ക്ക് കൊണ്ടുവരപ്പെടുന്നു. അതിർത്തി ഘടകം എന്നതിന് മാർ ഗ്രിഗോറിയോസിന്റെ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ മാനവരാശിക്ക് സകല സൃഷ്ടികളേയും കൂടെ അല്ലാതെ ദൈവത്തിങ്കലേക്ക് തിരിച്ചുചെല്ലാൻ സാധ്യമല്ല. സൃഷ്ടിതാവും സൃഷ്ടിയുമായുള്ള സുബന്ധം ഇല്ലാതാക്കുകയല്ല പിന്നെയോ അവയെ ദൃഢമാക്കുകയാണ് ചെയ്യുന്നത്. അത് സാദ്ധ്യമാക്കുന്നത് മനുഷ്യന്റെ സാക്ഷാത്കരിക്കാനുള്ള സ്വതന്ത്രമായ തീരുമാനത്തിന് ദൈവകൃപ ലഭിക്കുമ്പോഴാണ്. അഥവാ ദൈവത്തിൽനിന്നുമുള്ള സ്നേഹത്തിനു പകരം മനുഷ്യൻ സ്നേഹം കൊണ്ടുതന്നെ പ്രതികരിക്കുമ്പോൾ മാത്രമാണ് സാദ്ധ്യമാകുന്നത്.

ലോകത്തിന്റെ തന്നെ ഒരു ചെറു ഭാഗമായ മാനവരാശിയുടെ പ്രതികരണം കൊണ്ടാണ് സൃഷ്ടി ദൈവിക ചെയ്തികളോട് (പ്രവർത്തികളോട്) പ്രതികരിക്കുന്നത്.

അരഗപ്പായിലെ ഡയനേഷ്യസിന്റെ ചിന്തയിൽ മദ്ധ്യസ്ഥൻ എന്ന ആശയമാണ് കേന്ദ്രബിന്ദു. വെറും വ്യക്തികൾ എന്ന നിലയിലല്ല മനുഷ്യരെ രൂപാന്തരപ്പെടുത്തിയിരിക്കുന്നത്. കുറെക്കൂടെ വ്യക്തമായിട്ടു പറഞ്ഞാൽ ദൈവത്തിന്റെ സൃഷ്ടിയാകുന്ന ചുറ്റുമുള്ള സമൂഹത്തിൽ പങ്കെടുക്കുന്നതുകൊണ്ടും, സംസർഗ്ഗം ചെയ്യുന്നതുകൊണ്ടും ദൈവം അവർക്ക് ജീവന്റെ ഊർജ്ജവും പ്രകാശവും നൽകുന്നതുപോലെ അവരും ദൈവം നൽകുന്ന അതേ അളവിൽ കൊടുക്കുകയും സ്വീകരിക്കുകയും വേണം. അങ്ങനെ അവൻ ദൈവത്തിന്റെ സ്വരൂപത്തോട് കൂടുതൽ സാദൃശ്യത്തിലുള്ളവരായിത്തീരണം. ദൈവത്തിനും ലോകത്തിനും ഇടയ്ക്ക് മനുഷ്യനൊരു ഇടനിലക്കാരനോ തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയോ ആയിട്ടാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് എന്ന ഗ്രിഗറിയുടെയും ഡയനെഷ്യസിന്റെയും ആശയമാണ് ഈ വിഷയത്തിലെ ഏറ്റവും വലിയ സംഭാവന.

ലാറസ് തൺബർഗ് മാനവരാശിയെ മാക്സിമസ് കൺഫസറുടെ വീക്ഷണത്തിൽ അഞ്ച് തലങ്ങളായി വിശദീകരിക്കുന്നു. പുരുഷനും സ്ത്രീയും, പറുദീസയും നരകവും, സ്വർഗ്ഗവും ഭൂമിയും, ബുദ്ധിയുള്ളവയും വിവരമുള്ളവയും, ദൈവവും അവന്റെ സൃഷ്ടികളും എന്നിവയാണ് അവ. ദൈവത്തിന്റെ ഔദാര്യത്തിൽ മനുഷ്യൻ ദൈവത്തോട് കടപ്പെട്ടിരിക്കുന്നു. തൺബർഗിന്റെ വാക്കുകളിൽ സൃഷ്ടി ദൈവത്ത്വത്തിലേക്ക് നീങ്ങിചെല്ലേണ്ടതാണ്.

ദൈവവും സൃഷ്ടിയുമായുള്ള ഐക്യം അവതരിക്കുന്നത് പരസ്പര സ്നേഹത്തിന്റെ മനോഹാരിതയിലാണ്. ദൈവത്തോടുള്ള അണമുറിയാത്ത സ്നേഹവും അതോടൊപ്പം ദൈവസ്നേഹത്തിൽ പങ്കാളിയാവുകയും അതേ മനോഭാവം മനുഷ്യനോടും സൃഷ്ടിയോടും വേണമെന്നതും തുല്യ പ്രാധാന്യമർഹിക്കുന്നു.

ദൈവത്തെയും സൃഷ്ടിയേയും സംയോജിപ്പിക്കുന്ന കണ്ണിയായിട്ട് മനുഷ്യരാശിയെ കാണുമ്പോൾ, സൃഷ്ടി, മനുഷ്യനിലൂടെ സ്ഥാനം ഉയരുകയാണെന്നു പറയാം. അതിർത്തി ഘടകത്തിന്റെ ഈ ആശയം മാർ ഗ്രിഗോറിയോസ് വിശദീകരിക്കുന്നുണ്ട്. സൃഷ്ടിക്കപ്പെട്ട സകലതിന്റെയും മദ്ധ്യേ ചിട്ടയും സന്തോഷ സമാധാനങ്ങളും നിലനിർത്തുന്നതിന്; പ്രപഞ്ചത്തെ ദൈവത്തിങ്കലേക്ക് അയക്കുന്നതിന് മാനവരാശി, അവയെ ബന്ധിപ്പിക്കുന്ന ഒരു കണ്ണി എന്ന നിലയിൽ സുപ്രധാനവും ഉത്തരവാദിത്വവുമുള്ള ഒരു പങ്കാണ് വഹിപ്പാനുള്ളത്.

സ്രഷ്ടാവ് നൽകിയ സ്നേഹത്തിനും ഔദാര്യത്തിനും പകരമായി മലിനീകരണപൂരിതമായൊരു ഭൂമിയെ - പ്രപഞ്ചത്തെ തിരിച്ചുനൽകുവാൻ ഇടയാകരുത്. മാനവരാശിക്ക് പ്രപഞ്ചത്തെ മനസിലാക്കുന്ന പൗരസ്ത്യ ക്രിസ്തീയ ധാരണ നമ്മുടെ ഈ കാലഘട്ടത്തിന് വർദ്ധിച്ച അളവിൽ ആവശ്യമായിരിക്കുക

യാണ്. അങ്ങനെ സൃഷ്ടി ഒരിക്കൽ കൂടെ സ്വർഗ്ഗീയമായ ചിട്ടയും സമാധാനവും സ്നേഹവും പ്രതിഫലിപ്പിക്കട്ടെ, ഇതിനാണ് മാർ ഗ്രിഗോറിയോസ് ശ്രമിക്കുന്നത്.

പ്രപഞ്ചത്തിന് നൽകപ്പെട്ടിരിക്കുന്ന നൽവരങ്ങളെ മനസിലാക്കി മറ്റു രണ്ടു തലങ്ങളേയും ബന്ധിപ്പിക്കുന്ന കണ്ണിയായ മാനവരാശി, അതിന്റെ ഉത്തരവാദിത്തം മനസ്സിലാക്കി പ്രവർത്തിക്കണം. അങ്ങനെ സന്തോഷത്തിലും സമാധാനത്തിലുംകൂടെ സൃഷ്ടിയെ ദൈവത്തിന്റെ അരികിൽ എത്തിക്കുകയാണ് വേണ്ടത്.

5. മാനവരാശി സൃഷ്ടിയുടെ പുരോഹിത സ്ഥാനത്ത്

പരിസ്ഥിതി അപകടങ്ങളെപ്പററി ബോധ്യമുള്ള ഒരു ലോകത്തിൽ, ആരാധന നടത്തുകയും മദ്ധ്യസ്ഥനായി നിലനിൽക്കുകയും ചെയ്യുന്ന മനുഷ്യന്റെ പുരോഹിത തുല്യമായ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്.

മാർ ഗ്രിഗോറിയോസ് ഇങ്ങനെ എഴുതുന്നു. പ്രകൃതിയിൽ, അതിന്റെ പുരോഹിതനെന്ന സ്ഥാനമാണ് മനുഷ്യനുള്ളതെന്ന സത്യം പ്രകൃതിയെപറ്റിയുള്ള ഏതു ധാരണയിലും ആശയത്തിലും, പഠിത്തത്തിലും കണക്കിലെടുക്കേണ്ടതുണ്ട്

സൃഷ്ടിക്കപ്പെട്ട മനുഷ്യന്, സൃഷ്ടിസമൂഹത്തിന്റെ പുരോഹിതനെന്ന സ്ഥാനം ദൈവം നൽകിയിരിക്കുന്നത്, ദൈവത്തിന്റെ സ്വർഗ്ഗീയതയിൽ മനുഷ്യൻ അവനാവുന്നത്ര പങ്കാളിയാവുന്നതിനും അതിനുള്ള ഉത്തരവാദിത്തം വഹിക്കാനുമാണ്. വിശുദ്ധ മാമോദീസ ശുശ്രൂഷയിലും വിശുദ്ധബലി എന്ന കൂദാശയിലും മാനവരാശിയുടെ പൗരോഹിത്യ പങ്കാളിത്തം കാണാം. ഓർത്തഡോക്സ് പാരമ്പര്യത്തിലെ മാമോദീസാ ശുശ്രൂഷ മനുഷ്യന് ദൈവവുമായുള്ള ബന്ധത്തെ മാത്രമല്ല കാണിക്കുന്നത്, ദൈവത്തിങ്കലേയ്ക്ക് സൃഷ്ടിക്കപ്പെട്ട ലോകത്തെ ഉയർത്തുക എന്നതുമാണ്. മാമോദീസ ശുശ്രൂഷാ സമയത്ത്, നന്ദിപ്രാർത്ഥന നടത്തുമ്പോൾ മനുഷ്യനോട് ദൈവത്തിനുള്ള വലുതും മഹത്വമേറിയതുമായ കരുണയെ വിശ്വസിച്ച്, പ്രഖ്യാപനവും കാർമ്മികൻ നടത്തുന്നുണ്ട്. എല്ലാ സൃഷ്ടിയുടെയും ചിഹ്നമെന്ന നിലയിൽ ഈ കൂദാശകളിലെല്ലാം വെള്ളത്തിന് അതിന്റേതായ ഒരു ഉന്നതസ്ഥാനവും നൽകിയിട്ടുണ്ട്. അതിലൂടെ മാനവരാശി ദൈവസന്നിധിയിലേയ്ക്ക് ഉയർത്തപ്പെടുവാൻ ശ്രമിക്കുന്നു.

മനുഷ്യപ്രയത്നത്തിന്റെ ഫലമായ അപ്പവും വീഞ്ഞും സൃഷ്ടിയെ മുഴുവൻ ഉൾക്കൊണ്ട് യേശുക്രിസ്തുവിലൂടെ നിത്യനായ പിതാവാം ദൈവത്തിന് വി. കുർബ്ബാനയിൽ നാം അർപ്പിക്കുമ്പോൾ പ്രപഞ്ചത്തിലെ എല്ലാ ഭൗതിക സമ്പത്തുകളും സൃഷ്ടി മുഴുവനും ക്രിസ്തുവിൽ ഉൾക്കൊള്ളുന്നു. വി. കുർബ്ബാനയിലെ ഈ കാഴ്ച അർപ്പണത്തിലൂടെ സൃഷ്ടി ദൈവത്തിങ്കലേക്ക് അതിന്റെ പൂർണ്ണതയിലേക്ക് ഉയർത്തപ്പെടുകയും നാം ക്രിസ്തുവിന്റെ തിരുശരീര രക്തങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. വീണ്ടും നാം ദൈവിക ദാനത്തിന് അർഹരാകുകയും വി. കുർബ്ബാനയിലെ ഈ ചാക്രികമായ ആവർത്തനത്തിലൂടെ സകല സൃഷ്ടിക്കും നിരന്തരമായി രൂപാന്തരപ്പെടുന്നു. മനുഷ്യന്റെ പൗരോഹിത്യസ്ഥാനത്തിലൂടെ ഒരിക്കലും മനുഷ്യനെ ദൈവം തുല്യരാക്കുന്നില്ല ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കാളിയാക്കുന്നു എന്നേയുള്ളു. പുരോഹിതൻ സകല സൃഷ്ടിക്കും വേണ്ടി ദൈവ തിരുമുൻപാകെ നിൽക്കുന്നു. അങ്ങനെ മനുഷ്യൻ ദൈവത്തിനും സൃഷ്ടിക്കും ഇടയിൽ അവനെ ബന്ധിപ്പിക്കുന്ന കണ്ണിയായിട്ടും പൗരോഹിത്യസ്ഥാനത്തു നിൽക്കുന്നു. ആർക്കെല്ലാമാണോ സ്വന്തം മനുഷ്യശബ്ദം നഷ്ടപ്പെട്ടത് അവർക്കുവേണ്ടി ആ ശബ്ദം നൽകാനാണ് പൗരോഹിത്യ തലത്തിൽ മനുഷ്യൻ സൃഷ്ടിയുടെ പ്രതിനിധിയാകുന്നത്. പ്രകൃതിയെ അതിന്റെ പൂർണ്ണതയിലെത്തിക്കാൻ ഉതകുമെന്ന് മാർ ഗ്രിഗോറിയോസിന് ഉത്തമ വിശ്വാസമുണ്ട്.

6. കൂദാശാപരമായ സമീപനം–അധീശത്വവും രഹസ്യവും

കൂദാശ എന്നത്, ഒരു വേദപുസ്തക വാക്കല്ല. ലാറ്റിൻ ഭാഷയിൽ ആ വാക്കിന്, പണയപ്പെടുത്തുക, ഈടായിട്ട് നൽകിയ തുക എന്നൊക്കെ അർത്ഥമുണ്ട്. പട്ടാളത്തിൽ ചേരുന്നവർ നൽകേണ്ട ഒരു പ്രതിജ്ഞയെന്നുമൊക്കെ അർത്ഥമാക്കുന്ന ഗ്രീക്കുഭാഷയിലെ മിസ്റ്റീറിയം എന്ന വാക്കിനുള്ള അത്ര അർത്ഥശക്തി ലാറ്റിൻ ഭാഷയിലെ സാക്രമെന്റം എന്ന വാക്കിനില്ല. പുരാതന ക്രിസ്തീയ ഭാഷയിൽ സാക്രമെന്റം അല്ലെങ്കിൽ മിസ്റ്റീറിയം എന്ന വാക്കുകൾ പരിശുദ്ധമായ ഏതെങ്കിലും ഒരു കർമ്മത്തേയോ, വസ്തുവിനെയോ ആണ് സൂചിപ്പിച്ചിരുന്നത്. ദൈവികത്വത്തെ വെളിപ്പെടുത്തുന്ന ഒന്നായിട്ടാണ് അത് കരുതിയിരുന്നത്. രഹസ്യത്തിന്റെ രൂപഭാവത്തെ വിശദീകരിക്കുന്നത് ഇപ്രകാരമാണ്.

എ) മനുഷ്യനെ രക്ഷിക്കാനായി ദൈവം ചെയ്യുന്നതൊക്കെയും

ബി) പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ദൈവത്തെ മനുഷ്യൻ നിർലോഭം സ്തുതിക്കുന്നതും രക്ഷയുടെ അഥവാ നിത്യജീവനെപറ്റിയുമുള്ള വ്യാഖ്യാനം. മനുഷ്യന്റെ ഉത്ഭവം, ഇന്നത്തെ നില, സൃഷ്ടിക്കപ്പെട്ട ലോകവുമായുള്ള ബന്ധം, ഭാവി തുടങ്ങിയവയെപ്പറ്റിയെല്ലാമുള്ള പൈതൃകധാരണ വച്ചു നോക്കു

മ്പോൾ സന്ദർഭികമാണ്. സകലമാന സൃഷ്ടിയും രൂപാന്തരപ്പെട്ടും പൂർണ്ണതയിൽ തരുന്ന രഹസ്യമാണ് ഓർത്തഡോക്സ് ആചാരപ്രകാരമുള്ള ആരാധന.

ആരാധനയെപ്പറ്റിയുള്ള മേൽപ്പറഞ്ഞ പൊതുവായ ധാരണയുടെ അടിസ്ഥാനത്തിൽ, ഈ ദിശയിലെ മാർ ഗ്രിഗോറിയോസിന്റെ സമീപനത്തെ പഠിച്ച് വിശകലനം ചെയ്യേണ്ടതാണ്.

പൗലോസ് മാർ ഗ്രിഗോറിയോസ് ദൈവം, മനുഷ്യൻ, ലോകം എന്നിവ തമ്മിലുള്ള പരസ്പര ബന്ധത്തേയും ആരാധനാടിസ്ഥാനത്തിലുള്ള സമീപനത്തിന്റെ പ്രാധാന്യത്തേയും വിശദീകരിക്കുന്നുണ്ട്. ആദ്യം നമുക്ക് ദൈവവും വസ്തുക്കളുമായുള്ള ചേർച്ചയില്ലായ്മയെ പറ്റി ആലോചിക്കാം. ഒരു വേദിയിലെ മൂന്ന് അഭിനേതാക്കളായി പ്രകൃതിയേയും മനുഷ്യനേയും ദൈവത്തേയും സങ്കൽപ്പിച്ചാൽ നമുക്ക് കിട്ടുന്ന പ്രതീതി ഇങ്ങനെയാണ്.

ശാസ്ത്രസാങ്കേതികതയും അർദ്ധവ്യക്തിത്വവുമായി സംസാരിക്കാൻ മനുഷ്യൻ ദൈവത്തോട് പുറംതിരിഞ്ഞ് നിൽക്കേണ്ടിവരും. അതുപോലെ തന്നെ ദൈവത്തോടു താഴ്മയോടെ സംസാരിക്കണമെങ്കിൽ അവൻ അർദ്ധവ്യക്തിത്വ സ്വഭാവത്തോടുകൂടി പുറംതിരിഞ്ഞ് നിൽക്കേണ്ടിവരും.

പ്രകൃതിയുമായുള്ള നമ്മുടെ ബന്ധത്തിൽ പ്രയാസമുള്ളതായ പാതയിലൂടെ സഞ്ചരിക്കുകയും, ബുദ്ധിയുള്ള താളത്തിലും രഹസ്യങ്ങളുടെ അത്ഭുതത്തിലും ജീവിക്കേണ്ടിവരും. സാങ്കേതികതയോ, ദൈവശാസ്ത്രമോ, ശാസ്ത്ര സാങ്കേതിക വിദ്യകളോ ഒന്നുമല്ല പുനഃപരിശോധിച്ച് തിട്ടപ്പെടുത്തേണ്ടത്. പ്രപഞ്ച അത്ഭുതങ്ങൾ നമ്മുടെ ശാരീരിക അത്ഭുതങ്ങളെപ്പോലെയാണ്. അവ നമ്മുടെ മാത്രം ഉപയോഗത്തിനുളളതല്ല. വിശുദ്ധ ആരാധനയിലൂടെ നമ്മുടെ ശരീരത്തിന്റെ തന്നെ നീട്ടപ്പെട്ട ഒരു ഭാഗമായിട്ട് ദൈവത്തെ ഉൾക്കൊള്ളുന്ന ഭൗതിക സത്യങ്ങളെപറ്റിയുള്ള ആരാധന ധാരണകളിൽ നിന്നും ശാസ്ത്രസാങ്കേതികതയെ വേർതിരിച്ചിരിക്കുകയാണ്.

ശാസ്ത്രസാങ്കേതിക തലത്തിന്റെ പെട്ടെന്നുള്ള വികാസത്തിന് പാശ്ചാത്യർ ഒരുപക്ഷേ ഏകപക്ഷീയവും വിശ്വാസവിരുദ്ധവുമായ (ആരാധനാ ബന്ധങ്ങളില്ലാത്ത) കേവലം മാനുഷിക സമീപനം മാത്രം അവലംബിച്ചിരിക്കാം

പരിശുദ്ധാത്മാവിന്റെയും ഭൗതിക വസ്തുക്കളുടെയും യോജിപ്പാർന്ന ഒരു സംയോജനത്തിന്റെ മാതൃകയായി കൂദാശയെ ആരാധനാധിഷ്ഠിതമായ വികസനത്തിന് എടുക്കേണ്ടതാണ്.

ഒരു ഭൗതിക വസ്തു എന്നത് ഊർജ്ജമാണ്. അതു മറ്റൊരു ഭാവത്തിലേയ്ക്ക് മാറുന്നത് ദൈവത്തിന്റെ ക്രിയാത്മകമായ ഊർജ്ജ പ്രവാഹം യഥാർത്ഥ വാക്കുപോലിന്ന് സത്യത്തിലൂടെയുള്ള മനുഷ്യന്റെ പങ്കാളിത്തമാണ് ആരാധനാധിഷ്ഠിതമായ നീക്കം.

ഇസ്സാ ജെ. കലീൽ പറയുന്നത് ഇങ്ങനെയാണ്, പൗരസ്ത്യ ക്രിസ്തീയ ചിന്തകളിലേക്കും ചിന്താഗതിയിലേയ്ക്കും കൂദാശികത്വം തുളച്ചു കയറുന്നുണ്ട്. അവരെ സംബന്ധിച്ചിടത്തോളം ആകമാനമുള്ള ഭൗതികലോകത്തിന് ആരാധനാധിഷ്ഠിതമായ ഒരു ഗുണനിലവാരമുണ്ട്. അതിന് ദൈവത്തെ പ്രകാശിപ്പിക്കുന്ന (പ്രസാദിപ്പിക്കുന്നതിനുള്ള) കഴിവുമുണ്ട്.

ഭൗതിക ലോകത്തിലുള്ള വസ്തുക്കൾക്ക് ദൈവത്തിന്റെ രക്ഷാ പ്രവർത്തനത്തിന്റെ പരിധിയിൽ കൊണ്ടുവന്ന് ഒരർത്ഥവും മാനവും നൽകാൻ കഴിയുമെന്ന ആശയത്തിലാണ് കൗദാശിക സമീപനം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത്. ആരാധനാധിഷ്ഠിതമായ കൗദാശിക സമീപനവും സാങ്കേതിക സമീപനവും ഒന്നിപ്പിച്ചു ക്രിസ്തീയമാക്കുവാൻ മാർ ഗ്രിഗോറിയോസ് ശ്രമിക്കുന്നു. ഇത് മനുഷ്യനൊഴികെയുള്ള സൃഷ്ടിക്കപ്പെട്ടവ തമ്മിലുള്ള ബന്ധത്തെപ്പറ്റിയുള്ള ആധികാരികമായ കാഴ്ച്ചപ്പാടാണ്.

ഭൗതിക വസ്തുക്കളുമായി മനുഷ്യനുള്ള ബന്ധത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഡമാസ്ക്കസിലെ സെന്റ് ജോൺ പറയുന്നതിപ്രകാരമാണ്.

“എനിക്ക് രക്ഷ പ്രദാനം ചെയ്യുന്ന ഭൗതികതയേയും വസ്തുക്കളെയും ഞാൻ ബഹുമാനിക്കുന്നു. ഭക്തിയോടെ ഞാനവയെ സമീപിക്കുന്നു, ഞാൻ ആരാധിക്കുന്നു. പക്ഷേ ദൈവതുല്യമായല്ല.”

പരിശുദ്ധ ദൈവത്തിന്റെ ക്രിയാത്മക്കമായ സ്നേഹത്തെ പ്രതിഫലിപ്പിക്കുന്നതായിരിക്കണം ദൈവത്തിന്റെ മുമ്പിൽ സമർപ്പിക്കുന്നആരാധന. സത്യാവസ്ഥയെ അതിന്റെ പരിപൂർണ്ണത കുറെ ഇന്ന് നമുക്ക് നഷ്ടപ്പെട്ടിട്ടുണ്ടെങ്കിലും സാങ്കേതിക വിദ്യകളും വ്യവസായ യന്ത്രവത്ക്കരണവുമൊക്കെ മാനവരാശിയുടെ ഇടപെടൽ മൂലം സത്യാവസ്ഥയുള്ള ഈ സംയോജനം സൃഷ്ടിക്കപ്പെട്ടതെല്ലാം ഉൾക്കൊള്ളുന്ന പങ്കാളിത്തമുള്ളതുമായിരിക്കണം.

മാർ ഗ്രിഗോറിയോസ് വിശദീകരിച്ചിട്ടുള്ള ബഹുമാനപരമുള്ള മനഃസ്ഥിതി അഥവാ സമീപനം നമുക്ക് ദർശിക്കാൻ കഴിയുന്നതും ശ്രവിക്കാൻ കഴിയുന്നതും സ്പർശിക്കാൻ കഴിയുന്നതുമായ സൃഷ്ടിയിലെ അടിസ്ഥാനപരമായുള്ള സത്യാവസ്ഥകളോട് വേണ്ടതായ തുറന്ന മനോഭാവമാണ്. ഈ പുതിയ മനോഭാവം. ശാസ്ത്രസാങ്കേതിക സമീപനങ്ങൾക്ക് പകരമുള്ള ഒന്നായിരിക്കരുത് മറിച്ച് അത്യാവശ്യ പൂരകമായിരിക്കണം.

എക്യുമെനിക്കൽ പ്രസ്ഥാനത്തിൽ സജീവമായ, ഇംഗ്ലണ്ടിലെ റഷ്യൻ ഓർത്തഡോക്സ് സഭാ അംഗവും ഗ്രന്ഥകാരനുമായ സെർജി ഹാക്കൽ മാർ ഗ്രിഗോറിയോസിന്റെ ബഹുമാനവും ഭക്തിപുരസ്സരവുമായ മനോഭാവം എക്യുമിനിക്കൽ പ്രസ്ഥാനത്തിന്റെ നീതി, സമാധാനം, സത്യസന്ധത എന്നിവയുടെ ഫലമാണെന്ന് പറയുന്നു.

ഒരു ഓർത്തഡോക്സ് ബിഷപ്പ്, ഭക്തിബഹുമാനങ്ങളോടെയുള്ള ഒരു മനോഭാവം സൃഷ്ടികളോട് വേണമെന്ന് ആവശ്യപ്പെടുന്നു. അത് സ്വീകാര്യവും, കൂടുതൽ ആവശ്യം വരുന്നതുമായ ഒരു ആഹ്വാനമാണ്. ഇത് തികഞ്ഞ ഒരു ക്രിസ്തീയ ആഹ്വാനമല്ലെന്ന് തോന്നുമെങ്കിലും എക്യുമിനിക്കൽ പ്രസ്ഥാനത്തിന്റെ നീതി, സമാധാനം, സത്യസന്ധത തുടങ്ങിയ പദപ്രയോഗങ്ങളെ വളരെ ഇഷ്ടപ്പെടുന്ന പലരും കണ്ടേക്കാം.

മാർ ഗ്രിഗോറിയോസ് തന്നെ സമ്മതിക്കുന്നതു പോലെ ശാസ്ത്രസാങ്കേതിക മനോഭാവത്തോടുള്ള സമീപനത്തിന് ഒരു പകരമായിട്ടല്ല സെർജി ഹാക്കലിന്റെ കാഴ്ചപ്പാട്. ഭക്തി ബഹുമാനപുരസരമുള്ള സമീപനത്തെ കർക്കശമായും വ്യാഖ്യാനിച്ചുകൊണ്ടുള്ളതുമല്ല. ഇവിടെയാണ് ക്രിസ്ത്യാനികളും ക്രിസ്തീയ സമൂഹവും ഒന്നാകെ എടുക്കാൻ തയാറാകേണ്ട ഒരു ഉത്തരവാദിത്തം ഇരിക്കുന്നത്. അത് ദൈവ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള സകലരും ദൈവസ്നേഹവും നീതിയും തങ്ങളിലൂടെ പ്രതിഫലിപ്പിക്കേണ്ടതാണ്. മറ്റു പലർക്കും മാതൃകയാകേണ്ടതായ പല മാതൃകകളും വളരെ വേഗം തന്നെ നാം അവലംബിക്കേണ്ടിയിരിക്കുന്നു.

ആധിപത്യവും വിവരണാതീതവുമായ രഹസ്യം

നമ്മുടെ പ്രപഞ്ചത്തിന്റെ ആധിപത്യം എന്നത് നമ്മുടെ ശരീരത്തിന്റെ ആധിപത്യം എന്നതുപോലെയാണ്. അത് നമ്മുടെ മാത്രം ഉപയോഗത്തിനുള്ളതല്ല. പ്രകൃതി നമ്മുടെ ശരീരത്തിന്റെ ഒരു വികസിത രൂപം എന്ന നിലയിൽ ദൈവകരങ്ങളിൽ, ആരാധനയിലൂടെ നാം അതിനെ എത്തിക്കും. ആരാധനയുടെ രഹസ്യത്തിനുള്ളിൽ തന്നെ നാം പ്രകൃതിയുടെ മേലുള്ള ആധിപത്യവും ഉൾക്കൊള്ളണം. അല്ലെങ്കിൽ നമുക്ക് ആധിപത്യവും വിവരണാതീത്മായ രഹസ്യവും നഷ്ടപ്പെടും.

ആധിപത്യവും രഹസ്യവും തമ്മിലുള്ള താളാത്മകത കാത്തുസൂക്ഷിച്ചുകൊണ്ടു തന്നെ ദൈവവും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പരസ്പരബന്ധം നിലനിൽക്കണമെന്ന് അദ്ദേഹം വിവരിക്കുന്നു. ആരാധനയിലൂടെ നാം പ്രപഞ്ചത്തിന്റെ അധിപനായ ദൈവത്തിന്റെ കരങ്ങളിൽ പ്രകൃതിയെ കൊണ്ട് എത്തിക്കുകയാണ്. മനുഷ്യനും പ്രകൃതിയും ആ സ്നേഹബലിയിൽ പങ്കാളികളാകാൻ ക്ഷണിക്കപ്പെട്ടിരിക്കുകയാണ്. ഫാ. ഡോ. കെ. എം. ജോർജ്ജ് ഇങ്ങനെ പറയുന്നു, നമ്മുടെ സംസ്കാരത്തിന്റെ രണ്ടു വ്യത്യസ്ത ധ്രുവങ്ങളിലായി ആധിപത്യത്തേയും രഹസ്യത്തേയും പൗലോസ് മാർ ഗ്രിഗോറിയോസ് വിവക്ഷിക്കുന്നു. ഭൗതികതയുടെ സാങ്കേതിക ആധിപത്യമോ ആത്മീയ ശക്തിയുടെ മാനസിക ആധിപത്യമോ നമുക്ക് പരിഹാരമല്ല. ക്രിസ്തുവിലെ പ്രത്യാശയുടെ രഹസ്യം നമ്മിലുള്ളതുപോലെ ഈ ആധിപത്യങ്ങളും ഈ രഹസ്യങ്ങളും നാം സന്തുലനം ചെയ്യേണ്ടതുണ്ട്. ഇത് ചെയ്യേണ്ടത് പ്രകൃതിയുടെ മേലുള്ള നമ്മുടെ ആധിപത്യം ആരാധനയിലെ രഹസ്യത്തിൽ ഉൾക്കൊള്ളണമെന്നും അല്ലെങ്കിൽ ആധിപത്യവും രഹസ്യവും നമുക്ക് നഷ്ടപ്പെടുമെന്ന മാർ ഗ്രിഗോറിയോസിന്റെ മുന്നറിയിപ്പിനെ കണക്കിലെടുത്തുകൊണ്ടായിരിക്കണം.

ആരാധനാധിഷ്ഠിതമായ ഒരു മാനവരാശിയുടെ വെളിച്ചത്തിൽ ജീവിത ഗുണമേന്മയ്ക്ക് മുൻതൂക്കം കൊടുക്കുന്ന മാനവരാശിയെ വികസിപ്പിച്ചെടുക്കുന്നതിനു വേണ്ടിയുള്ള ഒരു സമൂഹം

1. ജീവിത ഗുണനിലവാരത്തിന് സമൂഹത്തിന്റെ പ്രാധാന്യം

സൃഷ്ടിക്കപ്പെട്ടവയും മനുഷ്യനും തമ്മിലുള്ള പരസ്പരബന്ധത്തെപ്പറ്റിയുള്ള പുതിയ ധാരണ പുതിയ ഒരു മാനവസമൂഹത്തിലേയ്ക്ക് നയിക്കും. സാമൂഹ്യഘടനയും ജീവിത ഗുണനിലവാരമുള്ള വ്യക്തികളും ചേർന്ന ആ പുതിയ സമൂഹം വളരെ ഫലപ്രദമായിരിക്കുമെന്ന് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായ്ക്ക് ബോധ്യമായിട്ടുണ്ട്. തൊഴിലിനും ആരാധനയ്ക്കും പഠനത്തിനും കളികൾക്കും സാമ്പത്തിക ബന്ധങ്ങൾക്കും വിനോദത്തിനുമൊക്കെ അതിൽ സന്തുലിതാവസ്ഥ കാണും. സാമൂഹ്യ പരിവർത്തനത്തിന് വഴിതെളിക്കുന്ന പുതിയ വ്യക്തിത്വങ്ങളെ അത് വാർത്തെടുക്കുകയും ചെയ്യും. പുതിയ ഒരു ദൈവശാസ്ത്രത്തേക്കാൾ ഉപരിയായിട്ട് വൈഭവവും അർപ്പണബോധവും സാമൂഹ്യ ജാഗ്രതയുമുള്ള ഒരു കൂട്ടത്തെയാണ് ഇന്ന് ആവശ്യം. സമൂഹത്തിലൂടെ ദൈവവും, മനുഷ്യനും ഗുണനിലവാരം കൂടിയ ജീവിതം പ്രദാനം ചെയ്യുന്നുണ്ട്.

പാപപരിഹാരം നൽകാൻ സമൂഹത്തിന് സാധ്യമല്ല. മനുഷ്യർക്ക് തമ്മിലുള്ള പരസ്പരസ്നേഹത്തെ ഉറപ്പിക്കാനും നിലനിർത്താനും ദൈവത്തിന്റെ പാപപരിഹാരിയായ സ്നേഹത്തിന് സാധ്യമാണ്. സമൂഹത്തിനും വ്യക്തികൾക്കും കൂടുതൽ നല്ലതായൊരു നിലനിൽപ്പ് ദാനം ചെയ്യാൻ ദൈവസ്നേഹത്തിനു സാധിക്കും. അതിന് സമൂഹത്തിന്റെ നിയമാവലിയുടെ ഘടന മാദ്ധ്യമമാണ്.

ലോക സമൂഹം എന്നത് കൊച്ചു കൊച്ചു മനുഷ്യരുടെ ഒരു കൂട്ടായ്മ എന്നതിനേക്കാൾ വിപുലമായ ഒരു ആശയമാണ്. കൂട്ടായ്മയിലൂടെ പരസ്പര പങ്കിടലും. പരസ്പരം പ്രകൃതിയോടുള്ള ആശയവിനിമയത്തിലൂടെയുള്ള വർത്തനത്തെ(ജീവിതത്തെ)യാണിത് സൂചിപ്പിക്കുന്നത്. ജീവിതം മുന്നോട്ട് ഒഴുകുന്നതിനും ജീവിത ഗുണനിലവാരം സാധ്യമാക്കുന്നതിനും വേണ്ടി മനുഷ്യർ ഒന്നിച്ച് നിൽക്കുന്നതിനെപ്പറ്റിയാണ് ഊന്നിപ്പറയുന്നത്.

2. ആരാധനാപൂർണമായ മനുഷ്യജീവിതം

സകലതിന്റെയും അളവുകോലാണ് മാനവരാശിയെന്ന് മനുഷ്യജീവിതം തന്നെ നിർവചിക്കുന്നു. നല്ലത് എന്ന് മനസിലാക്കപ്പെടുന്നവയെല്ലാം മനുഷ്യരാശിക്ക് നല്ലതേതെല്ലാമാണോ അവയൊക്കെയാണ്. ദേശീയത, വർഗ്ഗീയത എന്നിവയുടെ വെളിച്ചത്തിൽ ഹ്യുമാനിസം എന്നത് ഒരു ആവർത്തിച്ചു വിനിയോഗിക്കപ്പെടുന്ന ചിന്തയിലൂടെയാണ് കാണപ്പെടുന്നത്. ദേശീയതയും വർഗ്ഗീയതയും മാനുഷീകരണത്തിനെതിരായുള്ള അഴിമതികളാണ്.

മാനുഷീകരണത്തിന്റെ ഏറ്റവും വലിയ പോരായ്മ അഥവാ ന്യൂനത അതിൽ മനുഷ്യൻ അവനെത്തന്നെ ഏതാണ്ട് ഒരു പാതി ദൈവമായി ആരാധിക്കുകയോ കരുതുകയോ ചെയ്യുന്നു എന്നതാണ്. മാനുഷീകരണ ചിന്താഗതിക്കാർ ദൈവത്തിന്റെ പ്രതിബിംബത്തിൽ മനുഷ്യനേയും മനുഷ്യന്റെ പ്രതിബിംബത്തിൽ ദൈവത്തേയും കാണുന്നു. അവർ അവരെത്തന്നെ എല്ലാക്കാര്യത്തിലും വളരെ ബുദ്ധിയുള്ളവരും, നീതീകരിക്കപ്പെട്ടവരുമായി കണക്കാക്കുന്നു. കൂടാതെ എല്ലാ മതവിശ്വാസങ്ങളേയും കുറേ ആഗ്രഹങ്ങളെപ്പറ്റിയുള്ള ചിന്തയെന്നും അവയൊക്കെ വെറും കെട്ടുകഥകളുടെ ആരാധനയാണെന്നും അവർ കരുതുന്നു. മറുവശത്ത് അവർ മനുഷ്യബുദ്ധിയെ ആരാധിക്കുകയും അമാനുഷിക സന്മാർഗതയ്ക്ക് പകരമായി മനുഷ്യ ആവശ്യങ്ങളേയും താല്പര്യങ്ങളേയും പുകഴ്ത്തുകയും ചെയ്യുന്നു. (ഇവിടെ ദൈവം എന്നു തുടങ്ങുന്ന വാചകം വിട്ടിരിക്കുകയാണ്).

മാർ ഗ്രിഗോറിയോസ് ഇതിന് ഉചിതമായ ഒരു ക്രിസ്തീയ നിർവചനം നൽകാൻ ശ്രമിക്കുകയും അതിന് ജാക്കിസ് മാരിഷന്റെ ഈ വിഷയത്തിലെ അഭിഭാജ്യ മനുഷ്യത്വം എന്ന ആശയത്തെ അവലംബിക്കുകയും ചെയ്തിട്ടുണ്ട്.

മാനുഷീകരണത്തിന് ഒരു പുതിയ ക്രിസ്തീയ അടിസ്ഥാനം വേണം. അത് ആധുനിക പാശ്ചാത്യലോകത്തിൽ വികസിച്ചതുപോലെ ശാസ്ത്രത്തെ മാത്രം കണക്കിലെടുത്തുകൊണ്ടാവരുത്. എന്നാൽ അത്, മറ്റ് അനേകം മതങ്ങളേയും സംസ്ക്കാരങ്ങളേയും പരിഗണിച്ചു കൊണ്ടുതന്നെയായിരിക്കണം.

വ്യക്തിത്വം എന്നത് മനുഷ്യനെ ആരാധിക്കാത്തതുകൊണ്ടും എന്നാൽ അത് യഥാർത്ഥത്തിൽ മനുഷ്യന്റെ മാന്യസ്ഥാനത്തെ ബഹുമാനിക്കുന്നതു കൊണ്ടും സുവിശേഷത്തിൽ മനുഷ്യരോടുള്ള സാമൂഹ്യ വിശ്വാസങ്ങളായ ബോധ്യവും അടിസ്ഥാന ആവശ്യങ്ങളോടുള്ള നീതിയും പുലർത്തുന്നു. കൂടാതെ അത് സാഹോദര്യമുള്ളതും മാതൃകാപരമായ ഒരു സമൂഹത്തെ വിഭാവനം ചെയ്യുകയും ചെയ്യുന്നു.

എ. ആർ. പിക്കോക്ക് മനുഷ്യനും പ്രകൃതിയും എന്ന കൃതിയിൽ കൗദാശിക മനുഷ്യജീവിതത്തെ മതേതര മനുഷ്യജീവിതത്തിൽനിന്നും വേർതിരിച്ചു കാണിക്കുന്നുണ്ട്.

ഈ വിഷയത്തിലെ ക്രിസ്തീയ വാദം ഇവിടെ മതേതര മനുഷ്യജീവിതത്തിൽ നിന്നു വ്യത്യസ്തമാണ്. എന്നിട്ട് ഈ പ്രക്രിയ മുഴുവനും ലോകത്തിന്റെ പ്രവൃത്തിഫലമാണെന്ന് എടുത്തുകാണിക്കുന്നു. ഇത് കൂടാതെ സൃഷ്ടിക്കപ്പെട്ട ലോകത്തിൽ ദൈവം മനുഷ്യനായി അവതരിച്ചു എന്നതിന്റെ ദൃഷ്ടാന്തവുമാണ് ഈ പ്രക്രിയ.

പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന സത്യങ്ങളുടെ വലയത്തിന്റെ കണ്ണികളെ ക്രിസ്തുവുമായി ബന്ധിപ്പിക്കുന്ന ചില മർമ്മഭാഗങ്ങൾ സമൂഹത്തിൽത്തന്നെയുണ്ട്. അതിൽ വിശ്വാസ കൂദാശകളും അവ അനുഷ്ഠിക്കുന്ന പുരോഹിതനും അവയെ പൂർണ്ണമാക്കുകയും പൂർത്തീകരിക്കുകയും ചെയ്യുന്ന ദൈവവും ഉണ്ട്. അവയെല്ലാമാണ് സഭാവിശ്വാസത്തിന്റെ തിരു രഹസ്യങ്ങൾ. അത് ഒരുപക്ഷേ ഭാഷയിലെ വാക്കുകൾ കൊണ്ട് വിശദീകരിക്കാനാവുന്നവയല്ല. എന്നാൽ അത് നല്ലതിനെയോ ചീത്തയെയോ തിരഞ്ഞെടുക്കുന്നതിന് ഒരു മനുഷ്യനെ സഹായിക്കുന്നു. അതുതന്നെയാണ് ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിന്റെ തെളിവും.

മാർ ഗ്രിഗോറിയോസിന്റെ "കൗദാശിക മനുഷ്യജീവിതം" മനസിലാക്കേണ്ടത്, ലോകത്തിൽ ക്രിസ്തു

വിന്റെ അവതാരസാന്നിദ്ധ്യം ഉള്ളതെങ്ങനെയാണോ അത്തരത്തിലായിരിക്കണം. ആരാധനാ തത്വങ്ങളുടെ ഒരു പുതിയ ധാരണ അഥവാ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലേ ലോകത്തിൽ സഭയുടെ കൂദാശയും ആരാധനാ നിർവ്വഹണവും ഇന്ന് കാണാൻ കഴിയുകയുള്ളൂ. സഭയുടെ കൂദാശാരഹസ്യങ്ങളിൽ, ദൈവവും ക്രിസ്തുവുമായുള്ളതും വി. ത്രിത്വത്തിലെ ദൈവവും ആകെയുള്ളതുമായ ബന്ധങ്ങളിൽ പങ്കാളിയാവാൻ മനുഷ്യന് അവകാശം നൽകപ്പെട്ടിട്ടുണ്ട്. കൂദാശകളും പാവപ്പെട്ടവർക്കു വേണ്ടിയുള്ള സേവനവും നിർവഹിക്കുമ്പോൾ നാം നമ്മെത്തന്നെയും പ്രപഞ്ചത്തേയും പുതുക്കുകയാണ്. ഇത് പരിശുദ്ധാത്മാവിൽ നാം എത്ര മാത്രം ക്രിസ്തുവിനോട് അടുക്കുന്നുവോ ആ പരിധിവരെത്തന്നെ. അങ്ങനെ മനുഷ്യൻ ദൈവീകരിക്കപ്പെടുന്നു. അത് മാത്രം മതി, മനുഷ്യനും ഭൂമിയിലും അതിനപ്പുറവുമായി മനുഷ്യന് സാധ്യമാകുന്ന കാര്യങ്ങളുടെ വ്യാപ്തി.

ഭൂമിയിലെ പ്രതീകങ്ങളിലൂടെയും ആശയ വിനിമയങ്ങളിലൂടെയും ഉപാധികളിലൂടെയും സ്വർഗ്ഗീയ ശക്തികളിൽ പങ്കാളിയാവുക എന്നത്, ബലിയർപ്പണംപോലെ ശ്രേഷ്ടമാണ്.

3. സഭ ഒരു സമൂഹം എന്ന നിലയിൽ ക്രിസ്തുവിന്റെ തിരുശരീരം

സഭ – എക്ലീസിയ എന്ന ഗ്രീക്ക് വാക്കിനർത്ഥം, വിളിച്ചുകൂട്ടിയ സഭ, പുനരൈക്യം എന്നൊക്കെയാണ്. ജെറുസലേമിലെ പ. സിറിൽ പറയുന്നു. സഭയ്ക്ക് അങ്ങനെ പേരിട്ടതിന്റെ കാരണം അത് എല്ലാ മനുഷ്യരേയും ഒന്നിച്ച് വിളിച്ചുകൂട്ടുകയും, അവരെ ഓരോരുത്തരെയും പരസ്പരം സംയോജിപ്പിക്കുകയും ചെയ്യുന്നു എന്നതാണ്. സഭ ക്രിസ്തുവിന്റെ തിരുശരീരമെന്ന നിലയിൽ, ഒരു സമൂഹമാണ്. സഭയെന്നതിൽ ഓരോരുത്തർക്കും അവരവരുടെതായ കടമയും ജോലിയുമുണ്ടെങ്കിലും ഓരോ അംഗവും മറ്റുള്ളവരുമായി ക്രിസ്തുവിന്റെ അതേ ജീവിതം പങ്കുവയ്ക്കുകയാണ്. സഭയിലെ അംഗങ്ങളായ ഓരോ വ്യക്തിയും അനുഭവിക്കുന്ന പരസ്പര കരുതലിലൂടെയും സമാധാനത്തിലൂടെയും ക്രിസ്തുവിന്റെ തിരുശരീരം അർത്ഥവത്തും പൂർണ്ണവുമായിരിക്കുകയും ചെയ്യുന്നു.

4. വിവിധോന്മുഖമായ മാനവസമൂഹത്തിനുള്ളിൽ സഭ ഒരു പ്രത്യേക സമൂഹമായിട്ട്

കേവലം ഒരു സംഘടന എന്നതിലുപരിയായി, സ്വർഗത്തിലും ഭൂമിയിലും സഭയാണ് ഏറ്റവും മഹത്തായ സമൂഹം. അത് ദൈവത്തിന്റെ പരിശുദ്ധമായ ആരാധനാലയമാണ്. ക്രിസ്തീയ സമൂഹം ദൈവത്തിന്റെ ആരാധനാലയവും രാജകീയ പൗരോഹിത്യവും എന്നത് ഉൾക്കൊള്ളാത്ത ഒരു മതേതരസമൂഹത്തിനും അതിന്റെതായ ആധികാരിത കാണുകയില്ല.

മതേതരസമൂഹത്തിന് ഉള്ളിൽ നിലനിന്നുകൊണ്ടുള്ള സഭയുടെ നിരന്തരമുള്ള ആരാധനയും പ്രാർത്ഥനയും ആ സമൂഹം അറിയാതെയും ചിലപ്പോൾ അതിന്റെ മനസാക്ഷിക്കെതിരായും ആ സമൂഹത്തെ രൂപാന്തരപ്പെടുത്തുകയും ശുദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. ചരിത്രത്തിൽ ദൈവരാജ്യത്തിന്റെ ദൃഷ്ടാന്തമായിട്ടാണ് സഭ അറിയപ്പെടുന്നത്. അത് സാദ്ധ്യമാകുന്നത് പരസ്പരം ബന്ധപ്പെട്ട സമൂഹത്തിലൂടെയും സ്വാതന്ത്ര്യത്തിലൂടെയും ജ്ഞാനത്തിലൂടെയുമാണ്. ഈ മൂന്ന് തത്വങ്ങളുടെയും ഉത്ഭവം, ദൈവത്തിൽ നിന്ന് തന്നെയാണ്. സഭ ഇവ ദൃഷ്ടാന്തപ്പെടുത്തുമ്പോൾ സ്വയം ദൈവത്തിന്റെ ആലയമായി മാറുകയാണ് ചെയ്യുന്നത്.

5. ക്രിസ്തീയ സമൂഹത്തിന്റെ മൂലകങ്ങൾ

ഉന്നതമായ ഒരു ജീവിതനിലവാരത്തിന് മാർ ഗ്രിഗോറിയോസിന്റെ ആശയങ്ങളിൽ ക്രിസ്തീയ സമൂഹത്തിന് താഴെപ്പറയുന്ന പ്രത്യേകതകൾ ഉണ്ട്.

1. സാമൂഹ്യ നിയന്ത്രണവും വ്യക്തിപരമായ മുൻകൈ എടുക്കലും
2. ജോലിയും വിനോദവും അദ്ധ്വാനവും വിശ്രമവും.
3. ഫലവത്തായ തൊഴിലും വിശ്രമ ഇടവേളകളും
4. കേന്ദ്രീകൃതവും വ്യക്തിപരവുമായ പ്രാർത്ഥന ഒരുഭാഗത്തും, നർമ്മബോധം മറുവശത്തും.
5. പഠനവും, കലാപരമായ സൃഷ്ടിപ്രവർത്തികളും
6. സമൂഹത്തിൽ നിന്നുള്ള വിടുതലും എന്നാൽ സമൂഹത്തിൽ നേരിട്ടുള്ള പങ്കാളിത്തവും
7. ഉപവാസം അനുഷ്ഠിക്കുകയും സദ്യസൽക്കാരങ്ങളിൽ പങ്കെടുക്കുകയും
8. പരസ്പര അംഗീകാരവും സത്യസന്ധമായ നിരൂപണവും

രണ്ടു രാക്ഷസപ്രവണതകളായ അനാസ്ഥയേയും മനുഷ്യനെ ഭീതിപ്പെടുത്തുന്ന ആണവഭീഷണിയേയും

മറികടക്കാൻ കൗദാശിക മനുഷ്യജീവിതത്തിന്റെ വെളിച്ചത്തിൽ സമൂഹത്തിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ അഭിവാഞ്ഛ ത്വരിതഗതിയിലാകുമെന്നതിന് സംശയമില്ല.

മാർ ഗ്രിഗോറിയോസ് മറുനിർദ്ദേശത്തിന്റെ നാലു തലങ്ങളെ ഇങ്ങനെ വിവരിക്കുന്നു.

1. ദൈവത്തിൽ നിന്നു നാഗരിക സാങ്കേതിക പശ്ചാത്തലത്തിലെ മനുഷ്യനെ അകറ്റിനിർത്തുന്ന വിടവ് ഇല്ലാതാക്കണം

2. മനുഷ്യനെ ഇപ്പോൾ തടവിലാക്കിയിരിക്കുന്ന സാമ്പത്തിക സാമൂഹ്യ രാഷ്ട്രീയ വിടവ് അവസാനിപ്പിച്ച് ഇന്നത്തെ സ്ഥിതിയുടെ മേൽ നിയന്ത്രണം ഉണ്ടാകണം.

3. രാഷ്ട്രങ്ങളും വിവിധ സമൂഹങ്ങളും വ്യക്തികളും വീണ്ടും പരസ്പരം വിശ്വസിക്കുകയും ഓരോരുത്തർക്കും വേണ്ടി പരസ്പരം കരുതലും ഉണ്ടാകണം

4. ചെയ്തുകൊണ്ടിരിക്കുന്ന അനേകം കാര്യങ്ങളുടെ ചുഴിയിലല്ലാതെ നിശബ്ദതയുടെ ആഴത്തിൽ മനുഷ്യൻ അവനെ തന്നെ കണ്ടെത്തണം.

വിപ്ലവാത്മകമായ ആശയങ്ങളെക്കാളും ആഗോള പദ്ധതികളേക്കാളും ഉപരിയായിട്ട് പ്രാധാന്യം വേണ്ടത് സാമ്പത്തിക, സമൂഹ്യ, രാഷ്ട്രീയ ഘടനകളെ നിയന്ത്രിച്ച് നിർത്തുന്നതിനാണ്. ആ പുതിയ അവബോധത്തിന്റെ ഉത്ഭവത്തിന് കൗദാശിക മനുഷ്യജീവിതം അടിസ്ഥാനമാക്കിയുള്ള മുൻ പറഞ്ഞ സമൂഹത്തിന്റെ മൂലകങ്ങൾ വിശദമായിട്ടുതന്നെ വികസിപ്പിക്കേണ്ടിയിരിക്കുന്നു. ശ്രീ. അരവിന്ദന്റെ യോഗാശയങ്ങളേക്കാളും ബുദ്ധമതത്തിലെ നിർവ്വാണം എന്ന ചിന്തയെക്കാളും മുന്നിലായി മതങ്ങൾ തമ്മിലുള്ള പരസ്പര ബന്ധത്തിൽ സ്നേഹത്തിന്റെ പുതിയ നവോന്മേഷം ലോകത്തിന് നൽകണം.

6. കൂട്ടായ സമൂഹ യോഗയുടെ മൂന്നു തലത്തിലുള്ള അടിസ്ഥാനം

എ) സംഗീതത്തിലും ആചാരങ്ങളിലും പരിത്യാഗത്തിലും നിശബ്ദതയിലും പ്രതിഫലനത്തിലും ധ്യാനത്തിലും പ്രവർത്തി പഥമാകുന്ന സത്യത്തിന്റെ കാഴ്ചയ്ക്കപ്പുറമാകുന്ന മാനങ്ങളെപ്പറ്റിയുള്ള അവബോധം സമൂഹത്തിന്റെ ആരാധന അനുഭവവേദ്യമാക്കുന്നു. താമരയുടെ ഒരായിരം ഇതളുകൾ ഒന്നിച്ച് വളർന്ന്, ഭംഗിയുള്ള ഒരേകവസ്തു ആകാനുള്ള ഊർജ്ജത്തിനു വേണ്ടി സൂര്യനിലേക്ക് തിരിയുന്നതു പോലെ ഇതൊരു പുതിയ അനുഭവമാണ്.

ബി) ഒരു സമൂഹത്തിലെ അംഗങ്ങൾ തമ്മിലുള്ള പരസ്പരബന്ധവും അതിനു വെളിയിലുള്ളവരുടെ ബന്ധവും, ആ സമൂഹത്തിന്റെ വിഭവ വിനിയോഗം ലളിതവും സ്നേഹസമ്പൂർണ്ണമായൊരു ജീവിതവും സ്നേഹവും മറ്റുള്ളവർക്കുവേണ്ടിയുള്ള കരുതലും അതിനുവേണ്ടിയുള്ള സമാധാന മനോഭാവവും പ്രശ്ന പരിഹാരത്തിനുള്ള മുൻകൈ എടുക്കലും, കയ്പുള്ളതും തരംതാണതുമായ അനുഭവങ്ങളെ പിൻതള്ളുന്നതിനുള്ള കഴിവും അസൂയയും അത്യാഗ്രഹവും വിരോധവും വൈരാഗ്യവും വെടിയലുമൊക്കെയുള്ളതും അനുഗ്രഹത്തെ ക്ഷണിച്ചു വരുത്തുന്നതുമായ ഒരു സമൂഹം, ഇടുങ്ങിയ ചിന്താഗതികൾ ഇല്ലാത്ത ഒരു പൂർണ്ണ മാനവ സമൂഹത്തെയാണ് സൃഷ്ടിക്കുന്നത്.

സി) പ്രപഞ്ചത്തിന്റെ മഹത്വം വെളിപ്പെടുത്തുന്നതിനും, ജീവനുള്ള എല്ലാറ്റിനേയും എല്ലാ സത്യത്തേയും ശുശ്രൂഷിക്കുന്നതിനും അങ്ങനെ ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും ശാസ്ത്രസാങ്കേതികതയിലൂടെയും കലയിലൂടെയും സംഗീതത്തിലൂടെയും ഒരു സമൂഹത്തിന്റെ ഭൗമിക സമ്പത്തുകളെ നിയന്ത്രിക്കാനും കൈകാര്യം ചെയ്യാനുമുള്ള കഴിവുണ്ടാകണം.

ഒരു സമൂഹത്തിന്റെ നിലനിൽപ്പിന് പ്രാർത്ഥനയും ആരാധനയും അനുപേക്ഷണീയമാണെന്ന് അദ്ദേഹം എടുത്തു പറയുന്നു. ആരാധനയിലൂടെ മനുഷ്യൻ സത്യവുമായിട്ട് പൊരുത്തപ്പെടണം. വിശുദ്ധകുർബ്ബാനാധിഷ്ഠിതമായ ആത്മീയ ജീവിതം, മാനവരാശിയുടെ കേന്ദ്രീകരിക്കപ്പെട്ട ജീവിതം, ജീവിച്ചിരിക്കുന്നവരും മരിച്ചു പോയവരും ഇതുവരെയുള്ളവരും ഭാവിയിൽ വരാൻപോകുന്നതുമായ ചരിത്രവും എല്ലാം ആരാധനയിലുമുണ്ടെന്നുള്ളത് സ്വാതന്ത്ര്യത്തിന്റെ പൂർണ്ണതയിലേക്കുള്ള ഒരു നീക്കമാണ്. ഒരു ക്രിസ്ത്യാനിയെ മറ്റുള്ളവയിൽ നിന്ന് വ്യത്യസ്തമാക്കുന്നത് പ്രാർത്ഥിക്കാനുള്ള സാദ്ധ്യതയും കഴിവുമാണ്. പ്രാർത്ഥന ഇല്ലാതെ ഒരുവനും യഥാർത്ഥ ക്രിസ്ത്യാനി ആകുവാനോ ഒരു പരിപൂർണ്ണ മനുഷ്യനാകുവാനോ കഴിയില്ല. പ്രാർത്ഥന സ്വാതന്ത്ര്യത്തിന്റെ സന്തോഷമാണ്. അത് ദൈവമക്കളുടെ പ്രത്യേകതയാണ്. ദൈവത്തിന്റെ പിതൃത്വസ്ഥാനത്തേയ്ക്കുള്ള പ്രവേശനം അനുഭവപ്പെടുന്നത് എന്ന രീതിയിലാണ് ഇവിടെ സ്വാതന്ത്ര്യം എന്ന് വിശേഷിപ്പിക്കുന്നത്. ഇതിൽ സംസാരസ്വാതന്ത്ര്യവും അവതരണസ്വാതന്ത്ര്യവും ഉൾപ്പെടുന്നു. അവ സകല മനുഷ്യരുടെയും അവകാശം തന്നെ. ആത്മീയ ജീവിതത്തിലെ പോരായ്മകൾ അവഗണിക്കപ്പെടാവുന്നവയല്ല. കഷ്ടം എന്നു പറയട്ടെ യഥാസമയം ആരാധന നടത്തുന്ന സമൂഹങ്ങൾ വളരെ വിരളമാണ്. മറ്റ് പാശ്ചാത്യനാടുകളിൽ മാത്രമല്ല മറ്റു നാടുകളിലും സ്ഥിതി ഇതുതന്നെയാണ്.

ആത്മീയ ജീവിതത്തിന്റെ അടിസ്ഥാനവും അതേപ്പറ്റിയുള്ള എതിരഭിപ്രായങ്ങളും സൂചിപ്പിക്കുന്നത് സംബ ന്ധിച്ച്, മാർ ഗ്രിഗോറിയോസ് മുന്നോട്ടു വച്ച ആശയം ഭാരതത്തിലെ ആശ്രമങ്ങളെയും പാശ്ചാത്യ പൗരസ്ത്യ നാടുകളിലെ സന്യാസമഠങ്ങളേയും അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. മാനവരാശിയും പ്രകൃതിയും ദൈവവും തമ്മിലുള്ള പരസ്പര ബന്ധത്തെ അർത്ഥവത്താക്കുന്നതാണ് പ്രസ്തുത ആശയം.

സ്നേഹവും സ്വാതന്ത്ര്യവും സന്യാസമഠങ്ങളുടെ കാഴ്ച്ചപ്പാടിൽ -സമീപനത്തിൽ

യഥാർത്ഥത്തിലുള്ള സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനം സ്നേഹമാണ്. അതിലൂടെ ലോകത്തിൽനിന്നു ള്ള സ്വാതന്ത്ര്യം ഇല്ലാതാവുകയും അത് ലൗകികതക്കെതിരെയുള്ള സ്വാതന്ത്ര്യമായി മാറുകയും ലോക ത്തെ ശുശ്രൂഷിക്കാൻ വേണ്ടിയുള്ള ഒരു സ്വാതന്ത്ര്യമായി തീരുകയും ചെയ്യുന്നു. സ്നേഹം ധൈര്യത്തിനും ശക്തിക്കും സന്യാസിമാരിലേക്ക് പകർന്നു കൊടുത്തിരിക്കുന്ന സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെ മൂല്യങ്ങളി ലേക്കും പരസ്പരബന്ധത്തിലേക്കും നയിക്കുന്നു. സന്യാസി മതാധിഷ്ഠിതമായ ലളിതമായ നിയമങ്ങൾ മാർ ഗ്രിഗോറിയോസിന്റെ വാക്കുകളിൽ ഇങ്ങനെയാണ്. സ്വാതന്ത്ര്യമുള്ള പുതിയ സമൂഹത്തിന്റെ അച്ചടക്ക ത്തിന് ദാരിദ്ര്യം, പരിശുദ്ധത, അനുസരണ എന്നിവയുടെ ലളിത തത്വങ്ങൾ അപര്യാപ്തമാണ്.

കൗദാശിക മനുഷ്യജീവിതത്തെയും ജീവിത ഗുണനിലവാരത്തേയും അടിസ്ഥാനമാക്കി പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത നിർദ്ദേശിക്കുന്ന പുതിയ സമൂഹം ദൈവരാജ്യത്തിലേയ്ക്ക് നമ്മെ നയിക്കും. ദൈവത്തിങ്കലേയ്ക്കുള്ള മാർഗ്ഗം കണ്ടുപിടിക്കുകയും പരിസ്ഥിതിപ്രശ്നങ്ങളിൽ പുതിയ അന്വേ ഷണവും പരിഹാരവും കണ്ടെത്തുന്ന ഒരു ഐക്യപ്പെട്ട മാനവരാശി ആയിരിക്കാം ഇതെന്ന് മാർ ഗ്രിഗോ റിയോസ് പ്രത്യാശിക്കുകയും ചെയ്യുന്നു.

ഡി) നിലനിൽപ്പിനും നീതിക്കും വേണ്ടിയുള്ള സാമൂഹ്യ രാഷ്ട്രീയ ധനതത്വ പുനർചിന്തനം.

പരിസ്ഥിതിയുടെ സന്തുലനാവസ്ഥയുടെ അടിസ്ഥാനത്തിൽ വിഭവങ്ങളുടെ നിയന്ത്രണം നിലനിൽപ്പിനും നീതിക്കും ഇടയിലുള്ള വടംവലിയിൽ വിധേയമാകുന്നുവെന്ന് പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രോ പ്പോലീത്താ കാണുന്നു. അനീതിയായ കച്ചവടത്തിലൂടെയും സ്വാർത്ഥതയിലൂടെയും വായ്പകളിലൂടെയും അമിത ചൂഷണം ചെയ്ത് രാജ്യാന്തര കോർപ്പറേഷനുകളിലൂടെ ഉൽപ്പന്നങ്ങളേയും ആയുധങ്ങളേയും അമിത വിലയ്ക്ക് വിറ്റു ചൂഷണം ചെയ്യുന്നുവെന്ന് നമുക്ക് അറിയാം.

1. ആഗോള അനീതിയുടെ ആപത്ശാസ്ത്രവും സാങ്കേതിക വിദ്യകളും

സകല മനുഷ്യർക്കും മാന്യമായ ഒരു ജീവിത നിലവാരം ഉറപ്പു വരുത്തുവാൻ പ്രാപ്തമായ വിഭവങ്ങളും സാങ്കേതികതയും ഇപ്പോൾ മനുഷ്യന്റെ നിയന്ത്രണത്തിലാണ്. എന്നിട്ടും പതിനായിരക്കണക്കിനാളുകൾക്ക് ജീവിക്കാൻ വകയില്ലാത്ത അവസ്ഥയാണ് ഇന്നുള്ളത്. ശാസ്ത്രവും സാങ്കേതികവിദ്യയും എന്നും പണക്കാ രുടെയും ചൂഷണം ചെയ്യുന്നവരുടെയും കൈവശമാണ്. ആകെയുള്ള മനുഷ്യരുടെ ചില വിഭാഗങ്ങൾക്ക് ഇന്ന് ലഭ്യമാകുന്ന പ്രയോജനങ്ങൾ കൈപ്പറ്റുവാനുള്ള കഴിവും ഇല്ലാതായിരിക്കുന്നു.

സമൂഹത്തിന്റെ സാമൂഹ്യ ധനതത്വഘടന ഇന്നത്തേതുപോലെതന്നെ തുടരുന്നിടത്തോളം ശാസ്ത്ര സാങ്കേതിക വിദ്യകൾ മൂലമുണ്ടാകുന്ന നേട്ടങ്ങൾ കൈവരിക്കാൻ ദുർബലവിഭാഗങ്ങൾക്ക് കഴിയുകയില്ലെന്ന് കുറച്ചുകൂടി ആഴത്തിലുള്ള വിശകലനം തെളിയിക്കുന്നു.

2. സാമ്പത്തിക സ്ഥിതി (നിലവാരം)

ഇന്നത്തെ സാമ്പത്തികസ്ഥിതി അഥവാ നിലവാരത്തിന്റെ അടിസ്ഥാനപരമായ ന്യൂനത അത് അനീതി നിറഞ്ഞതും എതിർപ്പുളവാക്കുന്നതും മനുഷ്യനെ മനുഷ്യനല്ലാതാക്കുന്നതുമാണെന്ന് സംശയാതീതമായ ഒരു വസ്തുതയാണ്. ധനസ്ഥിതിയുള്ളതും ഇല്ലാത്തതുമായ രാജ്യങ്ങൾ തമ്മിലുള്ള വിടവ് വർദ്ധിക്കുന്നു. അല്ലാതെ പ്രസ്തുത വിടവു കുറയുകയില്ല. എന്നാൽ ഈ വിടവ് കൂടുതൽ വലുതാവുകയേ ഉള്ളൂ എന്ന് ഭാവി കണക്കു കൂട്ടുന്നവർ മനസിലാക്കി കഴിഞ്ഞു.

മാർ ഗ്രിഗോറിയോസിന്റെ നിരീക്ഷണ വെളിച്ചത്തിൽ വിദേശ മൂലധനമുടക്കുകളെയും കയറ്റുമതിയെയും അടിസ്ഥാനമാക്കിയുള്ള ഒരു ബിസിനസ് എങ്ങനെ ഇൻഡ്യയുടെ ധനതത്വശാസ്ത്രത്തെ, അന്തർദേശീയ കുത്തക മുതലാളിത്തത്തേയും ഐ. എം. എഫ് കുത്തകയേയും ഉന്നത സ്ഥാനക്കാരുടെ സ്ഥാപിത താൽപ ര്യങ്ങളേയും മറികടക്കാൻ സഹായിക്കും? ഇക്കാര്യത്തിൽ അദ്ദേഹം വളരെ ഉത്കണ്ഠാഭരിതനാണെന്ന പോലെ പരിഹാരമാർഗ്ഗനിർദ്ദേശത്തിന് ശക്തവുമാണെന്ന് അദ്ദേഹത്തിന്റെ കൃതികൾ വ്യക്തമാക്കുന്നു.

നേരിട്ടുള്ള കോളനിവാഴ്ചകളുടെ കാലം കഴിഞ്ഞെങ്കിലും വടക്കിന്റെ സാമ്പത്തിക മേൽക്കോയ്മ നില നിൽക്കുകയാണ്. അത് കടങ്ങളിലൂടെയും അന്തർദേശീയ ബാങ്കിംഗ് രീതിയിലൂടെയും തുടരുകയാണ്.

പാവപ്പെട്ടവന്റെ കടഭാരം അവനെ നിരാശയിലേക്കും പ്രതിഷേധത്തിലേക്കും നയിക്കും.

പാവപ്പെട്ടവന്റെ കടഭാരം എങ്ങനെ ധനവാന്റെ ഒരു ആനുകൂല്യം അല്ലെങ്കിൽ വരുമാനമായി മാറുന്നു വെന്ന് മാർ ഗ്രിഗോറിയോസ് വിശദീകരിക്കുന്നു.

ദരിദ്രരാജ്യങ്ങൾ 80 മില്ല്യൻ ഡോളർ കടമെടുക്കുകയും(1985ൽ) അതിന് മുമ്പുണ്ടായിരുന്ന കടബാദ്ധ്യത യ്ക്കായി 102 മില്യൺ ഡോളർ തിരിച്ചടയ്ക്കുകയും ചെയ്തു. അതായത് പാവപ്പെട്ടവരുടെ കൈയ്യിൽ നിന്ന് ധനവാന്റെ കൈയ്യിലേയ്ക്ക് ആ വർഷം 22 മില്യൺ ഡോളർ ചെന്നു ചേർന്നു. 1984–ൽ അത് 13.6 മില്യൺ മാത്രമായിരുന്നു.

ഇത് കാണിക്കുന്നത് ഓരോ വർഷവും വികസിത രാജ്യങ്ങൾക്ക്ലഭിക്കുന്ന വായ്പാതുകയെക്കാൾ വളരെ വലിയ തുകയാണ് വികസ്വര രാജ്യങ്ങൾക്ക് ലഭിക്കുന്നത് എന്നാണ്. ഇങ്ങനെ വായ്പ കൊടുക്കുന്നതു കൊണ്ട് വികസ്വര രാജ്യങ്ങളിൽനിന്ന് ആയുധങ്ങൾ വാങ്ങുകയാണ് ചെയ്യുന്നത്. കടമെടുക്കുകയും, അതി നേക്കാൾ തന്നെ വലിയ തുകകൾ പട്ടാള ആവശ്യത്തിനുള്ള വാങ്ങലുകളിലൂടെ സമ്പന്ന രാജ്യങ്ങൾക്കു പൊയ്ക്കൊണ്ടുമിരിക്കുന്നു. പാവപ്പെട്ടവനും വിശക്കുന്നവനും ഇന്ന് കടത്തിലാണ്.

യഥാർത്ഥ പ്രശ്നങ്ങളെ നേരിടാൻ നിർദ്ദേശിക്കുന്ന ഒരു സാമ്പത്തികസ്ഥിതി.

1. വ്യാപാരത്തിൽ സന്തുലിതമായ വ്യവസ്ഥകൾ

2. വികസനത്തിനുവേണ്ടി, സാങ്കേതിക വിദ്യകളെ കൈമാറ്റം ചെയ്യൽ

3. കുറേക്കൂടെ മെച്ചമായ വായ്പാപദ്ധതികളും മൂലധന നിക്ഷേപവും

4. സമ്പന്ന രാഷ്ട്രങ്ങൾ, അവർക്ക് നീക്കിവെയ്ക്കാൻ കഴിയുന്നത്ര ധനം അവികസിത രാജ്യങ്ങൾക്കായി പങ്കുവെയ്ക്കുക.

5. ധനാഗമന തീരുമാനങ്ങളിൽ ഒരു അന്തർദേശീയ നിയന്ത്രണം. ശരിയ്ക്കുള്ള അന്തർദേശീയ സാമ്പ ത്തികസ്ഥിതിയിലുള്ള ഉദ്യോഗസ്ഥഭരണത്തെ വികസിതരാജ്യങ്ങളിൽ നിയന്ത്രിക്കുന്നതിന് മാത്രമല്ല, പൗര ന്മാരുടെ പ്രതിനിധികൾക്കും അത് നിയന്ത്രണമാവണമെന്നാണ് മാർ ഗ്രിഗോറിയോസിന്റെ അഭിവാജ്ഞ. അങ്ങനെയുള്ള ഒരു വ്യവസ്ഥിതി, സമൂഹത്തിന്റെ അത്യാവശ്യങ്ങളെ തിരിച്ചറിയുകയും ശരിയ്ക്കും ആരോ ഗ്യപരവും സന്തോഷകരവുമായ ഒരു മനുഷ്യജീവിതവും സമൂഹവും സൃഷ്ടിക്കപ്പെടുന്നതും ഭാവിയിൽ വളരെയേറെ സഹായകമാകും.

3. എല്ലാവർക്കും ഒരേ നിയമം, നീതി എന്ന വിഷയം

അന്തർദേശീയ സമൂഹത്താൽ പിൻതാങ്ങപ്പെടുന്നതിന് ഇടയായെങ്കിലും അന്തർദേശീയ നിയമം ഉയർത്തി ക്കാട്ടുന്നതിനായിരുന്നു എന്ന് അമേരിക്കയും അവരുടെ കൂട്ടുരാജ്യങ്ങളും ഗർഫ് യുദ്ധത്തെ ന്യായീകരിച്ചു എന്ന് റോജർ വില്ല്യംസ് ലൈഫ് ആന്റ് പീസ് റിവ്യു എന്ന പ്രസിദ്ധീകരണത്തിൽ റിപ്പോർട്ട് ചെയ്യുകയുണ്ടാ യി. പാവപ്പെട്ടവന് ഒരു നിയമവും, ധനവാന് മറ്റൊരു നിയമവുമാണ് ബാധകമാകുന്നതെന്ന് പരക്കെ അറി യാവുന്നതാണല്ലോ. രാജ്യാന്തര നിയമക്കോടതിയിലൂടെ രാജ്യാന്തര നീതി ലഭിക്കാൻ ശ്രമിച്ച നിക്കരാ ഗ്വയിലെ സാന്റിനില്ലാ ഗവൺമെന്റ് അധികാരത്തിൽ നിന്ന് തള്ളപ്പെടുകയും പകരം മറ്റൊരു സർക്കാർ അധികാരത്തിലേറുകയും ചെയ്തു. ഈ നീതീകരിക്കപ്പെട്ട അവകാശവാദം തള്ളിക്കളഞ്ഞ സർക്കാർ ആകട്ടെ അമേരിക്കൻ സഹായം അവർക്ക് ലഭിച്ചതുകൊണ്ട് തന്നെയാണ് ആ അവകാശവാദം തള്ളിക്കളഞ്ഞത്. രാജ്യാന്തര നിയമം ഏകപക്ഷീയമാകരുത്. ഇറാഖിനെ പട്ടാള ശക്തിയിലൂടെ ശിക്ഷിക്കുന്നതിനും മറ്റു രാജ്യ ങ്ങളെ ഇറാഖിനോട് ചേർന്നുനിൽക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതും മാത്രമായിരുന്നു ഗൾഫ് യുദ്ധത്തിലൂടെ അമേരിക്കയുടെ കൂടില ലക്ഷ്യം. വളരെ ശ്രദ്ധയോടും ആഴത്തിലും സ്ഥിതിഗതികൾ വില യിരുത്തിയിട്ട് മാർ ഗ്രിഗോറിയോസ് അമേരിക്കയുടെ മനുഷ്യാവകാശ ധ്വംസനത്തെ കുറ്റപ്പെടുത്തുന്നു. കാൻബറായിൽ നടന്ന ലോകസഭകളുടെ സമ്മേളനത്തിൽ, ആസ്ട്രേലിയായുടെ പ്രധാനമന്ത്രി നടത്തിയ ഉദ്ഘാടന പ്രസംഗത്തോട് അദ്ദേഹം പ്രതികരിക്കുകയും, ആസ്ട്രേലിയയിലെ ആദിവാസികളുടെ അവകാ ശങ്ങൾക്കായി വാദിക്കുകയും, ചെയ്തു. അവരുടെ സംസ്കാര അധഃപതനത്തെപ്പറ്റിയും അവരുടെ പാരമ്പ ര്യമായുള്ള ജന്മനാടിന്റെ ചൂഷണത്തെപ്പറ്റിയും അദ്ദേഹം ഊന്നിപ്പറഞ്ഞു. ലോകത്താകമാനം, എവിടെ യെല്ലാം വിദേശ പട്ടാളശക്തികൾ നിലയുറപ്പിക്കുന്നുണ്ടോ അവർ അവിടെനിന്നെല്ലാം പിൻമാറണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഈസ്റ്റാംബൂളിൽ അദ്ദേഹം നടത്തിയ പ്രകോപനപരമായ പ്രസംഗത്തിൽ സൈപ്രസിൽ നിന്നും ടർക്കി പിൻമാറണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

മാർ ഗ്രിഗോറിയോസിന്റെ കാഴ്ചപ്പാടിലുള്ള പുതിയ ലോകത്തിൽ മൂല്യങ്ങളെ ബന്ധപ്പെടുത്തുന്നതിന് അദ്ദേഹം താഴെപ്പറയുന്ന പരിഹാര മാർഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.

1. കൂട്ടമായി ചെയ്യുന്ന കുറ്റകൃത്യങ്ങളെ ഏറ്റവും ചുരുക്കുക (ആയുധങ്ങളെ ഒഴിവാക്കി സമാധാനം നില നിർത്തുക)

2. സാമൂഹിക സാമ്പത്തിക സുസ്ഥിരത ഏറ്റവും ഉയർത്തുക

3. മൗലിക അവകാശങ്ങളെപ്പറ്റിയുള്ള അവബോധവും രാഷ്ട്രീയ സ്ഥിതിഗതികളെപ്പറ്റിയുള്ള അറിവും വർദ്ധിപ്പിക്കുക.

4. പരിസ്ഥിതി സന്തുലിതാവസ്ഥയുടെ പരിപാലനവും പുനരധിവാസവും ഉറപ്പാക്കുക.

പരിസ്ഥിതി പ്രശ്നങ്ങൾ എന്ന വലിയ അർത്ഥത്തിൽ മാർ ഗ്രിഗോറിയോസിന് ഒരു പ്രത്യേക സമീപനമാണ് രാഷ്ട്രീയ, സാമ്പത്തിക, നീതി പ്രശ്നങ്ങളിൽ ഉള്ളത്. അതുകൊണ്ട് അദ്ദേഹമതിനെ ഒരു ആഗോള അടിസ്ഥാനത്തിലാണ് വീക്ഷിക്കുന്നത്.

പ്രഫസർ ലിൻ വൈറ്റിന്റെ, പരിസ്ഥിതിപ്രശ്നങ്ങളുടെ കാരണമായ ചരിത്രപരമായ വേരുകൾ, റേയ്ച്ചൽ കാർസണിന്റെ 'നിശബ്ദ വസന്തം', പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്തയുടെ മാനുഷിക സാന്നിദ്ധ്യം തുടങ്ങിയ പുസ്തകങ്ങൾ സൃഷ്ടിച്ച പരിസ്ഥിതി ജ്ഞാനം എന്നും വിലപ്പെട്ടതാണ്. (The historical roots of our ecological crisis, The silent spring, The human presence)

റോമിലെ ക്ലബിന്റെ വികാസത്തിന്റെ പരിധി എന്ന റിപ്പോർട്ട് മങ്ങിയ ഒരു ചിത്രം അവതരിപ്പിക്കുക വഴി വ്യവസായവൽക്കരിക്കപ്പെട്ട സാമ്പത്തിക ഭദ്രതയുള്ള രാജ്യങ്ങളുടെ ശ്രദ്ധയാകർഷിക്കുവാനാണ് ഉപകരിക്കപ്പെട്ടത്. എങ്കിലും ആ റിപ്പോർട്ട് കമ്പ്യൂട്ടറിലെ തെറ്റായ രീതി കൊണ്ടാണ് അങ്ങനെയായിത്തീർന്നതെന്ന അടിസ്ഥാനത്തിൽ ചോദ്യം ചെയ്യപ്പെടുകയുണ്ടായി.

സാങ്കേതികവിദ്യകളിലൂടെ പുതിയ വിഭവശേഖരം കണ്ടെത്താനാവുമെന്നും പുതിയ സാങ്കേതികരീതികളെ അവലംബിക്കാനാവുമെന്നും നിരൂപകർ വാദിക്കുകയുണ്ടായി. അങ്ങനെ ഉപയോഗശൂന്യമായ വസ്തുക്കളെ രൂപപ്പെടുത്തിയെടുക്കാമെന്നും അവർ സ്ഥാപിച്ചു. വളർച്ചയുടെ (വികാസത്തിന്റെ) പരിധികളെക്കുറിച്ചുള്ള ചർച്ചകൾ പരിസ്ഥിതി പ്രശ്നത്തിന്റെ ആഴത്തിലേക്ക് ഇറങ്ങുവാൻ സഹായിച്ചു. ലോകത്തിന്റെ ഭാവി സുസ്ഥിരതയ്ക്കും ഒരു പുതിയ കാഴ്ചപ്പാടിനും പുരോഗമന ലോകത്തിന്റെ വഴിത്തിരിവായും അത് പ്രവർത്തിച്ചു.

പരിസ്ഥിതി നശീകരണത്തിന്റെ വേരുകൾ ഊന്നിയിരിക്കുന്നത്, മനുഷ്യനിലും അവനെപ്പറ്റിയുള്ള മനുഷ്യന്റെ കാഴ്ചപ്പാടിലും സകല സൃഷ്ടികളും, അവ തമ്മിൽതമ്മിലുള്ള ബന്ധത്തിലുമാണ്. മറ്റു സൃഷ്ടിക്കപ്പെട്ടവയോടെല്ലാം മനുഷ്യനുള്ള കാഴ്ചപ്പാടും, ബന്ധവുമെന്ന അടിസ്ഥാന കാരണത്തെ നമുക്കിനി കണ്ടില്ലെന്ന് നടിക്കാനാവില്ല. ജീവനുള്ളവയുടെ മൂല്യം മനസിലാക്കുന്നതിനും അംഗീകരിക്കുന്നതിനും അവയുടെ സങ്കീർണ്ണമായ മൂല്യം എന്നത് നിഷേധിക്കപ്പെടുകയല്ല വേണ്ടത്. എന്നാൽ ചുറ്റുപാടുകളും പരിസ്ഥിതിയുമായുള്ള അവയുടെ ആശ്രയത്വത്തെ കണക്കിലെടുത്ത് അംഗീകരിക്കുകയാണ് വേണ്ടത്. സൃഷ്ടിയിലെ സത്യസന്ധമായ നമ്മുടെ ബഹുമാനം, എല്ലാ ജീവജാലങ്ങളും മനുഷ്യരും സൃഷ്ടിക്കപ്പെട്ട ലോകവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതിലാണ്.

പ്രകൃതിയുമായുള്ള മനുഷ്യന്റെ ഇന്നത്തെ ബന്ധത്തിലുള്ള പ്രശ്നം ഒരിയ്ക്കലും ചോദ്യം ചെയ്യപ്പെട്ടിട്ടില്ലാത്ത ചില അടിസ്ഥാന വിശ്വാസങ്ങൾ മൂലമാണ്. ആ വിശ്വാസങ്ങൾ ഇവയാണ്. സ്രഷ്ടാവാം ദൈവം തികച്ചും തർക്കാതീതമാണ്. മനുഷ്യൻ മറ്റു ജീവജാലങ്ങളിൽ നിന്നും വ്യത്യസ്തനാണ് എന്നതും ഇങ്ങനെ വ്യത്യസ്ഥനായിരിക്കുന്നത് പ്രകൃതിയിൽ നിന്നുള്ള ആത്മീയ സ്വാതന്ത്ര്യവും ഭൂമിയുടെ മേലുള്ള അവന്റെ ശാസ്ത്ര സാങ്കേതിക മേൽക്കോയ്മ മൂലവുമാണ്. അതുകാരണം പ്രകൃതിയുടെ ഉപയോഗത്തിന്റെ ഒരു പരിധിയും പരിഗണിക്കാതെ അതിനെ അവന്റെ സ്വന്തം ആവശ്യത്തിനുവേണ്ടി മാത്രം ആവുന്നത്ര ചൂഷണം ചെയ്തെടുക്കുക എന്നത് അവന്റെ ചോദ്യം ചെയ്യപ്പെടാത്ത അവകാശമാണെന്ന് ധരിച്ചു പോകുന്നു.

ബൈബിളിൽ പറഞ്ഞിരിക്കുന്നു, പ്രകൃതിയുടെ മേലുള്ള മനുഷ്യന്റെ അധികാരമെന്നത് അതിനെ ചൂഷണം ചെയ്ത് നശിപ്പിക്കുന്നതിലല്ല. മേൽക്കോയ്മ എന്ന വാക്ക് ഈ സന്ദർഭത്തിൽ അർത്ഥമാക്കുന്നത് മനുഷ്യന്റെ ചുമതലയും കടമയുമാണ്. മേൽക്കോയ്മ എന്നത് പ്രകൃതിയെ സേവിക്കുക അല്ലെങ്കിൽ പ്രകൃതിയിലെ ദൈവീകതയെ സ്നേഹിക്കുക എന്നതാണ്. ക്ലോസ് വെസ്റ്റർമാന്റെ കാഴ്ചപ്പാട് ഇത്തരുണത്തിൽ ഉദ്ദരണീയമാണ്. അദ്ദേഹം പറയുന്നത് ഇങ്ങനെയാണ്. പുരാതന ലോകത്തെ രാജാക്കന്മാരെ പോലെ മനുഷ്യനും ഐശ്വര്യത്തിന്റെയും സന്തോഷകരമായ ജീവിതത്തിന്റെയും ഇടയിലെ കണ്ണിയായിട്ട് നിന്നുകൊണ്ട് അവന്റെ ഈ മഹത്തായ ഉത്തരവാദിത്വം പ്രവർത്തിപഥത്തിൽ കൊണ്ടുവരേണ്ടതാണ്.

പ്രൊഫസർ ലിൻവൈറ്റിന്റെ ക്രിസ്തുമതത്തെപ്പറ്റിയുള്ള കുറ്റാരോപണത്തെ വെസ്ലി ഗ്രാൻബെർഗ്ഗ് മൈക്കൽസണിന്റെ സഹായത്തോടെ വെല്ലുവിളിക്കപ്പെട്ടു. പരിസ്ഥിതിയെപ്പറ്റി വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വൈറ്റ് വളച്ചൊടിച്ചാണ് വ്യാഖ്യാനിച്ചിരിക്കുന്നത്. ശാസ്ത്ര സാങ്കേതിക വിപ്ലവത്തിന് ക്രിസ്തുമതം വഴിയൊരുക്കി എന്ന അദ്ദേഹത്തിന്റെ വാദം ചോദ്യം ചെയ്യപ്പെടേണ്ടതാണ്.

ജൂതമതവിശ്വാസവുമായി ബന്ധപ്പെട്ട ശാസ്ത്രസാങ്കേതിക തലത്തിന്റെ അടിസ്ഥാനം സാധാരണ മായിതീർത്തുകൊണ്ട് ആധുനിക ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യകളുടെയും പാശ്ചാത്യ നേതൃത്വം പരിസ്ഥിതിയെ വിപുലമായി മാറ്റിമറിക്കുന്നതിന് മനുഷ്യന് അനുവാദം കൊടുത്തിരിക്കുകയാണ്. ഫ്രാൻസിസ് ബേക്കൺ, റെന ഡിസ്കോട്ടസ് തുടങ്ങിയവരുടെ ക്രിസ്തീയ പ്രബോധനങ്ങളുടെ അടിസ്ഥാനത്തിലുള്ള അവരുടെ ചെയ്തികളെ നീതീകരിക്കുകയും പ്രകൃതിയെ ഒരു അസംസ്കൃത വസ്തുവിനെപോലെ ചൂഷണം ചെയ്യുന്നതിന് തുടക്കം കുറിക്കുകയും ചെയ്തു. 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യം മുതൽ ബേക്കണിന്റെ സിദ്ധാന്തം സ്വീകാര്യമായി തുടങ്ങിയപ്പോൾ വളരെ പരക്കെ നിലനിന്നിരുന്ന ഒരു ആചാരം സാധാരണ ഒരു കാര്യം നടക്കുന്നതുപോലെയായി മാറി. പ്രകൃതിയുടെ മേലുള്ള ശാസ്ത്ര സാങ്കേതിക ശക്തി ജീവിതത്തിന്റെ നിയ മമായി മാറുകയും ചെയ്തു. യാന്ത്രികവും ലഘുകൃതവും ദ്രവ്യബന്ധിതവുമായ പാശ്ചാത്യ ആശയങ്ങൾ ഇപ്പോഴും ശാസ്ത്രീയ ചിന്തകളിൽ പ്രബലമാണ്.

ആധുനിക ശാസ്ത്രമെന്നത് ജ്ഞാനോദയത്തിൽ രൂപംകൊണ്ട ശിശുവോ അതുമല്ലെങ്കിൽ പൊതു വായ ഒരു ശിശുവിൽനിന്നും ജന്മമെടുത്ത സഹോദരിമാരോ ആവാം. ജ്ഞാനോദയവും വ്യവസായ വിപ്ലവവും പ്രകൃതിയെ അമിതമായി ചൂഷണം ചെയ്യുന്നതിന് കാരണങ്ങളായി മാറി. സ്വാഭാവിക വിഭവശേഖരങ്ങളായ ലോഹങ്ങൾ കൽക്കരി, മിനറൽസ്, എണ്ണ തുടങ്ങിയവയെ മനുഷ്യൻ ഉപയോഗിച്ച് തീർത്തുകൊണ്ടിരിക്കുക യാണ്. പകരം നൽകാൻ സാധിക്കാത്ത ഇവയെ പെട്ടെന്ന് ഉണ്ടാക്കുന്ന ലാഭത്തിനുവേണ്ടി, വ്യാവസായിക ഉത്പാദനത്തിനായി ചൂഷണം ചെയ്തു. സ്വന്തം ഐശ്വര്യത്തിനുവേണ്ടി മനുഷ്യൻ അവയെ നശിപ്പിക്കു കയും സ്വാഭാവികമായി ഉണ്ടായിരുന്ന പരിസ്ഥിതിയെ ആകെ താറുമാറാക്കുകയും ചെയ്തു.

മലിനീകരണം, ഭക്ഷ്യവസ്തുക്കളുടെ കുറവ്, പകരം വയ്ക്കാനാവാത്ത വിഭവനഷ്ടം, ആഗോളകാലാ വസ്ഥാ വ്യതിയാനം, ഓസോൺ പടലത്തിലെ വിള്ളലുകൾ, ആസിഡുകളുടെ സാന്നിദ്ധ്യം എന്നിങ്ങനെ യുള്ള പരിസ്ഥിതിപ്രശ്നങ്ങൾ മനുഷ്യന്റെ നിലനില്പിനു ഭീഷണിയായി മാറിയിരിക്കുകയാണ്. ഇന്നത്തെ വ്യാവസായിക സാമൂഹ്യ സാമ്പത്തിക വികസനവും ശാസ്ത്ര സാങ്കേതിക മേഖലകളും വളരെ താമസി യാതെ അപകടകാരികളാണെന്ന് നമുക്ക് ബോദ്ധ്യമാകും.

മേൽ വിവരിച്ച സങ്കീർണ്ണമായ സാഹചര്യത്തിൽ പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ യുടെ പരിസ്ഥിതിയോടുള്ള സമീപനം മറ്റുള്ളവരുടേതിൽനിന്നും തികച്ചും വിഭിന്നമാണ്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം പരിസ്ഥിതിപ്രശ്നം എന്നത് വായുവിന്റേയോ ജലത്തിന്റെയോ വനങ്ങളുടെയോ മലിനീകരണത്തിലോ നശീകരണത്തിലോ മാത്രമായിട്ട് കേവലം ഒതുങ്ങി നിൽക്കുന്നില്ല. പരിസ്ഥിതിയുടെ അതിർത്തി വരമ്പുകൾ വളരെ അകലെയാണ്. അവയുടെ പ്രശ്നപരിഹാരങ്ങൾ സാങ്കേതിക തലങ്ങൾക്കും അപ്പുറമാണ്. ഈ സന്ദർഭത്തിൽ പരിസ്ഥിതി സമീപനത്തിന്റെ ശക്തി മനസ്സിലാക്കുവാൻ (ആഴം മനസ്സിലാ ക്കുവാൻ) ഒഴിച്ചുകൂടാൻ പറ്റാത്ത മാർ ഗ്രീഗോറിയോസിന്റെ ദൈവശാസ്ത്രപരവും തത്വശാസ്ത്രപരവു മായ അടിസ്ഥാനം സഹായകമാണ്.

അദ്ദേഹം പാശ്ചാത്യചിന്തകളെ ശരിക്കും മനസ്സിലാക്കുകയും സെന്റ് അഗസ്റ്റിന്റെ ആശയങ്ങളെ വിശദമായിട്ട് വിമർശിക്കുകയും ഒരു മുന്നറിയിപ്പ് നൽകുകയും ചെയ്തു. ഭൗതികവസ്തുക്കളോടും മനുഷ്യ നോടുമുള്ള അഗസ്റ്റിന്റെ താഴ്ന്ന കാഴ്ചപ്പാടും സ്വാതന്ത്ര്യത്തിന്റെയും മാന്യതയുടെയും നിഷേധവും തുടങ്ങിയ ആശയങ്ങളെ തെറ്റാണെന്ന് മനസ്സിലാക്കുന്നതു വരെ പാശ്ചാത്യ ദൈവശാസ്ത്രത്തിനു പുനരാവിഷ്കരണം സാദ്ധ്യമല്ലെന്നതായിരുന്നു ആ മുന്നറിയിപ്പ്. സെന്റ് അഗസ്റ്റിന്റെ കാഴ്ചപ്പാടുകളോടുള്ള അദ്ദേഹത്തിന്റെ എതിരഭിപ്രായങ്ങൾ അദ്ദേഹത്തെ ഉദാരവത്കരിച്ച ദൈവശാസ്ത്രത്തിലേക്ക് നയിച്ചില്ല. നിസായിലെ വിശുദ്ധ ഗ്രിഗറിയുടെ ആശയങ്ങളെ മാർ ഗ്രിഗോറിയോസ് പിന്താങ്ങുന്നുണ്ട്. ചരിത്രപരമായ പാശ്ചാത്യ സമീപന ത്തിന് ഒരു പകരമെന്ന നിലയിലാണ് ഇത്.

ദൈവം, മനുഷ്യൻ, ലോകം എന്നിവ തമ്മിലുള്ള ബന്ധങ്ങളിൽ അദ്ദേഹത്തിന്റെ ധാരണ അടിസ്ഥാനമാ ക്കിയിരിക്കുന്നത്, Diastema, discontinuity, metousiacontinuity എന്നതിലാണ്. Diastema അല്ലെങ്കിൽ സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള വിടവ് വ്യക്തവും സൃഷ്ടിസ്വഭാവംകൊണ്ട് മനുഷ്യൻ സ്ഥലകാല വി പുലീകരണത്തിന് വിധേയപ്പെട്ടുമിരിക്കുന്നു. അതുകൊണ്ട് സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ലോകത്തിന്റെ പ്രത്യേ കതയാണ് തുടർച്ചയില്ലായ്മയെന്നാൽ സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള പങ്കാളിത്തത്തിൽ തുടർച്ച അനുഭവവേദ്യമാകുന്നു. ദൈവവുമായുള്ള പങ്കാളിത്തമാണ് മനുഷ്യനിലെ ഉൺമയുടെ അടിത്തറ. ഓരോ മനുഷ്യനുമുള്ള (അനുഭവിക്കുന്ന) മനസ്സിന്റെ സ്വാതന്ത്ര്യത്തിന്റെ നിലയിലാണ് പങ്കാളിത്തത്തിന്റെ പ്രാധാന്യം മനസിലാക്കുന്നത്. ദൈവത്തിന്റെ പ്രതിബിംബമെന്ന് പറയുന്നത് ദൈവത്തിന്റെ പ്രത്യേക സ്വഭാവ വിഷയ ങ്ങളിലൊക്കെ പങ്കാളിയാവുക എന്നതാണ്. അതായത് എല്ലാ നന്മകളുടേയും മൂർത്തീഭാവവും സൗന്ദര്യവും സകല സ്നേഹവും ജ്ഞാനവും സകല ശക്തിയും ചേർന്ന ജീവിത ഔന്നത്യം. സകല സൃഷ്ടിയും ദൈവ

ത്തിന്റെ ഇപ്രകാരമുള്ള വെളിപ്പെടുത്തലാണ്. എന്നാൽ മനുഷ്യസൃഷ്ടി ഒഴികെ മറ്റു സൃഷ്ടികൾ ദൈവത്തോട് നാമമാത്രമായെ പ്രതികരിച്ചിരുന്നുള്ളു.

ആ സ്വാതന്ത്ര്യത്തിന്റെ ഒരു ഭാഗമാണ് ആരാധന. നാം അടിമത്തത്തിൽ നിന്നും വിടുതൽ നേടി സ്വാതന്ത്ര്യത്തിൽ എത്തണമെന്നാണ് ദൈവത്തിന്റെ നിശ്ചയം. ആ സ്വാതന്ത്ര്യം പരസ്പരം സ്നേഹത്തിലും അതിനോടുള്ള കടപ്പാടിലുമാണ്.

സ്വന്തം ജീവിതത്തിൽ ഭാരതീയ പാരമ്പര്യം ഒരു മുഖ്യഘടകമായിട്ട് മാർ ഗ്രീഗോറിയോസ് അംഗീകരിക്കുന്നു. ഭാരതീയ തത്വത്തിനുവേണ്ടിയുള്ള(ഭാരതീയമായ വ്യക്തിത്വത്തിനുവേണ്ടിയുള്ള) അദ്ദേഹത്തിന്റെ അന്വേഷണങ്ങളിൽ സോക്രട്ടീസ് പാരമ്പര്യത്തിലെ സത്യമെന്നതിനെ അദ്ദേഹം ചോദ്യം ചെയ്തു. ഭാരത തത്വശാസ്ത്രപാരമ്പര്യത്തിൽ അദ്ദേഹം ബുദ്ധമതത്തിന്റെ Epistamology ക്ക് വില കൽപ്പിക്കുന്നുമുണ്ട്. മനുഷ്യരുടെ അടിസ്ഥാനപരമായ പ്രശ്നം ദുഃഖമാണെന്ന് ബുദ്ധമതം പഠിപ്പിക്കുന്നു. അതിനെ ക്ലേശകരമായ ജീവിതം എന്നല്ല മനസ്സിനു പിരിമുറുക്കമുള്ള ജീവിതമെന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഭാരത പാരമ്പര്യത്തിനും ഐക്യത്തിനും വേണ്ടിയുള്ള അദ്ദേഹത്തിന്റെ അഭിവാഞ്ജ സമൂഹത്തോടുള്ള സമീപനത്തിലെ ഒരു മാനസ്സിക പിരിമുറുക്കം തന്നെയാണ്.

ചില പ്രത്യേകമായതും യോഗ്യവുമായ കാരണങ്ങളോടെ തന്നെ മാർ ഗ്രീഗോറിയോസ് മാർക്സിന്റെ തത്വചിന്തയുടെ ഒരു വശത്തെ അംഗീകരിക്കുന്നു. ഭൗതിക വസ്തു ഊർജ്ജ സങ്കലനം ഒരു ഏക സത്യമാണ്. അതിൽനിന്നുമാണ് മറ്റെല്ലാ സത്യാവസ്ഥകളും ഉണ്ടായിട്ടുള്ളത്. ഭൗതികവും ഊർജ്ജവും അതേ സത്യാവസ്ഥകളുടെ പ്രതീകങ്ങളാണ്. മാർക്സ് അതിനെ മാറ്റം എന്നും പൗരസ്ത്യ ക്രിസ്ത്യാനികൾ അതിനെ ദൈവത്തിന്റെ ക്രിയാത്മകമായ ഊർജ്ജമെന്നും വിളിക്കുന്നു. ഭൗതിക ഊർജ്ജപ്രക്രിയയുടെ പരിണിത ഫലം മാത്രമാണ് മാനവരാശിയെന്ന മാർക്സിൻ ചിന്തയോട് അദ്ദേഹം വിയോജിക്കുന്നു.

ആധുനിക ശാസ്ത്രത്തിന്റെ ബലഹീനതകളിലേക്ക് മാർ ഗ്രീഗോറിയോസ് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. ആധുനിക ശാസ്ത്രത്തിന് താഴെ പറയുന്ന ന്യൂനതകൾ ഉണ്ടെന്ന് മാർ ഗ്രീഗോറിയോസ് കണ്ടെത്തുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റേതായ അളക്കാനാകാത്ത ഊർജ്ജം വസ്തുക്കളിലും ഭൗതിക പ്രകിയകളിലുള്ള ഊർജ്ജവും രാസ ജീവശാസ്ത്ര പ്രക്രിയകളിലുള്ള ഊർജ്ജവും എല്ലാ കലകളിലും സംസ്ക്കാരങ്ങളിലും മതങ്ങളിലും ഉള്ള ഊർജ്ജവും ദൈവീകരണത്തിന് അത്യാവശ്യമാണെന്ന് അദ്ദേഹം പ്രോത്സാഹിപ്പിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ചിന്തയിൽ ക്രിസ്തുവിലൂടെ മനുഷ്യൻ വളർന്ന പാതയുടെ ഒരു ഭാഗമായിട്ടാണ് ശാസ്ത്രസാങ്കേതിക കലകളെ നിയന്ത്രിക്കേണ്ടത്. അതുകൊണ്ട് വിശ്വാസത്തിനും ശാസ്ത്രത്തിനും തത്വശാസ്ത്രത്തിനും തമ്മിലുള്ള പരസ്പര പങ്കാളിത്തത്തെ മാനവരാശി പാശ്ചാത്യ ശാസ്ത്രത്തിനും തത്വശാസ്ത്രത്തിനും അതീതമായി ഉയരണമെന്ന ആശയത്തെ അദ്ദേഹം വരച്ചുകാണിക്കുന്നു.

നാം ഉൾപ്പെടുന്ന ആഗോള പരിസ്ഥിതി പ്രശ്നം ഒരു കേവല പരിസ്ഥിതി സംബന്ധം എന്നതിനേക്കാൾ ഉപരിയാണെന്ന് മാർ ഗ്രീഗോറിയോസ് കാണുന്നു. ഒരു പുതിയ യുഗത്തിലേക്കു പിറക്കാനുള്ള തീവ്രമായ യത്നത്തിന്റെ ആകെത്തുകയാണെന്നതാണ് യാഥാർത്ഥ്യം.

പ്രകൃതി എന്ന വാക്കിന്റെ ആഴമായ പൊതു അർത്ഥത്തിൽ മനുഷ്യനെ ഉൾപ്പെടുത്തിയിട്ടുള്ളതാണെങ്കിലും അല്ലെങ്കിലും അത് തെറ്റുദ്ധാരണകൾ ഉണ്ടാക്കുന്നതാണ്. ചലനാത്മകമായ ഒരു സൃഷ്ടി സ്ഥിതിയെ മാത്രമെ ക്രിസ്ത്യാനികൾക്കറിയാവു എന്ന് അദ്ദേഹം പറയുന്നു. ആ സ്ഥിതിവിശേഷം തുടക്കവും ഉന്നതവും പോലെതന്നെ ആരംഭം മുതൽ ഉദ്ദേശസാഫല്യം വരെയാണ്. സൃഷ്ടിക്കപ്പെട്ട സകലതും അവയുടെ അവസ്ഥയിൽ സ്ഥിതിചെയ്യുന്നതും ചലിക്കുന്നതും ദൈവേഷ്ടം കൊണ്ടും അപാരമായ സ്ഥാനത്തിൽ വചനംകൊണ്ടുമാണ്. ശക്തികളില്ലെങ്കിൽ അവയൊന്നുമല്ല. സൃഷ്ടിക്കപ്പെട്ടവയെല്ലാം ദൈവത്തിന്റെ ക്രിയാത്മകമായ ഊർജ്ജത്തിൽ പങ്കെടുക്കുകയും അങ്ങനെ അവയുടെതന്നെ പൂർത്തീകരണത്തിന് കാരണമാവുകയും ചെയ്യുന്നു. സമ്പൂർണ്ണ സമീപനം വീണ്ടും വിവരിക്കപ്പെടുന്നത് കൂദാശകളുമായുള്ള ബന്ധത്തിലാണ്. കൂദാശാപരമായ കാഴ്ചപ്പാട് ആധികാരികമായ ഒരു പൈതൃകവിജ്ഞാന കാഴ്ചപ്പാടാണ്. മനുഷ്യൻ മൂലമുള്ള മനുഷ്യന്റെ രൂപാന്തരവും പദാർത്ഥത്തിന്റെ (വസ്തുക്കളുടെ) രൂപാന്തരവും കൂദാശാബന്ധിയായ കാഴ്ചപ്പാടിന്റെയും പ്രക്രിയയുടെയും പ്രത്യേകതയാണ്. സ്വർഗ്ഗീയ ഊർജ്ജത്തിന്റെ വാഹകമാണ് ദ്രവ്യം അഥവാ വസ്തുക്കൾ. കൂദാശയിലൂടെ പദാർത്ഥത്തിന്റെ ഗുണമേന്മ പ്രപഞ്ചത്തിന്റെ സകല തരത്തിലുള്ള ജീവിതത്തിലേക്ക് പ്രവഹിക്കുന്നു. അതാണ് ദൈവരാജ്യത്തിന്റെ പൂർത്തീകരണം. കൂദാശാധിഷ്ഠിത ചിന്തയിൽ രണ്ടു കാര്യങ്ങളാണ് സംരക്ഷിക്കപ്പെടുന്നത്. 1. ജീവജാലങ്ങളിലുള്ള സങ്കീർണ്ണമായ മൂല്യം. 2. സകല ജീവജാലങ്ങൾ തമ്മിലുള്ള പരസ്പരമുള്ള അഭേദ്യമായ ബന്ധം.

സൃഷ്ടിക്കപ്പെട്ട സകലതിന്റെയും ഇടയിൽ (മദ്ധ്യ) മാനവരാശിക്ക് അദ്ദേഹം തികച്ചും വ്യത്യസ്തമായ ഒരു സ്ഥാനമാണ് നൽകിയിരിക്കുന്നത്. സൃഷ്ടിക്കും സ്രഷ്ടാവിനും ഇടയ്ക്കുള്ള ഒരു കണ്ണി അഥവാ ഇട

നിലക്കാരനാണ് മനുഷ്യൻ. മനുഷ്യൻ സൃഷ്ടിയിന്മേലുള്ള ദൈവ സാന്നിദ്ധ്യം ദർശിക്കുകയും, ദൈവാവ താരം സ്നേഹമായി പരിലസിക്കുന്നതും സൃഷ്ടിയുടെ പുരോഹിതനായിട്ട് ദൈവ മുമ്പാകെ നിൽക്കു കയും, നന്ദിയോടെ ബലിയിലൂടെ ദൈവത്തെ ആരാധിക്കുകയും ചെയ്യുന്നു.

സൃഷ്ടിക്കപ്പെട്ട ലോകത്തിൽ

മനുഷ്യരാശിയുടെ സ്ഥാനത്തിന്റെ പ്രാധാന്യം എടുത്തു കാണിക്കുന്നത്, മനുഷ്യരാശിയും പ്രകൃതിയും ഒന്നിച്ച് ദൈവത്തിന്റെ പങ്കാളികളാകുന്നതിലൂടെയാണ്. പ്രപഞ്ചം അതിന്റെ പൂർണ്ണമായ പ്രത്യേകതകളെ പ്രദർശിപ്പിക്കുന്നത്, മനുഷ്യരാശിയിലൂടെ മാത്രമാണ്. അതുകൊണ്ട് മനുഷ്യരാശിയെ ദർശിക്കുന്നതിലൂടെ മാത്രമെ പ്രപഞ്ചമെന്നത് പൂർത്തിയാക്കപ്പെടുന്നുള്ളു. മനുഷ്യനോ, പദാർത്ഥമോ അങ്ങനെ ദൈവത്തിന് വെളിയിലുള്ളവയല്ല. മനുഷ്യനേയും സമൂഹത്തെയും പറ്റിയുള്ള അദ്ദേഹത്തിന്റെ കാഴ്ച്ചപ്പാട് അവ രണ്ടും അസാധാരണമായ ആദരത്തിനു പാത്രമാകാതെ പരസ്പരം സന്തുലനം നിർവ്വഹിക്കുന്നു എന്നതാണ് ഉന്ന ത നിലവാരമുള്ള ഒരു പുതിയ മാനവരാശിയുടെ ഉത്ഭവത്തിനുവേണ്ടി ഉന്നംവച്ചുകൊണ്ടുള്ള ഒരു സാമൂഹ്യ വ്യാപ്തിയിലേക്കാണ് അദ്ദേഹത്തിന്റെ പരിസ്ഥിതി സമീപനം. മാർ ഗ്രീഗോറിയോസിന്റെ അഭിപ്രായത്തിൽ സമൂഹത്തിന്റെ വിപുലമായ ചട്ടക്കൂട് വ്യക്തിത്വത്തെ ബാധിക്കും. എത്ര ചെറുതായ രീതിയിൽ സ്നേഹവും സ്വാതന്ത്ര്യവും സങ്കലനം ചെയ്യപ്പെടുന്നുവോ അതിന്റെ ലക്ഷക്കണക്കിന് മടങ്ങായിട്ടാണ് ഒരു പുതിയ മാന വരാശിയെ വാർത്തെടുക്കുവാൻ കഴിയുന്നത്. അത് ബലമുള്ള ഒരു പരിസ്ഥിതി തത്വത്തിന്റെ അടിസ്ഥാ നമാണ്.

അദ്ദേഹം അങ്ങനെയുള്ള സമൂഹത്തിന് രണ്ട് നൽവരങ്ങളുള്ളതായിട്ടാണ് കാണുന്നത്. പാപത്തിൽ നിന്നുള്ള വിടുതലും നിയമങ്ങളോടുള്ള അനാസ്ഥയും മരണത്തെപ്പറ്റിയുള്ള ഭയത്തിൽ നിന്നും വിടുതൽ നേടിയതാണ്. ദൈവത്തിന്റെ ഉന്നതപദവിയുടെ ആവിഷ്കരണമായിട്ട് സ്നേഹത്തിലും അധികാരത്തോടും ജ്ഞാനത്തോടുംകൂടി ചേർന്ന ഒരു മാതൃകാ ജീവിതം നയിക്കുന്നതിനും സ്വാതന്ത്ര്യമുണ്ട്. ആ സന്ദേശ മാണ് മാനവരാശിക്ക് ക്രിസ്തു തന്നിരിക്കുന്നത്. ക്രിസ്തുവിനെ അറിയുകയും ബോധപൂർവ്വം ക്രിസ്തു എന്ന സ്വർഗ്ഗീയ ദാനത്തെ സ്വന്തം ജീവനിൽ അറിയുകയും ചെയ്യുന്ന ഒരു സമൂഹമാണ് സഭ. ആ സമൂഹം ആകമാനം മനുഷ്യസമൂഹത്തിൽ ഉൾക്കൊള്ളുന്നതുമാണ്.

സമാധാനത്തിന്റേയും നീതിയുടേയും അടിസ്ഥാനത്തിലുള്ള സമൂഹങ്ങൾ തമ്മിലുള്ള നല്ല പരസ്പര ബന്ധത്തിന്റെ ആഗോള കാഴ്ചപ്പാടിന്റെ ഒരു വികാസമാണ് മാർ ഗ്രീഗോറിയോസിന്റെ പരിസ്ഥിതി സമീപ നം. അതിന്റെ ആശയ ചക്രവാളങ്ങൾ സൃഷ്ടിയിലെ സമാധാനവും നീതിയും ഐക്യവും ആഗോളതലത്തി ലുള്ളതാണെന്നും അതുകൊണ്ട് ദേശീയ അന്തർദേശീയ തലങ്ങളിൽ അവയെ ഒരുപോലെ ഒരേസമയം പരിഗണിക്കപ്പെടണമെന്നും അദ്ദേഹം സമർത്ഥിക്കുന്നു.

സമ്പന്ന രാഷ്ട്രങ്ങൾ, അവികസിത രാഷ്ട്രങ്ങൾക്കും മൂന്നാംകിട രാഷ്ട്രങ്ങൾക്കും നൽകുന്ന വായ്പ കളെപ്പറ്റി അദ്ദേഹം ആഴത്തിൽ പഠിക്കുകയും ആശയപരമായിട്ട് അവയെ വിമർശിക്കുകയും ചെയ്യുന്നു. ആ ചിന്താഗതിയുടെ അടിസ്ഥാനത്തിൽ അന്തർദേശീയ ധനതത്വരീതി പുനരാവിഷ്കരിക്കപ്പെടണമെന്ന് അദ്ദേഹം ശക്തമായി ആവശ്യപ്പെടുന്നു. നീതിയുമായി ബന്ധപ്പെട്ട രാഷ്ട്രീയപ്രശ്നങ്ങളോടുള്ള അദ്ദേഹത്തിന്റെ സമീ പനം അടിസ്ഥാനമാക്കിയിരിക്കുന്നത് മാനവികതയും അന്തർദേശീയ നീതിയും ന്യായമായും ലഭിക്കേണ്ട മാനുഷിക താത്പര്യങ്ങളിലാണ്.

നീതി എന്നതിന് അദ്ദേഹം ഒരു പുതിയ അർത്ഥം നൽകുന്നുണ്ട്. അത് കേവലം ധനത്തിന്റെ ന്യായമായ വിതരണവും അധികാരത്തിന്റെ മാന്യമായ പങ്കാളിത്തമോ അല്ല. നീതി എന്നത് അടിസ്ഥാനപരമായിട്ട് സന്മാർഗ്ഗ തത്വങ്ങളുടെ സത്യാവസ്ഥയാണ്. അധികാരവും വിഭവങ്ങളും വിതരണം ചെയ്യുന്നതിനേക്കാൾ ഉപരിയായ ഒരു ദൗത്യം ഉത്തരവാദിത്വമുള്ള മനുഷ്യബന്ധങ്ങളിലുണ്ടെന്ന് മാർ ഗ്രീഗോറിയോസ് ശക്ത മായി പ്രഖ്യാപിക്കുന്നു.

നീതിയോട് പ്രതിബദ്ധതയുള്ള സന്മാർഗ്ഗിക ജീവിതരീതിയോടു കൂടി ഒരു രാഷ്ട്രീയ സാമ്പത്തിക സാമൂഹിക സാംസ്കാരിക രീതിയെ അവലംബിക്കണമെന്ന് അദ്ദേഹം ഊന്നിപ്പറയുന്നു. സമാധാനത്തിനും ഐക്യത്തിനും ആഗോളപരിസ്ഥിതിതലത്തിൽ സുവ്യക്തവും സുഗ്രാഹ്യവുമായ സ്ഥാനമുണ്ടെന്ന് സമർത്ഥി ക്കുന്നു.

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത വളരെ വ്യക്തമായിത്തന്നെ കാണുന്നത് പൗരസ്ത്യ പൈതൃകവിജ്ഞാന അടിസ്ഥാനവും സത്യത്തെ അറിയാനുള്ള തത്വവുമാണ്. അദ്ദേഹം യഥാർത്ഥ

മായിട്ട് ആഗ്രഹിക്കുന്നത് ശാസ്ത്രത്തെ സമാധാനപരമായ കാര്യങ്ങൾക്ക് ഉപയുക്തമാക്കണമെന്നാണ്. കൂടാതെ മാനവരാശിയെ ദൈവത്തിനും പ്രകൃതിക്കുമിടയിലെ കണ്ണിയായിട്ട് കാണണമെന്നും അനുശാസിക്കുന്നു. വിവിധ സമൂഹങ്ങളിൽ ജീവിത നിലവാരം ഉയരണമെന്ന് അദ്ദേഹം ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. ഇതിനെല്ലാം ആഗോളതലത്തിൽ സുതാര്യമായതും ചലനാത്മകവുമായ ബന്ധങ്ങൾ വേണമെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. ഇതാണ് പരിസ്ഥിതി പ്രശ്നങ്ങളോടുള്ള മാർ ഗ്രിഗോറിയോസിന്റെ വ്യക്തമായ സമീപനം.